
പുസ്തകം 9 ലക്കം 10
സപ്തംബർ 2019
വില 15 രൂപ

പുതുതലമുറയ്ക്കായ്

# ഏകത്തത്വ

മാസിക

Eka Thathwa



## തിന്മതൻ തീരത്ത്...
## നന്മയ്ക്കായ് നിലകൊള്ളാം...

## ഭാരതീയ വിചാരകേന്ദ്രത്തിന്റെ
# സംസ്ഥാനതല കഥാപുരസ്കാരം ശ്രീ. ഉണ്ണി വിശ്വനാഥിന്



2018 ചിങ്ങം 1 മലയാള ദിനാഘോഷത്തോടനുബന്ധിച്ച് ‘എന്റെ മലയാളം’ എന്ന വിഷയത്തിൽ ഭാരതീയ വിചാരകേന്ദ്രം നടത്തിയ സംസ്ഥാനതല കഥാരചനാമത്സരത്തിൽ ശ്രീ. ഉണ്ണി വിശ്വനാഥിന്റെ കഥ ‘മലയാളം മാധവന്’ പുരസ്കാരം ലഭിച്ചു. കേന്ദ്ര സർവകലാശാല പ്രൊവൈസ് ചാൻസലർ ഡോ. കെ. ജയപ്രസാദ് സാറിൽ നിന്നും 13-07-2019 ന് കാലിക്കറ്റ് സർവ്വകലാശാല ഓഡിറ്റോറിയത്തിൽ വെച്ച് ശ്രീ. ഉണ്ണി വിശ്വനാഥ് പുരസ്കാരം ഏറ്റുവാങ്ങി.


# ജോബ് ടൈപ്പിങ്ങ്, ഡിസൈനിങ്ങ്, പ്രിന്റിങ്ങ് ആന്റ് പബ്ലിഷിങ്ങ്

@

## ഏക തത്ത്വ

**Eka Thathwa, A 9 New Civil Nagar, Palakkad 678001**

കേരളത്തിനകത്തും പുറത്തും ഉള്ള എഴുത്തുകാർ തങ്ങളുടെ കൃതികൾ സ്കാൻ ചെയ്തതോ എഴുതിയതോ ആയവ ഏക തത്ത്വയിലേയ്ക്ക് അയക്കുക. ടൈപ്പ് ചെയ്ത് പ്രൂഫ് റീഡ് ചെയ്ത് ഹാർഡ് കോപ്പിയായും സോഫ്റ്റ് കോപ്പിയായും കാലതാമസം കൂടാതെ അയച്ചുതരുന്നതാണ്. കൂടാതെ നിങ്ങളുടെ കൃതികളെ പുസ്തകരൂപത്തിലാക്കി ഡിസൈൻ ചെയ്യാനും പ്രസിദ്ധീകരിക്കാനും സമീപിക്കുക.

9446443321 എന്ന നമ്പറിലേക്ക് വിളിക്കുക, വാട്സ്ആപ്പ് ചെയ്യുക. ഇ-മെയിൽ ചെയ്യുക.

Email id - etmuraliet@gmail.com


## ഏകതത്ത്വയുടെ പുസ്തകങ്ങൾ

**2019 September**

**New Release**

പ്രളയത്തെത്തുടർന്ന് പ്രകാശന ചടങ്ങ് വേണ്ടെന്നുവെച്ച് **‘തളിർ കുളിർ’**ന്റെ വിറ്റുവരവ് പൂർണ്ണമായും ദുരിതാശ്വാസ നിധിയിലേക്ക് എന്ന് പ്രഖ്യാപിച്ച് ശ്രീ. പ്രമോദ് മഞ്ചേരി മാതൃകയായി.





***വാങ്ങുക, വായിക്കുക***

### ‘തളിർ കുളിർ’

(കഥാസമാഹാരം)

***പേജ് 100, വില - 100 രൂപ***
***പ്രസാധകർ - ഏക തത്ത്വ***
***കോപ്പികൾക്ക് - 9446443321***

## പുസ്തക പരിചയം




**നൊമ്പരത്തിപ്പൂവ്**
(കവിതകൾ)
**അലക്സാണ്ടർ മുട്ടത്തുപാടം**
**9447868255**
വില - 110 രൂപ
പേജ് - 104
പ്രസാധകർ -
വിൻകോ ബുക്സ്, കോട്ടയം

ഒരു പുരുഷായുസ്സ് പകർന്നുനല്കിയ അറിവുകളും അനുഭവങ്ങളും തിരിച്ചറിവുകളും ഓർമ്മകളും കാച്ചിക്കുറുക്കിയെടുത്ത ഒരു കവിതാസമാഹാരം.

₹ 15

# ഏക തത്ത്വ

മാസിക

പുസ്തകം ൯ ലക്കം ൧൦

സപ്തംബർ ൨൦൧൯

visit: ekathathwa.blogspot.in

**ചീഫ് എഡിറ്റർ**

ഇ. ടി. മുരളീധരൻ

Mob : 9446443321, 9387118131

Email : muraliet@yahoo.co.in

etmuraliet@gmail.com

Facebook ID : Et murali

**മാനേജിംഗ് എഡിറ്റർ**

ബിന്ദു . കെ

**കവർചിത്രം**

ഉല്ലാസ് ഗോവർദ്ധൻ ആർ

**മരണക്കിടക്കയിൽവെച്ചല്ല യുവത്വത്തിലേ തിരിച്ചറിയുക**

"അറിവിനായ് ജനിച്ചു,
അത് അറിയാതെ അലഞ്ഞു,
വിശപ്പു കൊണ്ട് തളർന്നു,
കാശിനായ് അലഞ്ഞു,
വഴി മാറി മാറി നടന്നു.
നേടിയതോ.... അറിവുമാത്രം."

അഭിപ്രായങ്ങളും രചനകളും അയക്കേണ്ട വിലാസം

**Eka Thathwa, Post Box No. 70**
**Palakkad 678 001**

വരിസംഖ്യ
പോസ്റ്റൽ മണിയോർഡറായി അയക്കേണ്ട
വിലാസം :

E.T Muralidharan
Eka Thathwa
A-9, New Civil Nagar, Behind Civil
Station, Palakkad 678001.

Donations and all other payment towards EkaThathwa Should also be made through Bank account Our Bank a/c details: M/s Ekathathwa Current Account Number:33077202787, IFS Code: SBIN 0004925, SBI Civil Station Branch, Palakkad 678 001

You can also use KSFE Palakkad Branch II, Sugama A/c No.3337

**ekathathwa@yahoo.com**

**Website: www.ekathathwa.com**

## ഉള്ളടക്കം

ഏക തത്ത്വ

**ലേഖനം**
7 - വസുധൈവ കുടുംബകം - എം. എം. മേനോൻ
8 - ഓണം വരുന്നു - പ്രവീൺ പുള്ളോട്
9 - സമർപ്പണം - പ്രൊഫ. ശശികുമാർ
10 - ഭാരതീയം - പ്രൊഫ. വി. കെ. എം. നായർ
25 - കപർദ്ദം - ജോക്സി ജോസഫ്
41 - കലയും സംസ്കാരവും ഒരുമിക്കുന്ന ഓണം - മായ ബാലകൃഷ്ണൻ

**കഥ**
30 - ദൂത് ടു വരുൺ ഫോർ മഴ - ജനാർദ്ദനൻ വണ്ടാഴി
31 - രാക്ഷസൻ - ടി. കെ. ഉണ്ണികൃഷ്ണൻ
32 - നന്ദയുടെ യാത്ര - പ്രേമ ആർ
36 - ഊരുജീവിതങ്ങൾ - സുഗുണ സന്തോഷ്
40 - മത്സ്യകന്യക - വിനോദ് ചെത്തല്ലൂർ
43 - തെക്കീട്ടിൽ കഥകൾ - സുരേഷ് തെക്കീട്ടിൽ

**കവിത**
9 - അനാത്മൻ - ജലജ പ്രസാദ്
14 - കൈമാറ്റം - ദിലീപൻ
15 - പശ്ചിമഘട്ടത്തോട് - ദീപ സന്തോഷ്
18 - ഇന്നലെ - ജയശ്രീ രാജേഷ്
19 - ഞാനില്ലേയ് - സുധീർ സുലൈമാൻ
20 - അകലെ നിന്നും അടുത്തേക്ക് വരുന്നൊരു വിളി - ജയപ്രകാശ് എറവ്
26 - സിരാനിനവുകൾ - എം. കെ. ശശിധരൻ
28 - പെരുവഴിയമ്പലം - സ്നേഹ ഉണ്ണി
29 - ബാക്കി - രാജീവ് മാമ്പുള്ളി
31 - മൗനം - ബിതാ ദാസ്
40 - കാലം - ഹരി കെ. പുരക്കൽ
40 - കരച്ചിൽ - ഉണ്ണിക്കൃഷ്ണൻ ചാഴിയോട്
41 - ആരുപറഞ്ഞാലും - വിനയചന്ദ്രൻ പുലാപ്പറ്റ
41 - അമ്മ ഇന്നലേയും ഇന്നും - അബ്ദുറബ്ബ് പറളി
43 - അഭയാർത്ഥി - സൂര്യ
43 - ഏക തത്വത്തിന്റെ മുരളീരവം - അലക്സാണ്ടർ മുട്ടത്തുപാടം

**പാചകം**
10 - എരിശ്ശേരി - ജയ ചന്ദ്രൻ

**ഓർമ്മച്ചിത്രങ്ങൾ**
13 - മിന്നും മിന്നിത്തിളങ്ങും - മുക്കം ഭാസി

**സ്മരണ**
14 - ഓർമ്മയിൽ ഓണം - മനോഹരി സി. ബി.
42 - ഓണസ്മരണ - ജയൻ പുതുമന

**ആരോഗ്യം**
17 - ജീവിതശൈലീ രോഗങ്ങൾ - ഡോ. സുനീത് മാത്യു
39 - ഹോമിയോ മരുന്നിലൂടെ സുഖപ്പെടുത്താവുന്ന രോഗങ്ങൾ - ഡോ. സി. രാമകൃഷ്ണൻ

**ഗായകരത്നങ്ങൾ**
22 - മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ - ടി. വി. നാരായണൻകുട്ടി

**അനുഭവം**
21 - അർത്ഥം തേടി - ഈശ്വർകുമാർ തരവത്ത്

**വിജ്ഞാനച്ചെപ്പ്**
26 - സകല കലാശാലകളും ബിരുദ പഠനവും - ഡോ. ഒ. സി. പ്രമോദ്

**പൊതുവിജ്ഞാനം**
42 - പൊതുവിജ്ഞാനം - നൗഷാദ് ഖാൻ



# തിന്മതൻ തീരത്ത് നന്മയ്ക്കായ് നിലകൊള്ളാം...

## ഇ. ടി. മുരളീധരൻ

**വീ**ട്ടിൽ ഫിഷ് ടാങ്ക് വച്ച് അലങ്കാര മീനുകളെ വളർത്തുന്ന പലരും പക്ഷേ മീനുകളെ ശരിക്കും പരിചരിക്കാറില്ല. സൗകര്യമുള്ളപ്പോൾ ടാങ്ക് കഴുകും. മറന്നുപോകാത്ത ദിവസങ്ങളിൽ ഭക്ഷണം കൊടുക്കും. വെള്ളമുണ്ടല്ലോ, അത് ജീവിച്ചോളും എന്ന് ധരിക്കും. ചില മീനുകൾ ചാവും, അതിനെ എടുത്തുകളയും. വെള്ളത്തിന് കട്ടി കൂടി വരുന്നുണ്ടോ, വെള്ളത്തിന്റെ താപനില കൂടുന്നുണ്ടോ, ആവശ്യത്തിന് വായു വെള്ളത്തിലുണ്ടോ എന്നൊന്നും നാം അറിയുന്നില്ല. മീനുകൾക്ക് അങ്ങിനെ ഒരുപാട് പരാതികൾ കാണും. ആരറിയുന്നു, ചിന്തിക്കുന്നു. നാം ടാങ്കിനെ മോടിപ്പിടിപ്പിച്ചു വെയ്ക്കും. കാഴ്ചയ്ക്ക് ഒരു കുറവുമില്ല. അതുപോലെയാണ് ഇന്ന് നമ്മുടെ രാജ്യത്തിന്റെ അവസ്ഥ. പുറത്തുനിന്നു കാണാൻ നല്ല രസമാണ്. അകത്തുള്ളവർ വീർപ്പുമുട്ടുന്നുണ്ട്. അതിനുകാരണം വേറൊന്നുമല്ല നമ്മൾ ഓരോരുത്തരുമാണ്. സാമ്പത്തിക വ്യവസ്ഥ തകർന്നിരിക്കുന്നു. രാജ്യത്തിന്റെ നിലനിൽപ്പുതന്നെ ആപത്തിലാണ്.

ദേശീയവാദം ലോകത്താകമാനം വ്യാപിച്ചിരിക്കുന്നു. അമേരിക്കയിലും, ദുബായിലുമെല്ലാം ജീവിക്കുന്ന ലക്ഷക്കണക്കിനു ഇന്ത്യക്കാരായ ആളുകൾ ഭീതിയിലാണ്. കുട്ടിയും കുടുംബവുമടക്കം തിരിച്ച് നാട്ടിലേക്ക് മടങ്ങേണ്ട അവസ്ഥ ബലപ്പെട്ടുകൊണ്ടിരിക്കുന്നു. ദേശീയവാദത്തിൽ കുളിച്ചു നിൽക്കുന്ന നമ്മുടെ നാട്ടിലേക്ക് ഇവർ കൂടി മടങ്ങിയെത്തിയാൽ എന്താവും സ്ഥിതി? ഇപ്പോൾ തന്നെ ഇവിടെ ജീവിതം ദുസ്സഹമാണ്. തൊഴിലില്ലായ്മ, വിലക്കയറ്റം ഒരു ഭാഗത്ത്. മറുഭാഗത്ത് പ്രകൃതി കെടുതികൾ. പോരാത്തതിന് വർഗ്ഗീയത. നമ്മുടെ രാജ്യത്തിന് ഇതെന്ത് പറ്റി ?

ജീവിക്കാനായി എന്തു ബിസിനസ്സ് അല്ലെങ്കിൽ വ്യവസായം തുടങ്ങാം എന്ന് ഒരു ബിസിനസ്സുകാരനോട് ഈയിടെ ചോദിച്ചപ്പോൾ പറഞ്ഞത് ഇങ്ങനെ: വിനാശകാലെ വ്യവസായ ബുദ്ധി. നീ വല്ല കോർപ്പറേറ്റ് കമ്പനികളിലും ജോലിയ്ക്കു പോകുകയാണ് നല്ലത്. ചെറുകിട ബിസിനസ്സുകാർ, വ്യവസായികൾ എല്ലാം ചെറുത്തുനില്പ്പ് അവസാനിപ്പിച്ച് ആത്മഹത്യയുടെ വക്കിലാണ്. കൃഷിക്കാരുടെ കാര്യം പറയാനുമില്ല. ഫിഷ് ടാങ്കിലെ മീനുകളെ പോലെ പുറത്തുനിന്ന് നോക്കുന്നവർക്ക് വെള്ളമുണ്ട് അതുപോരെ അവർക്ക് എന്ന് ഉടമസ്ഥൻ (ഭരണാധികാരി). പക്ഷേ വെള്ളം കലങ്ങാതിരിക്കാൻ ഒഴിച്ച പലതും (ഭരണപരിഷ്കാരങ്ങൾ) മീനിന് പറ്റാത്തവയാണ്. പക്ഷേ നമുക്ക് ടാങ്ക് വൃത്തിയായിരിക്കണം. ഈ മീൻ ചത്താൽ വേറേയും ഇഷ്ടം പോലെ മീനുകളുണ്ടല്ലോ എന്നാവും ചിന്ത. പ്രളയത്തിൽപ്പെട്ടും മറ്റും മരിച്ചുപോകുന്നത് നമ്മുടെ വോട്ടർമാർ അല്ലല്ലോ, അവർക്ക് അങ്ങിനെത്തന്നെ വേണം എന്ന് ചിന്തിക്കുന്നവരുമുണ്ട് നമ്മുടെ കൂട്ടത്തിൽ !

ഇരുചക്രവാഹനത്തിലിരുന്ന് യാത്ര ചെയ്യുന്ന ഇരുവർക്കും ഹെൽമറ്റ് ഇടണം. നന്നായി, കുറേ ഉദ്യോഗസ്ഥർക്കും പിന്നെ ഹെൽമറ്റ് കമ്പനിക്കാർക്കും ജീവിക്കാൻ ഇവിടെ അവസരമൊരുങ്ങി. ചൂഷകർ അവർ എണ്ണത്തിൽ കുറവാണ് പക്ഷെ ഇത്തരം തീരുമാനങ്ങളിലൂടെ അവസ്ഥപ്പെടുന്നവരുടെ എണ്ണം വളരെ കൂടുതലും. എല്ലാവരും സമാധാനപ്രിയരാവാം അതുമല്ലെങ്കിൽ ഭീരുക്കളാവാം. ആരും ഒന്നും പ്രതികരിക്കില്ല, സഹിക്കുകയാണ്. വലിയ വാഹനങ്ങളിൽ സീറ്റ് ബെൽറ്റും നിർബന്ധമാണ്. ആക്സിഡന്റ് ഉണ്ടായാൽ ഒരു കാരണവശാലും രക്ഷപ്പെടരുതെന്നാണോ എന്തോ. എല്ലാവർക്കും എയർബാഗും നിർബന്ധമാക്കണം. അപ്പോൾ പിന്നെ സാധാരണ വാഹനങ്ങളെ ഉപേക്ഷിച്ച് നല്ല വില കൂടിയ വാഹനം തന്നെ വാങ്ങേണ്ടിവരും. കോർപ്പറേറ്റുകൾ രക്ഷപ്പെടും. പതിനാറ് ലക്ഷവും അതിനുമുകളിലും കൊടുത്ത് വണ്ടി വാങ്ങിയാലും ആക്സിഡന്റ് ആകുമ്പോൾ എയർബാഗ് പുറത്തുവരണമെങ്കിലും ദൈവം വിചാരിക്കണം. അത് നമ്മൾ ചെയ്ത പുണ്യം പോലിരിക്കും എന്നതും ആരറിയുന്നു. എന്തായാലും വേണ്ടില്ല, സാധാരണക്കാരൻ പോയി തുലയട്ടെ. വണ്ടിയിൽ പെട്രോൾ അടിക്കാൻ പെടാപ്പാടുപെടുന്നവന് എന്തിനാ വണ്ടി ? അത്ര ബുദ്ധിമുട്ടി വണ്ടി ഓടിക്കുന്നവന്റെ തലയിലിരിക്കട്ടെ ഹെൽമറ്റ്. ഞാൻ പറയാൻ പോകുന്നത് ഇത്രയേ ഉള്ളൂ. ഇവിടെ നമുക്ക് പലവിധത്തിലുള്ള ഇൻഷുറൻസുകളുണ്ടല്ലോ. അതിൽ പ്രധാനം വാഹന ഇൻഷുറൻസും ലൈഫ് ഇൻഷുറൻസുമാണ്. ഇതിനെല്ലാം വേണ്ടി നിർബന്ധപൂർവ്വം നമ്മുടെ കൈയിൽ നിന്ന് ധാരാളം പണം പറ്റുന്നുമുണ്ട്. ചെയ്യേണ്ടത്, നിയമം പാലിക്കാതെ ആക്സിഡന്റിൽ അപകടപ്പെടുന്നർക്ക് ഇൻഷുറൻസ് ഉൾപ്പടെയുള്ള ആനുകൂല്യങ്ങൾ കൊടുക്കില്ല എന്ന് തീരുമാനിച്ചാൽ പോരേ. തലവേദനയുള്ളവനെ ഹെൽമറ്റ് ധരിപ്പിക്കണോ ? രക്ഷപ്പെടാൻ ആകാത്ത വിധം ബെൽറ്റ് ഇട്ട് മുറുക്കണോ ? അമിതമായി വാഹനത്തിന് നികുതി ചുമത്തുന്നുണ്ടല്ലോ, അപകടകാരണമായ റോഡുകൾ നന്നാക്കിക്കൂടെ. അതല്ലേ ആദ്യം ചെയ്യേണ്ടത്?

ഹെൽമറ്റ് ഇട്ട്, സീറ്റ് ബെൽറ്റ് ഇട്ട് വണ്ടിക്ക് കൃത്യമായി ഇൻഷുറൻസും ടാക്സും അടച്ചിട്ട് വിദേശിയേയും കഴിച്ച് മതിമറന്ന് അമിതവേഗതയിൽ വണ്ടി ഓടിച്ച് നടപ്പാതയിലൂടെ നടന്നുപോകുന്ന കാൽനടക്കാരേ ഇടിച്ച് അപകടപ്പെടുത്തുന്നു. അതുകൊണ്ട് വഴിയാത്രക്കാർക്കുകൂടി ഹെൽമറ്റ് പോലെ ഒന്ന് നിർബന്ധമാക്കണം. ഒരു ഇരുമ്പുനിർമ്മിത ഡ്രസ്സ് തന്നെ ആകട്ടെ. മറ്റുള്ളവരുടെ അശ്രദ്ധമൂലം വികലാംഗനായി ജീവിക്കേണ്ട ഗതികേട് വരാൻ പാടില്ലല്ലോ. അഴിമതി നിർത്തലാക്കാൻ നോട്ടിന്റെ കളർ മാറ്റി ഇറക്കിയതുപോലെ മാത്രമേ കാര്യങ്ങൾ ചെയ്യാനറിയൂ.

ഈയിടെ ഉന്നത വിദ്യാഭ്യാസ യോഗ്യതയുള്ള ഒരു ഉന്നതകുലജാതൻ മദ്യപിച്ച് അസമയത്ത് ഒരു അന്യസ്ത്രീയുമായി വാഹനമോടിച്ച് വരുത്തിയ വിനയിൽ ഒരാളുടെ ജീവൻ പൊലിഞ്ഞു. അതിനുപുറകിൽ മൂന്നാറിലെ ഭൂമാഫിയ ഉണ്ടെന്ന് പറയുന്നു. എന്ത് മാഫിയ? ദുശ്ശീലങ്ങൾ ഉള്ളവനെ കീഴ്പ്പെടുത്താൻ വലിയ മാഫിയയുടെ ബുദ്ധിയൊന്നും വേണ്ട, ഒരാൾ വിചാരിച്ചാൽ തന്നെ ധാരാളം. പാടിയിലെ പാട്ടുകാരനേ ഓർമ്മയില്ലേ ?

മദ്യം വരുത്തുന്ന വിപത്തു

കൾ ഒറ്റപ്പെട്ട സംഭവങ്ങളാണത്രെ. അതുകൊണ്ട് മദ്യം നിരോധിക്കേണ്ട, നിയന്ത്രിച്ചാൽ മതി എന്നാണ് വാദം. എല്ലാ കേസുകളിലും തെളിഞ്ഞുകാണാം മദ്യത്തിന്റെ പങ്ക്. പക്ഷെ പുകയില യും മയക്കുമരുന്നും നിരോധിച്ചാലും മദ്യം സ്വീകാര്യം. അതുണ്ടെങ്കിലല്ലേ ലോകത്ത് സമാധാനക്കേടുണ്ടാകൂ. കൊള്ളയും കൊലപാതകങ്ങളും പീഡനങ്ങളും ഉൾപ്പടെ പലതും നടക്കൂ. അങ്ങിനെയാകുമ്പോഴല്ലേ കുളം കലക്കുന്നവർക്ക് മീൻ പിടിക്കാനാകൂ. ഒരു കാരണവശാലും ബോധമുള്ളവരുണ്ടാകരുത്, വിവരമുള്ളവരുണ്ടാകരുത്.

ഹെൽമറ്റ്, സീറ്റ് ബെൽറ്റ് തുടങ്ങിയവ നിർബന്ധമാക്കി. അനധികൃതമായി പണമുണ്ടാക്കുവാൻ പറ്റിയ അവസരമാണെന്ന് കരുതി റോഡരുകിൽ ജീപ്പിൽ കാത്തുനിൽക്കുമ്പോൾ അതാ വരുന്നു പ്രളയം. ഇതുവരെ സ്വരൂപിച്ച കൈക്കൂലിയും കൊണ്ട് രക്ഷപ്പെടാൻ കഴിയാതെ വെള്ളം ജീപ്പോടു കൂടി കൊണ്ടുപോയി പാവത്തെ. ആരും അറിഞ്ഞതേയില്ല. നശിച്ചൊരു മഴ !

മഴയത്ത് മരം വീണു സ്വാഭാവികം. റോഡ് ബ്ലോക്ക് ആയി. ഞാൻ ചെന്ന് നോക്കി. ഞാൻ പ്രതീക്ഷിച്ചിരുന്ന മരം തന്നെയാണ് മഴയത്ത് വീണിരിക്കുന്നത്. നഗരവികസനത്തിന്റെ ഭാഗമായി പഴയമതിൽ പൊട്ടിച്ച് പുതിയത് കെട്ടി. കെട്ടുമ്പോൾ ഒരു പണി ചെയ്തു. കുറച്ച് ഉള്ളിലേയ്ക്ക് കയറ്റിക്കെട്ടി. അദ്യ മതിലിന്റെ അടിത്തറ അങ്ങിനെത്തന്നെയുണ്ട്. വീണ്ടും തൊട്ടടുത്തുതന്നെ കുഴി എടുത്ത് മതിലുകെട്ടുന്നു. അങ്ങിനെ കെട്ടിപ്പോകുന്ന ദിശയിൽ നിറയെ മരങ്ങൾ മതിലിനോട് ചേർന്ന് നിൽപ്പുണ്ടായിരുന്നു. ചില മരങ്ങളേയെല്ലാം പ്രകൃതി സ്നേഹികൾ കാണാതെ രാത്രി കാലങ്ങളിൽ മുറിച്ചുതള്ളി. മറ്റുചിലതിന്റെ വശങ്ങളിലേക്കുള്ള വേരുകൾ മുറിച്ച് ഒരുവശത്തു കൂടി മതിലുകെട്ടിക്കൊണ്ടുപോയി. മതിലിന്റെ പണി തീർന്നപ്പോൾ പിന്നെ അഴക്കുചാല് കെട്ടാൻ അവർ മരത്തിന്റെ മറുഭാഗത്തിന്റെ വേരുകളും മുറിച്ചു. ജീവിക്കാൻ ഗത്യന്തരമില്ലാത്ത ഈ കാലത്തെ മനുഷ്യരെപ്പോലെ ഒരുവേരിൽ നിന്ന മരം മഴയത്ത് വീണു. അതുവഴി വന്നവർ പറഞ്ഞു റോഡോരത്തെ മരങ്ങൾ മുഴുവൻ മുറിക്കണം. എന്താല്ലേ മനുഷ്യർ ? എത്ര കണ്ടാലും കൊണ്ടാലും പഠിക്കാത്ത മനുഷ്യർ!

അങ്ങേ അറ്റത്ത് വൈദ്യുതി, ഇന്റർനെറ്റ്, ടെലിഫോൺ, മൊബൈൽ, ടെലിവിഷൻ ന്യൂസുകൾ തുടങ്ങിയവയെ വിച്ഛേദിച്ച് ഗതാഗതത്തെ നിയന്ത്രിച്ച് ആ പ്രദേശത്തെ ആകമാനം പുറംലോകവുമായി ഒരു ബന്ധവുമില്ലാതെയാക്കി കുറച്ചു മനുഷ്യർ വേറേ കുറച്ചു മനുഷ്യർക്കു വേണ്ടി നിയമഭേദഗതികൾ വരുത്തുന്നു. പതിവുപോലെ ഒരു വിഭാഗം സന്തോഷിക്കുമ്പോൾ മറുഭാഗം വേദനിക്കുന്നു. അടിച്ചമർത്തപ്പെട്ടവർ തരം കിട്ടിയാൽ വൻ വിപത്തുകൾ വരുത്തും. പ്രകൃതിയിൽ നിന്നുതന്നെ പാഠം ഉൾക്കൊള്ളാനായി ദേശത്തിന്റെ ഇങ്ങേ അറ്റത്ത് ഉരുൾപ്പൊട്ടലും വെള്ളപ്പൊക്കവും കനത്ത മഴയും കാറ്റും തീർത്തു പ്രകൃതി. മനുഷ്യനിർമ്മിതമായ വൈദ്യുതിയേയും ഇന്റർനെറ്റിനേയും ടെലിഫോണിനേയും മൊബൈലിനേയും നിഷ്പ്രഭമാക്കി. ട്രാൻസ്പോർട്ടേഷനും മുടങ്ങി. ജാതിമത രാഷ്ട്രീയ വേർതിരിവുകളോടെ പല തട്ടിലായി ജീവിച്ചവർ ഒന്നാകെ മണ്ണിനടിയിൽ മൂടി പ്രകൃതി. നമ്മൾ ഓരോരുത്തർക്കും വേണ്ടിയാണ് അവരെ ശിക്ഷിച്ചത്. നമുക്ക് പഠിക്കാനുണ്ട്, ചിന്തിക്കാനുണ്ട്. പട്ടയം, അടിയാധാരം, കുടികിടപ്പും ഒന്നും ഇനി ആർക്കും വേണ്ട. എല്ലാവരും ഒന്നാകെ പോയില്ലേ. അവകാശം പറഞ്ഞു വരാൻ ആരുമില്ല.

വില കൂടിയ എ. സി. വാങ്ങി വെച്ചിട്ടും ഇതുപോലെ ഒരു സുഖം ലഭിക്കില്ല എന്ന് മനസ്സിലാക്കിയവർ മലമ്പ്രദേശത്ത് ചെന്ന് ബ്രിട്ടീഷുകാർ ഇന്ത്യയിൽ കയറിക്കൂടിയതുമാതിരി മലയോര കർഷകരേയും ആദിവാസികളേയും നിയമം പറഞ്ഞും പട്ടയമെവിടെ, അടിയാധാരമെവിടെ എന്നെല്ലാം ചോദിച്ച് അവരെ അവിടെനിന്നും തുരത്തി ഓടിച്ച് സ്വാധീനമുപയോഗിച്ച് പട്ടയമുണ്ടാക്കി പട്ടയടിച്ച് ഇരിക്കുകയായിരുന്നു. ഇരിക്കുമിടത്തെ തന്നെ നശിപ്പിക്കും വിധം ബുദ്ധിശൂന്യരാണല്ലോ പലരും. പ്രകൃതിക്ക് ദോഷമാം വിധം കെട്ടിടങ്ങൾ പണിതും, ക്വാറികൾ നടത്തി പൊട്ടിച്ചുപൊട്ടിച്ച് ഭൂമി പിളർന്ന് വന്നപ്പോൾ അവരെ കാണാതായി. ഇനി പട്ടയം തിരയണോ ? പോയില്ലേ ഒന്നാകെ. കൂട്ടത്തിൽ കുറേ സാധുജനങ്ങളും പോയി. നല്ല സ്ഥലം കണ്ടാൽ കൈയ്യേറും. നല്ലവരെ കണ്ടാൽ പീഡിപ്പിക്കും, ചൂഷണം ചെയ്യും. മനുഷ്യാ, വിദ്യാഭ്യാസയോഗ്യത കാണിക്കുന്ന സർട്ടിഫിക്കറ്റ് എന്നും കൈയ്യിൽത്തന്നെ വേണം കാരണം പ്രവർത്തിപഥത്തിൽ പഠിച്ചതൊന്നും കാണാനില്ലല്ലോ. തനി വിവരദോഷിയല്ലേ ? സർട്ടിഫിക്കറ്റ് കാണിച്ച് പദവിയിൽ കയറി പിടിച്ചുനിന്നോളൂ, സ്വാധീനമുപയോഗിച്ച് ഗവൺമെന്റ് ജോലിയിൽ കയറിയാലും പ്രകൃതി ഒരുനാൾ നിന്നെ പുതയ്ക്കും പച്ചയ്ക്ക്.

നന്മ നശിക്കുമ്പോൾ പ്രകൃതിക്ഷോഭം ഉണ്ടാകുമെന്നും ആളുകൾ കൂട്ടത്തോടെ നശിക്കുമെന്നും വേദഗ്രന്ഥങ്ങൾ ഒന്നടങ്കം പറയുന്നു. തിന്മ നിലനിൽക്കുന്ന നാട്ടിനെ നശിപ്പിക്കാൻ ഞാൻ തിരഞ്ഞെടുക്കുക ഒരു ഭരണാധികാരിയേയാകും. അവനിലൂടെ തിന്മ നിറഞ്ഞ ഒരു രാജ്യത്തെ നശിപ്പിക്കുമെന്ന് വേദഗ്രന്ഥങ്ങളിലൂടെ ദൈവം സൂചന നല്കുന്നു. അതുകൊണ്ടുതന്നെ ഭരണാധികാരികളെ കുറ്റം പറയണ്ട, നമ്മൾ അർഹിക്കുന്നു. ചടങ്ങിനു വേണ്ടി, വർഗ്ഗീയതയ്ക്കു വേണ്ടി, വേദഗ്രന്ഥങ്ങൾ വായിക്കുന്നവർക്കു ഇതൊന്നും മനസ്സിലാക്കാനാവില്ല. എന്തായാലും ലോകത്താകമാനം പ്രളയവും ഉരുൾപ്പൊട്ടലും കൊടുങ്കാറ്റും ഭൂമിക്കുലുക്കവും മുൻപെങ്ങുമില്ലാത്ത വിധം നാശം വിതയ്ക്കുന്നു എന്നത് ഒരു സൂചനയാണ്. നമുക്കല്ലേയുള്ളു രാജ്യം, ദേശം, ഭാഷ, നിറം, ജാതി, മതം എന്ന വേർതിരുവുകൾ. നമ്മെ സൃഷ്ടിച്ചവന് അതിരുകളില്ല. സന്തോഷമായി, സ്നേഹത്തോടെ ജീവിക്കാൻ വേണ്ടി നമ്മേ വിട്ടു. നാം പലവിധത്തിൽ അതിർത്തികൾ സ്ഥാപിച്ചു സങ്കുചിതരായി, അസ്വസ്ഥരായി ജീവിക്കുന്നു. ഈയിടെയായി നന്മയ്ക്ക് എതിരെ ഒന്നിക്കാനും പ്രവർത്തിക്കാനും തുടങ്ങി. അതിന്റെ ഫലം ഇവിടെ കാണാനുമുണ്ടല്ലോ ! എല്ലാത്തിനെക്കുറിച്ചും പഠിച്ചുകഴിഞ്ഞു. പുതിയ ചിലത് പഠിക്കാനായി ചിലർ ബഹിരാകാശത്തേക്ക് പോകുന്നു. മറ്റുചിലർ ഭൂമിക്കുള്ളിലെന്താണ് എന്ന് കണ്ടുപിടിക്കാൻ വേണ്ടി ഭൂമിയെ തുരക്കുന്നു. തിളച്ചുമറിയുന്ന ലാവ പുറത്തുവരുന്നതോടെ അവരുടെ കണ്ടുപിടുത്തങ്ങൾക്ക്, പഠനങ്ങൾക്ക് ഒരു തീരുമാനമാകും. ഓരോരുത്തരും ഓരോന്ന് തിരയുകയാണ്, പരീക്ഷിക്കുകയാണ്. മറ്റുചിലർ ഇവരെ നിരീക്ഷിക്കുകയാണ്. പ്രവർത്തിക്കുന്നവന് നേരിട്ടും അല്ലാത്തവർക്ക് പരോക്ഷമായും പണികിട്ടും.

പ്രളയത്തിന്റെ പേരിൽ പിരിച്ച പണം നേരിട്ടല്ലെങ്കിലും ബാറിലൂടെ സർക്കാരിലേയ്ക്ക് എത്തും. പിരിക്കാനിറങ്ങിയവർക്കും വേണ്ടേ പ്രതിഫലം ? അവർ കുടിച്ചോട്ടെ നാലിരട്ടി ടാക്സ് നമുക്ക് ഈടാക്കിയാൽ മതിയല്ലോ. എന്താ ബുദ്ധി ! കാഞ്ഞ ബുദ്ധി... !

പ്രളയത്തിൽ പെട്ടുപോയവരെല്ലാം നല്ലവരായിരുന്നിരിക്കണം.

കാരണം വൃത്തികെട്ടവരെല്ലാം ഇവിടെ തന്നെയുണ്ട്. അവരിൽ പലരും പ്രളയത്തിന്റെ പേരിൽ പണം പിരിച്ച് ധൂർത്തടിക്കുന്നു. വലിയ ദുരന്തം വരാനിരിക്കുന്നുണ്ട്. പലവിധത്തിൽ കവർന്ന് സ്വരൂപിച്ചതൊന്നും എടുക്കാനാകാതെ ജീവനുവേണ്ടി ഉറ്റവരേയും ഉടയവരേയും നോക്കാതെ ജീവനുവേണ്ടി ഓടുന്ന കാലം വിദൂരത്തിലല്ല. അങ്ങിനെ ഓടുമ്പോൾ മനസ്സിലാകും എല്ലാറ്റിനേക്കാളും നമുക്ക് പ്രിയം ഈ ജീവനോടാണ് എന്ന്. സ്വന്തം ജീവനു വില നല്കുന്നവർ മറ്റുള്ളവരുടെ ജീവനും വില നല്കും പക്ഷെ പണം കണ്ട് കണ്ണ് മഞ്ഞളിച്ചവർ ജീവൻ നിലനിർത്താൻ വേണ്ടി ഓടും നാൾ വരുംവരെ ഒന്നും തിരിച്ചറിയില്ല.

പ്രളയബാധിത പ്രദേശത്തെ വീടുകളൊന്നും ഇനി ആരും വാങ്ങില്ല. വില കിട്ടില്ല. നന്നായി. അങ്ങിനെത്തന്നെ വേണം എന്ന് കരുതിയിരിക്കുന്നവന്റെ വീടിന്റെ ഒരുഭാഗം കൊടുങ്കാറ്റ് കൊണ്ടുപോയി. അവശേഷിച്ചത് കുറച്ചുനാൾ ചെന്നപ്പോൾ ഭൂമി കുലുക്കവും കൊണ്ടുപോയി. ആരും സന്തോഷിക്കേണ്ട. പ്രവർത്തികൾക്കുള്ള ശിക്ഷ ഏറ്റുവാങ്ങിയേ മതിയാവൂ. ദുഷ്ടന്മാർക്കൊപ്പം കുറേ നിരപരാധികൾ കൂടി മണ്ണിനടിയിൽപ്പെട്ട് മരിച്ചുപോയെന്നിരിക്കാം. പക്ഷെ രണ്ടുതരം മരണത്തിന്റേയും പ്രതിഫലത്തിൽ വ്യത്യാസമുണ്ട് അതെങ്കിലും അറിയാൻ ശ്രമിക്കുക.

വിദേശ രാജ്യങ്ങൾ പലതും പഴമയിലേയ്ക്ക് തിരിച്ചുപോയി തുടങ്ങിയിരിക്കുന്നു. മോട്ടോർ വാഹനത്തിന്റെ ഉപയോഗം കുറയ്ക്കുന്നു. സൈക്കിൾ നിരത്തുകളിൽ വീണ്ടും സജീവമായി. വീടുകളും കെട്ടിടങ്ങളും വീണ്ടും മൺചുമരിലേക്ക് മാറുന്നു. ടൈൽസും ഗ്രാനൈറ്റും ഉപേക്ഷിക്കപ്പെടുന്നു. നാച്വറൽ എനർജ്ജി ഉപയോഗിക്കുന്നു. അന്തരീക്ഷ മലിനീകരണം ഉണ്ടാക്കുന്നവയേ പൂർണ്ണമായും നിരോധിക്കുന്നു. ക്യാൻസറിന് ഒരു കാരണക്കാരൻ ഓവൻ ആണെന്ന് കണ്ടെത്തി. ഓവൻ വരെ ജപ്പാൻ ബാൻ ചെയ്തിരിക്കുന്നു. ഭക്ഷ്യവസ്തുക്കളിൽ ചേർക്കുന്ന കളർ പൊടികൾ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു. മൈദ പണ്ടേ ഉപേക്ഷിക്കപ്പെട്ടവയിൽ പെടുന്നു. നമ്മുടെ നാട്ടിലുള്ള നന്മകളെ അവർ കൊണ്ടുപോയി എന്നുപറയാനാകില്ല. അവർ പലതും പഠിച്ചും മനസ്സിലാക്കിയും പ്രാബല്യത്തിൽ കൊണ്ടുവരുമ്പോൾ നമ്മൾ മണ്ടന്മാർ. അവർ ഉപേക്ഷിക്കപ്പെട്ടവയെ എടുത്തിട്ട് വന്ന് പുലിവാൽ പിടിക്കുന്നു.

നമ്മുടെ നാടിന്റെ പല ഭാഗത്തും കുടിവെള്ളം ലഭിക്കാതെ കഷ്ടപ്പെടുന്നവരുണ്ട്. എന്തിന്, നമ്മുടെ അയൽ സംസ്ഥാനത്തെ തന്നെ നോക്കുക. പലരും ജോലിയും വീടും ഉപേക്ഷിച്ച് കേരളത്തിലേയ്ക്ക് മടങ്ങിവന്നിരിക്കുകയാണ്. വെള്ളം കിട്ടിയാൽ മതി വേറൊന്നും കിട്ടിയില്ലെങ്കിലും വേണ്ടില്ല എന്ന് അവർ കരുതുന്നു. പണ്ട് പണമുണ്ടാക്കാൻ വേണ്ടി കൃഷി ഭൂമിയടക്കം കോൺക്രീറ്റ് മാളികകൾ പണിയുന്നവർക്ക് ഭൂമി നല്ല വിലയ്ക്ക് കൊടുത്തിട്ട് പോയവരാണ് തിരിച്ചുവന്നുകൊണ്ടിരിക്കുന്നത്. ഒരുതുണ്ട് ഭൂമി കിട്ടിയാൽ മതിയെന്നാണ് അവരുടെ ആഗ്രഹം. അത് അവിടെ ഇരിക്കട്ടെ. ഞാൻ പറയാൻ പോകുന്നത് വേറൊന്നാണ്. നമ്മുടെ നാട്ടിൽ മഴയിലൂടെ ലഭിക്കുന്ന വെള്ളമെല്ലാം വെറുതെ കടലിലേയ്ക്ക് പോയി ഉപയോഗശൂന്യമാകുന്നത് പതിവാണ്. മഴക്കാലം കഴിഞ്ഞാൽ നമ്മുടെ പല പ്രദേശങ്ങളിലും വെള്ളം കിട്ടാത്ത പ്രശ്നങ്ങൾ ഉണ്ട്. ശരിക്കും ഈ സ്ഥിതി നമ്മൾ തന്നെ വരുത്തിയതാണ്. ചെറു തോടുകളെല്ലാം ഇന്ന് റോഡുകളാണല്ലോ. അതിനാലാണല്ലോ പുഴ വീടു വഴി വന്നതും വീട് തകർത്തതും. ഈ വീടു കെട്ടാനായി ഊറ്റിയ മണലെല്ലാം പത്തിരട്ടിയായി പുഴയിൽ തിരിച്ചെത്തിയത് കണ്ടില്ലേ ? പോണില്ലേ മണ്ണ് വാരാൻ ? പ്രകൃതി വിഭവങ്ങളെ ചൂഷണം ചെയ്ത് സൗധങ്ങൾ കെട്ടിക്കോളൂ. വീണ്ടും മണലാക്കിത്തരാം എന്നാണ് പ്രകൃതി പറയുന്നത്. അത് പോട്ടെ, ഇനിയെങ്കിലും എട്ടുവരിപ്പാത നിർമ്മിച്ച് മരണത്തിലേയ്ക്ക് അതിവേഗത്തിൽ വണ്ടി ഓടിച്ചുപോകുന്നതിനുപകരം നല്ല കനാലുകൾ പണിത് വെള്ളം കിട്ടാത്ത ദിക്കിലേയ്ക്ക് വെള്ളമെത്തിക്കാനും അവിടെ അത് സംഭരിക്കാനും കൃഷിക്ക് ഊന്നൽ കൊടുത്തുകൊണ്ടൊരു വികസനം ലക്ഷ്യമിട്ടുകൂടെ. വേണം എന്ന് കരുതിയാൽ ചക്ക വേരിലും കായ്ക്കും. മഴക്കാലത്ത് പാഴായിപ്പോകുന്ന ജലം അയൽ സംസ്ഥാനത്തിന് ഒന്ന് കൊടുത്തുനോക്കൂ. അവർ നമുക്ക് പച്ചക്കറികളും പഴവർഗ്ഗങ്ങളും ധാന്യങ്ങളും നമുക്ക് കഴിക്കാനായി കൊണ്ടുത്തരും. പക്ഷെ മനുഷ്യനെ മതങ്ങളും ജാതികളുമാക്കി വിഭജിച്ചതുപോലെ ദൈവം സൃഷ്ടിച്ച ഈ വിശാല ഭൂമിയേയും അവയിലുള്ളവയേയും വേർതിരിച്ച് സ്വന്തമാക്കിയിരിക്കുകയല്ലേ മനുഷ്യർ. കുരങ്ങിനെ പിടിക്കാനായി തേങ്ങയുടെ ഒരുഭാഗം തുരന്ന് ഒരു പാമ്പിനെ ഇട്ട് വെയ്ക്കും. കുരങ്ങൻ തേങ്ങ കഴിക്കാനായി കൈയിട്ടാൽ പാമ്പിനെ കിട്ടും. പാമ്പിനെ വിടാതെ കൈ പുറത്തേക്കെടുക്കാനാവില്ല. എങ്കിലും പിടിവിടില്ല എന്നതുപോലെയാണ് നമ്മളും എന്തൊക്കെയോ നമ്മുടേതാണെന്ന് കരുതി പിടിച്ചുവെച്ച് സ്വയമേവയും മറ്റുള്ളവർക്കും ഉപയോഗിക്കാൻ പറ്റാത്തവിധം വാരിക്കൂട്ടി പിടിച്ചിരിപ്പാണ്.

മാവേലി നാടുവാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ. രണ്ടുവർഷമായി ഓണക്കാലത്ത് നമ്മുടെ നാട് ശരിക്കും മാവേലിയുടെ നാടായിത്തീർന്നു. എല്ലാവരും എല്ലാം മറന്ന് ഒന്നായി തീർന്നില്ലേ. പക്ഷെ ഇത് നാം മറക്കും. മറക്കുമ്പോഴേക്കും ഇനിയും വരുമല്ലോ അടുത്ത വർഷവും ഓണം. വർഷത്തിൽ ഒരിക്കൽ വലിയ കുഴപ്പമില്ല അല്ലേ... ബാക്കി സമയമുണ്ടല്ലോ ആർമാദിക്കാൻ...

വൃത്തികേടുകൾ ചെയ്ത് കൈയ്യടി നേടി സകല സൗഭാഗ്യങ്ങളുമായി ജീവിക്കുന്ന ബഹുഭൂരിപക്ഷം വരുന്ന ആളുകളെ കാണുമ്പോൾ അതുപോലെ ആകാൻ ഉള്ളിന്റെ ഉള്ളിൽ ഒരു മോഹം തോന്നുകയും, ശ്രമിച്ചിട്ടും സാധിക്കാതെ വന്ന് നിരാശപ്പെട്ടിരിക്കുമ്പോൾ സുഖിച്ചുനടക്കുന്നവർക്ക്, ജീവിക്കുന്നവർക്ക് ദൈവം നല്കുന്ന ശിക്ഷകൾ നിന്റെ ശ്രദ്ധയിൽ പെട്ടാൽ ഭാഗ്യം. ഞാനിതൊന്നും ചെയ്യാതിരുന്നത്, അങ്ങിനെയെല്ലാം ആകാതിരുന്നത് രക്ഷയായി എന്ന വിധം ചിന്തിക്കാൻ ജീവിതത്തിൽ അവസരവും സമയവും ലഭിക്കുന്നുണ്ടെങ്കിൽ ശരിക്കും നീ ഭാഗ്യവാൻ, സംരക്ഷിക്കപ്പെട്ടവൻ. കാണാനാണ് വന്നത്, കാണുക. നല്ലതും ചീത്തയും സംഭവിക്കുക തന്നെ ചെയ്യും, അനുഭവിക്കുക. എന്നിട്ട് തിരിച്ചറിവ് നേടി മടങ്ങുക. നല്ലൊരു ജീവിതം ഇനിയുമുണ്ട്. ഇതുകൊണ്ടൊന്നും അവസാനിക്കുന്നില്ല.

എല്ലാ തിന്മയും നശിക്കുമെന്നും അന്ന് നമ്മളിൽ ചിലർ നന്മയേ അത്രമേൽ ഇഷ്ടപ്പെട്ട് പിടിച്ചുനിർത്താൻ പാടുപെട്ട കുറച്ചുപേർ ഇവിടെ അവശേഷിക്കുമെന്നുമുള്ള ഒരു ചെറിയ പ്രതീക്ഷ. തിന്മകൾക്കെതിരെ ചെറുത്തുനിൽപ്പിനോടൊപ്പം നന്മയ്ക്കായുള്ള കാത്തിരിപ്പ് തുടരാം. പ്രതീക്ഷയ്ക്ക് ഇപ്പോഴും വകയുണ്ട്. സൃഷ്ടാവ് നമുക്കൊപ്പമുണ്ടല്ലോ എന്നും നാം ഏവരുടേയും നന്മയ്ക്കൊപ്പമുണ്ടല്ലോ എന്നും. അതുകൊണ്ട് തന്നെയല്ലേ നാം ഇതുവരേയും സംരക്ഷിക്കപ്പെട്ടവരുടെ കൂട്ടത്തിലായതും. ഇനിയും അത് തുടരും...


●

# വസുധൈവ കുടുംബകം

**ശീ**ർഷകത്തിൽ ഈ കൊടുത്തത്, ലോകനന്മയ്ക്കായും അതിലൂടെ നമ്മുടേയും തന്നെ വാസ്തവ ഗുണത്തിനായും ഉപയോഗപ്പെടുന്ന സംസ്കൃത ശ്ലോകങ്ങളിൽ ഒന്നിന്റെ ചുരുക്കമാണ്.

*'അയം നിജോ പരോവേതി*
*ഗണനാ ലഘുചേതസാം,*
*ഉദാരചരിതാനാം തു വസുധൈവ*
*കുടുംബകം'*

(വസുധാ ഏവ - ഭൂമി മുഴുവനും. ഇത് എന്റെ/അന്യന്റെ എന്ന് സ്വാർത്ഥപരതയോടെ വേർതിരിച്ച് കണക്കാക്കുന്നതും കുറുകിയതുമായ മനസ്ഥിതിയേയും ഹ്രസ്വദൃഷ്ടിയേയും ഖണ്ഡിച്ചു, ലോകത്തിൽ ശാശ്വത സുഖസമാധാനം സ്ഥാപിക്കാൻ സഹായിക്കുന്ന ഒരു പ്രസ്താവനയാണ്.) ഈ വിചാരധാരയുടെ അനിവാര്യതയെ മനസ്സിലാക്കാൻ സഹായിക്കാവുന്നതും, ഇന്ന് പരക്കെ പ്രബലമായി വരുന്ന, നേരെ എതിരായ കാഴ്ചപ്പാടിനെ കുറിക്കുന്ന, Railway Compartment Mentality (RCM) യെയും - റെയിൽ പെട്ടി മനോഭാവത്തെയും - പരിശോധിക്കുന്നത് ഉപകാരമായിരിക്കും !



**എം. എം. മേനോൻ**
**0491 6451469, 0491 2572939**

**Railway Compartment Mentality (RCM റെയിൽ പെട്ടി മനോഭാവം)**

സ്വാതന്ത്ര്യം ലഭിച്ച കാലത്ത്, ബഹുജനങ്ങൾ സഞ്ചരിക്കുന്നത് മൂന്നാം തരം റെയിൽ പെട്ടിയിലായിരുന്നു (Third Class Compartment). അന്ന് ഈ പെട്ടികളിൽ Cushion (മെത്ത) ഇല്ലാത്ത മരപ്പലകയും അഴികളില്ലാത്ത ജനലുകളും ആയിരുന്നു. എ.സിയോ ഫാനോ reservation (ആരക്ഷണം) ഇല്ല. ഇത്തരം പെട്ടികളിൽ നേരത്തെ കയറിക്കൂടിയ യാത്രികൻ വാതിൽ അടച്ചുപൂട്ടി, ഒരുമിച്ചു, വെളിയിൽ നിന്നു അകത്തേക്ക് കടക്കാൻ ശ്രമിക്കുന്നവരെ തടുത്തു തള്ളി എതിർക്കുന്നത് സാധാരണയായിരുന്നു. എന്നാൽ യാത്ര ചെയ്യേണ്ട നിർബന്ധമുള്ളവരേയും അവരുടെ പെട്ടി/ഭാണ്ഡങ്ങളേയും Porter മാർ (പുറത്തുള്ളവരും തന്നെ) ജനൽ വഴി, പ്രയാസപ്പെട്ട്, അകത്തേക്ക് തള്ളിവിടുന്ന സമ്പ്രദായമുണ്ടായിരുന്നു ! കഷ്ടപ്പെട്ടു പ്രവേശനം ലഭിച്ച യാത്രികർ അവർ അനുഭവിച്ച ബുദ്ധിമുട്ടുകളെ തീരെ മറന്നു, അകത്തുള്ളവരുമായി ചേർന്ന്, വെളിയെ ഉള്ള അന്യയാത്രികരെ ശക്തമായി തടുക്കുകയും എതിർക്കുകയും ചെയ്യുമായിരുന്നു ! വെളിയെ ഉള്ള സഹയാത്രി മിത്രങ്ങൾ പെട്ടെന്ന് ശത്രുക്കളായി മാറുന്നു ! ഈ മനോഭാവത്തേയാണ് Railway Compartment Mentality (RCM) എന്ന് കുറിക്കുന്നത്...!

ഇന്ന് യാത്രാ സൗകര്യങ്ങൾ വർദ്ധിച്ചിട്ടുണ്ട്, നവീന വിധികൾ ഉണ്ട് എന്ന കാരണത്താൽ RCM എന്നത് ഇല്ല എന്ന് ചിന്തിക്കുന്നത് വലിയ തെറ്റാണ് ! പല മേഖലകളിലും ഇത്തരം കുറുകിയ മനസ്ഥിതി വിവിധ രൂപത്തിൽ ശക്തമായി വരുന്നുണ്ട്. തെളിഞ്ഞുകാണുന്ന ഒരുദാഹരണമാണ് അമേരിക്കയും രാഷ്ട്രപതി ട്രംപും ! സമ്പൽസമൃദ്ധിയുടെ ഉച്ചകോടിയിൽ വിലസുന്ന അവർ, ഉദ്ഭവചരിത്രത്തെ മറന്നു, അമേരിക്കയിലേക്ക് പ്രവേശനത്തെത്തേടുന്ന അന്യർക്ക് പലതര തടസ്സങ്ങളേയും സൃഷ്ടിക്കുന്നത് ഏവർക്കും അറിയാം. 300 - 400 വർഷങ്ങൾ മുമ്പത്തെ അമേരിക്കയിലേക്ക് എത്തിനോക്കുന്നത് ഗുണകരമാണ്. അന്ന് അമേരിക്ക തീരെ 'അവകിസിതവും', പക്ഷെ സസ്യ-വൃക്ഷ-മൃഗ സമ്പന്നവും, അവിടെ ഇവിടെയായി എത്രയും ചുരുങ്ങിയ ആദിവാസികളും മാത്രമുള്ള ഭൂഖണ്ഡമായിരുന്നു. ലോകത്തിലെ നാനാഭാഗത്തുനിന്നും ധീരന്മാരും അതിസാഹസികളും അത്യദ്ധ്വാനികളുമായ പലരും പലവിധ കഷ്ടങ്ങളും ജീവനു അപായം നിറഞ്ഞ ദൂരദൂര സമുദ്രയാത്ര ചെയ്തു, കിഴക്കെ തീരപ്രദേശങ്ങളിൽ കുടിയേറി. ധനലാഭത്തിനും 'വികസനത്തിനും' അളവറ്റ സൗകര്യങ്ങളുണ്ടെന്ന് അറിഞ്ഞ അവർ, അവിടത്തെ ആദിവാസികളെ കൊന്നും തുരത്തിയും ബഹിഷ്ക്കരിച്ചും പടിപ്പടിയായി ഭൂഖണ്ഡത്തെ മുഴുവനും കരസ്ഥമാക്കി. കൊല്ലവർഷം സുമാർ 1840 തൊട്ടു പടിഞ്ഞാറെ പ്രദേശമായ California യേയും അന്യസ്വർണ്ണസമൃദ്ധമായ പ്രദേശങ്ങളേയും ആദിവാസികളിൽ നിന്നു നിർദ്ദയമായി പിടുങ്ങിയെടുത്തു. അചിന്ത്യമായ ദുരിതങ്ങളേയും സഹിച്ച, ആഫ്രിക്കയിൽ നിന്നു Negro (നീഗ്രോ) ജാതിക്കാരെ, ആടുമാടുകളേയും കടത്തുന്നതിലും അതിഘൃണായോഗ്യമായവിധം കൊണ്ടുവന്നു അടിമകളാക്കി, പരുത്തി മുതലായ വൻതോട്ടങ്ങളുണ്ടാക്കി, അളവറ്റ ധനം സമ്പാദിച്ചു. കഴിഞ്ഞ രണ്ടുലോക മഹായുദ്ധങ്ങളിലും (പങ്കിടാതെ!) നേരെയധികം നഷ്ടം വരാതെയും, മറിച്ചു യുദ്ധസാമഗ്രികളും മറ്റും പണിത്, അനുസന്ധാനം/വികാസം എന്നതിന്റെ സഹായത്താൽ അത്യപാര ധനലാഭം ഉണ്ടാക്കി. ഇന്ന് അവിടത്തെ ദുർല്ലഭം ആദിവാസികൾക്കായി ഒതുക്കപ്പെട്ട ചില സ്ഥലങ്ങളെ ഒഴിച്ച്, സാക്ഷാൽ 'അമേരിക്കൻ' എന്നു പറയുന്നവർ ഇത്തരം ലോകത്തിന്റെ നാനാഭാഗത്തുനിന്നും വന്ന അതിസാഹസികളുടെ പിൻഗാമികളാണ്. രാഷ്ട്രപതി ട്രംപും മറ്റും അവരുടെ ഉത്ഭവ കഥയെ മറന്ന് ദർശിപ്പിക്കുന്നത് ആധു

നിക RCM അല്ലെ ?

ജനപ്പെരുക്കവും ആധുനിക ഭൗതികതയും ഉപഭോക്താ സംസ്കാരവും, അതിനാൽ അതിപ്രവൃദ്ധമായ (അനാവശ്യ!) ആവശ്യങ്ങളും കാരണം, ഇന്ന് പല മേഖലകളിലും 'വസുധൈവ കുടുംബകം' എന്ന അത്യുന്ന ലക്ഷ്യം തീരെ മറഞ്ഞുപോയി സ്വാർത്ഥപരത നിറഞ്ഞ RCM, സ്ഥലം പിടിച്ചിരിക്കുകയല്ലേ ?

Nature Abhors a Vacuum (പ്രകൃതി ശൂന്യതയെ വെറുക്കുന്നു) എന്നത് മറുക്കാനും മറക്കാനും ആവാത്ത സത്യമാണ്. ഭൗതിക മേഖലയിൽ, ജനപ്പെരുക്കമുള്ള സ്ഥലങ്ങളിൽ നിന്ന് 'വിജന'പ്രദേശത്തിലേക്കും അതുപോലെത്തന്നെ ധനാധിക്യമുള്ള പ്രദേശങ്ങളിൽ നിന്ന് ധനം കുറഞ്ഞ സ്ഥലങ്ങളിലേക്കും പ്രവാഹം ഉണ്ടാവുന്നു. (ഈ ഉന്നത തത്ത്വം ആത്മീയ മേഖലക്കും ബാധകമാണ്. വികാര/വിചാരങ്ങളെ മാറ്റി നിർത്തി, മനസ്സിനെ ശൂന്യതയിലോട്ടു നയിക്കാനുള്ള കഷ്ടം എല്ലാവർക്കും അറിയാമല്ലോ ! പുറമെ നിന്ന് അടിച്ചുകയറിവരുന്ന അനാവശ്യ ചിന്തകൾ മനസ്സിന്റെ ശൂന്യത/ശാന്തതയെ നശിപ്പിക്കാതിരിക്കാൻ 'ഭഗീരഥ പ്രയത്നം' അനിവാര്യമല്ലേ?)

'വസുധൈവ കുടുംബകം' എന്ന ഉന്നത വിചാരധാര, സ്നേഹം, സഹകരണം, ത്യാഗം, ദയ, സഹിഷ്ണുത, സരളത മുതലായ മൗലിക മാനവമൂല്യങ്ങളുടെ അടിത്തറയിൽ കെട്ടിപ്പൊക്കേണ്ട മാനസിക 'മാനംചുമ്പി' മണിമാളികയാണ്. ഈ ഭൂമിയിൽ തന്നെ ഓരോ വ്യക്തിക്കും സ്വർഗ്ഗാനുഭവവും സുഖശാന്തിയും പ്രദാനം ചെയ്യാൻ കഴിവുള്ള ഈ മനോനിലയെ കുട്ടിക്കാലം തൊട്ടു നട്ടുവളർത്തി പോഷിപ്പിച്ചു ജന്മസാഫല്യം നേടാൻ, സമുദായത്തിന്റെ നട്ടെല്ലായ മധ്യവർഗ്ഗത്തിനു കഴിയുമാറാകട്ടെ ! ഈ ദിശയിലോട്ട് അനിവാര്യമായ പ്രചോദനം സദാ നൽകിക്കൊണ്ട്, തുടർന്ന് മാർഗ്ഗദർശനം ചെയ്യുവാൻ നമ്മുടെ മാന്യത ലഭിച്ച ചിന്തകരും ബുദ്ധിജീവികളും മുന്നോട്ടുവരും എന്ന് പ്രാർത്ഥിക്കുന്നു. അല്ലാത്തപക്ഷം 'വിവേക ജീവി' എന്ന് സ്വയം ധരിച്ച പട്ടത്തെ വലിച്ചെറിഞ്ഞ്, ഈ 'മൂന്ന് ദിവസത്തെ മുല്ല വാഴ്ചയോടെ' <u>പിൻഗാമികളുടെ വിധ്വംസകർ</u> എന്ന പദവിപ്പേർ സ്വീകരിക്കേണ്ടിവരും എന്ന് തീർച്ച !

സമുദായത്തിന്റെ നട്ടെല്ലായ മധ്യവർഗ്ഗസുഹൃത്തുക്കളെ ! വരുവിൻ ! ഇഷ്ടാനിഷ്ടങ്ങളാൽ കുരങ്ങുകളിപ്പിക്കാൻ അനുവദിക്കാതെ, ചഞ്ചല മനസ്സിന്മേൽ മേധാവിത്വം സ്ഥാപിച്ചു, 'വസുധൈവ കുടുംബകം' എന്ന ഉത്തമ ആശയത്തെ സാക്ഷാൽക്കരിച്ചു, ചുറ്റുവട്ടത്തിൽ ഒരു ചെറു സ്വർഗ്ഗത്തെ സൃഷ്ടിക്കാൻ ശ്രമിച്ചു, 'വിവേക ജീവി' എന്ന് പട്ടത്തെ വീണ്ടെടുക്കാം. ●

---

# ഓണം വരുന്നു...





**പ്രവീൺ പുള്ളോട്**
**9447509447**

**ഓ**ണമെന്ന് കേൾക്കുമ്പോൾ കുഞ്ഞുന്നാളിൽ പഠിച്ച ഒരു ഗാനമോർമ്മ വരുന്നു....

*'മാവേലി നാട് വാണീടും കാലം*
*മാനുഷ്യരെല്ലാരും ഒന്നു പോലെ....'*

നമ്മുടെ 'കേരളത്തെ' കുറിച്ച് പണ്ട് കേട്ട ഒരു ഗാനം ഓർമ്മിച്ചു എന്ന് മാത്രം. ഇന്ന്, ഈ പ്രളയ കാലത്തും മലയാളി 'ഒന്നു പോലെ' അല്ല... പ്രളയത്തിൽ കഷ്ടപ്പെടുന്നവരെ രക്ഷിക്കാൻ എത്തുന്നവരിൽ 'മനുഷ്യർ' കുറവാണ്...

രക്ഷാപ്രവർത്തനം നടത്തുന്നവർ പലരും – സേവാ ഭാരതി, ആർ. എസ്. എസ്, ഡി. വൈ. എഫ്. ഐ, യൂത്ത് ലീഗ്, സഖാവ്, സംഘി, കൊങ്ങി, സുടാപ്പി, നസ്രാണി, മേത്തൻ അങ്ങനെ എന്തൊക്കെയോ ആണ്...

ഹിന്ദുവിനും, ക്രിസ്ത്യാനിക്കും, മുസ്ലീമിനും വേണ്ടി അമ്പലത്തിലും, ചർച്ചിലും, മോസ്കിലും പ്രത്യേകം പ്രാർത്ഥനകൾ... ദാനം ചെയ്യുന്നവന്റെ മതവും കൊടിയും നോക്കി വാഴ്ത്തിപാടലുകൾ...

രക്ഷാപ്രവർത്തനത്തിൽ ഏർപ്പെടുന്നവരുടെ കണക്ക് പുറത്ത് വിടുന്ന സംഘടനകൾ... അന്നം നൽകുന്ന കൈകളിൽ പച്ചകുത്തിയ പാർട്ടി ചിഹ്നങ്ങൾ... കുറ്റപ്പെടുത്തലുകൾ, അവകാശവാദങ്ങൾ...

നമ്മുടെ ഈ പോക്ക് അപകടത്തിലേക്ക് ആണ്. കാലമിനിയും ഉരുളും, പ്രളയമിനിയും വരും. ആ പ്രളയത്തിൽ ഒരാളും രക്ഷപ്പെടില്ല, കാരണം, ഒരു ഹിന്ദു വന്ന് ഹിന്ദുവിനെ രക്ഷിച്ചു ഹിന്ദുവിന്റെ വാഹനത്തിൽ ഹിന്ദുവിന്റെ ആശുപത്രിയിൽ എത്തിച്ചു ഹിന്ദു ഡോക്ടർ നോക്കി ഹിന്ദുവിന്റെ മെഡിക്കൽ സ്റ്റോറിൽ നിന്നും മരുന്ന് വാങ്ങി ഹിന്ദു രക്തം കയറ്റി രക്ഷപ്പെടുത്താൻ ഉള്ള സാധ്യത കുറവാണ്. അത് തന്നെ ആവും മറ്റുള്ളവരുടേയും അവസ്ഥ. അങ്ങോട്ടാണ് നമ്മുടെ യാത്ര... അങ്ങനെ എങ്കിൽ അടുത്ത പ്രളയം നമ്മൾ അതിജീവിക്കില്ല. എന്നാലും നമുക്ക് വിളിക്കാം, നമ്മുടെ പ്രിയപ്പെട്ട മുദ്രാവാക്യങ്ങൾ... ●

# സമർപ്പണം



പ്രൊഫ. കെ. ശശികുമാർ
9446442081

**അ**കലെനിന്നും അതിരാവിലെ ഒരു സ്വർണ്ണരഥം വരുന്നു. രാജവീഥിയിലൂടെ സ്വർണ്ണരഥത്തിലെഴുന്നെള്ളുന്നത് ഒരുപക്ഷെ, രാജാക്കന്മാരുടെ രാജാവാകും. രാവിലെ, പതിവുപോലെ തെരുവുതെണ്ടാനിറങ്ങിയ യാചകൻ ആകാംക്ഷയോടെ, ഉത്സാഹത്തോടെ വഴിയോരം ചേർന്നുനിന്നു. സ്വർണ്ണരഥം അടുത്തെത്തുമ്പോൾ കൈനീട്ടുക. രാജാധിരാജൻ അറിഞ്ഞുകനിഞ്ഞു നല്കുന്നത് നിസ്സാരമായതൊന്നുമാവില്ലല്ലോ. ഇനിയും ഭിക്ഷാടനം തുടരേണ്ടയാവശ്യം വരികയില്ല.

ഒരു സ്വപ്നം പോലെ കനകരഥം അടുത്തെത്തി. യാചകൻ അങ്ങോട്ടുകൈനീട്ടുന്നതിനുമുമ്പേ സ്വർണ്ണരഥത്തിലിരുന്നയാൾ ഇങ്ങോട്ടു കൈനീട്ടി. എന്നിട്ടു ചോദിച്ചു. എനിക്കുതരാൻ നിന്റെ കൈയ്യിലെന്തുണ്ട്? തെണ്ടിയോടുള്ള തെണ്ടൽ, അല്ലേ ? യാചകൻ തന്റെ തുണിസഞ്ചിയിൽ കൈയ്യിട്ട് പരതി. രാവിലെ കാര്യമായൊന്നും ഭിക്ഷ കിട്ടിയിട്ടുമില്ല. തുണിയിൽ ആകെക്കൂടി പറ്റിപ്പിടിച്ചിരുന്ന ഒരു നെല്ല്, നെന്മണി അതെടുത്തുകൊടുത്തു. അതുംവാങ്ങി, സ്വർണ്ണരഥം അകന്നുപോയി.

അന്നുവൈകുന്നേരം പീടികത്തിണ്ണയിലിരുന്ന് യാചകൻ അന്നത്തെ സമ്പാദ്യം തിട്ടപ്പെടുത്തുന്നു. സഞ്ചിയിൽ നിന്നും കുടഞ്ഞിട്ട നെന്മണികളിൽ അതാ ഒരു പൊന്മണി. സ്വർണ്ണവർണ്ണമുള്ള ഒരു നെല്ല്. യാചകനത്ഭുതമായി. അതിരാവിലെ നടന്ന യാദൃശ്ചികസംഭവമോർത്തു. എന്റെയെല്ലാമെല്ലാം അദ്ദേഹത്തിനു നല്കിയിരുന്നെങ്കിൽ ?

രവീന്ദ്രനാഥ ടാഗോറിന്റെ ഗീതാഞ്ജലിയിലെ മനോഹരമായ ഒരു ഗീതത്തിന്റെ സാരമാണിത്. തുച്ഛമായതെന്തും കൊടുക്കാനും മഹത്തായതൊക്കെ വാങ്ങാനുമല്ലേ നമ്മുടെ മനസ്സിനുത്സാഹം ? വേണ്ടാത്തതൊക്കെ വേണ്ടാത്തവർക്ക് കൊടുക്കുകയും വേണ്ടുന്നതെല്ലാം വേണ്ടപ്പെട്ടവരോടിരന്നുവാങ്ങുകയുമല്ലേ ജീവിതത്തിന്റെ കമ്പോളത്തിൽ നടക്കുന്നത്. എന്തെടുത്താലും പത്ത് രൂപയെന്ന് ഫുട്പാത്തിലെ പാവം കച്ചവടക്കാരൻ വിളിച്ചാർക്കുമ്പോൾ അഞ്ചുരൂപയ്ക്ക് കൊടുക്കുമോ എന്ന് നാം ഉറക്കെ, ഹീനവികാരത്തോടെ വിളിച്ചുചോദിക്കുന്നു. ആ പാവം മനുഷ്യന്റെ നിസ്സഹായമായ മൗനം ശ്രദ്ധിക്കാതെ, സാദ്ധ്യതയറിയിച്ച് തിരിച്ചുവിളിക്കും എന്ന അലസമായ പ്രതീക്ഷയോടെ അല്പം നടന്ന് ഒന്ന് തിരിഞ്ഞുനോക്കി ഒന്നും സംഭവിക്കാത്ത മട്ടിൽ നാം യാത്ര തുടരും.

നിസ്സഹായമായ മൗനം കൊണ്ടുനിഷേധിക്കുന്ന, പ്രതിഷേധിക്കുന്ന ഒരു സംസ്കാര വിശേഷത്തെക്കുറിച്ച് പൗലോഫ്രെയർ എന്ന ചിന്തകൻ രേഖപ്പെടുത്തിയിട്ടുണ്ട്. മൗനസംസ്കാരം, നിശ്ശബ്ദ സംസ്കാരം, Culture of Silence, എന്നെല്ലാം അദ്ദേഹം വിശദീകരിച്ചിരിക്കുന്നു. ഈ മൗനസംസ്കാരത്തിന് വേരുകളും വിത്തുകളുമുണ്ടായി വളരും. കനത്ത ഇരുട്ടിലേക്ക് വെളിച്ചത്തിന്റെ നുറുങ്ങുകൾ ഈ സംസ്കാരം സംഭാവന ചെയ്യും. നിശ്ശബ്ദതസംസ്കാരം മൗനപ്രാർത്ഥനയിലൂടെ പ്രതിഷേധിക്കുമ്പോൾ രക്ഷകരുദയം ചെയ്യും. അധർമ്മവും അസത്യവും അപ്രേമവും അശാന്തിയും മുടിയഴിച്ചു തുള്ളുമ്പോൾ അവതാരപുരുഷന്മാർ അരങ്ങിലെത്തും. സംസ്കാരത്തിന്റെ ശാദ്വലങ്ങളിൽ ബോധിത്തണലുകൾ അങ്ങനെയുണ്ടാവുന്നു.

തുടക്കത്തിൽ സൂചിപ്പിച്ച ടാഗൂറിന്റെ യാചകനാരാണ് ? ഞാനാവാം, താങ്കളാവാം. സ്വന്തം ജീവിതത്തിന്റെ സായന്തനത്തിൽ തിണ്ണയിലിരുന്ന് സമ്പാദ്യങ്ങളുടെ പൊക്കണമഴിച്ചിട്ട് ചേറിക്കൊഴിക്കവേ ഒരു പൊന്മണി കണ്ടിട്ട് എന്റെയെന്റെയെല്ലാമെല്ലാം അങ്ങേയ്ക്ക് നല്കാൻ കഴിഞ്ഞിരുന്നുവെങ്കിൽ എന്ന മനഃപീഡ - ഒബ്സഷൻ - ആർക്കുമുണ്ടാവരുത്. ഈ ആഗ്രഹം എന്റെ സ്വാർത്ഥതയാണ്, അത് നിങ്ങൾക്കുമുണ്ടാവണം.

മൂന്നുവാക്കുകൾ - യജ്ഞം, ദാനം, തപസ്സ്. ജീവിതം ഒരു മഹായജ്ഞമാവട്ടെ എടുക്കുന്നതിനേക്കാൾ കൊടുക്കുന്ന ദാനശീലമുണ്ടാവട്ടെ. പഞ്ചേന്ദ്രിയങ്ങളുടെ നിയന്ത്രണം എന്ന നചം, നചസ്സ് ആചരിക്കുക. അപ്പോൾ മാത്രം സഫലമീ യാത്ര.

■ കവിത

## അനാത്മൻ

ജലജാപ്രസാദ്
9074676288

അന്നത്തിന്റെ അതിർത്തികകത്ത്
ഉണ്ണാനാവാതെ
ഒരു വയറു കിടക്കുന്നുണ്ട്.

ചുട്ട വേനലെങ്കിലും
വന്നവർ വന്നവർ
മേൻമേൽ പുതപ്പിക്കുന്നുണ്ട്.

ഗന്ധമറിയാത്തവനായി
വട്ടത്തിലൊരുക്കിയ പൂക്കൾ
വരിഞ്ഞുമുറുക്കിയ
വള്ളിക്കെട്ടുകളിൽ
വീർപ്പുമുട്ടുന്നുണ്ട്.

നീണ്ടു മെലിഞ്ഞ്
ചുളുങ്ങിച്ചുരുണ്ട്
നിന്റെ മണം
ചുറ്റും പരക്കുന്നുണ്ട്.

വെളിച്ചം
ഒറ്റത്തിരിയിൽ
വിറച്ച് തെളിയുന്നുണ്ട്.

നട്ടുനനച്ച സ്വപ്നങ്ങൾ
പുറത്തു പന്തലിക്കുമ്പോൾ
വെറുംപുറന്തോടായ നീ
അകത്തേക്കൂളിയിട്ട്
മണ്ണിലലിയാൻ...

# എരിശ്ശേരി



**ജയ ചന്ദ്രൻ**
**8593949935**

***ആവശ്യമുള്ളവ :-***

1. നേന്ത്രക്കായ – 1 വലുത് തൊലി കളയാതെ നാലായി മുറിച്ച് കഷ ണങ്ങളാക്കിയത്.
2. ചേന – കായ കഷണത്തിന്റെ നേർ പകുതി.
3. തേങ്ങ ചിരകിയത് – 1 വലുത് (പകുതി അരയ്ക്കാനും പകുതി വറു ത്തെടുക്കാനും)
4. മഞ്ഞൾപൊടി – 1 സ്പൂൺ
5. കുരുമുളകുപൊടി – 1 സ്പൂൺ
6. ജീരകം – അരയ്ക്കാൻ 1 സ്പൂൺ വറുത്തിടാൻ 1 സ്പൂൺ
7. ഉപ്പ് – പാകത്തിന്
8. കടുകുവറക്കാൻ – വെളിച്ചെണ്ണ രണ്ട് വലിയ സ്പൂൺ

***പാകം ചെയ്യുന്ന വിധം***

കായയും ചേനയും കഷ ണങ്ങളാക്കിയത് നിറയെ വെള്ളമൊ ഴിച്ച് മഞ്ഞൾ പൊടിയും കുരുമുളക് പൊടിയും ചേർത്ത് വേവിക്കുക. വെള്ളം വറ്റിവരുമ്പോൾ കഷണ ങ്ങൾ ഒന്ന് ഉടച്ച് കൊടുക്കണം. പാക ത്തിന് ഉപ്പ് ചേർത്ത് പകുതി തേങ്ങ ജീരകം ചേർത്തരച്ചത് ഇതിലേക്ക് ചേർത്തുകൊടുക്കാം. അരിക് തിള ച്ചുവന്നാൽ തീ അണയ്ക്കാം. ഒരു പാനിൽ വെളിച്ചെണ്ണ ചൂടാക്കുമ്പോ ൾ കടുക്, അരമുറി തേങ്ങ ചിരകിയ ത് ഇവയിട്ട് ചുവക്കും വരെ വറക്ക ണം. ഒടുവിൽ ജീരകം ചേർത്ത് വഴ റ്റുക. നല്ലൊരു മണം വന്നാൽ തയ്യാ റാക്കിയ കൂട്ട് പാനിലേക്ക് മാറ്റുക. നന്നായി ഇളക്കിക്കൊടുക്കണം. എ രിശ്ശേരി കട്ടിയാകുന്നതിനാണിങ്ങ നെ ചെയ്യുന്നത്.

NB: ചേന കൂടിപ്പോയാൽ എരിശ്ശേ രിക്ക് വഴുപ്പ് കൂടും. അതുകൊണ്ടാ ണ് കായയുടെ പകുതി മതി എന്ന് പറയുന്നത്.



# ഭാരതീയം

(രണ്ടാം ഭാഗം)



**പ്രൊഫ. വി. കെ. എം. നായർ**
**0491 – 2501782, 9497504782**

**ഇ**ന്ത്യനിസത്തിന്റെ സംഭാ വനയാണ് ധർമ്മശാസ്ത്രങ്ങളും സ് മൃതികളും, സൂക്തങ്ങളും. പാണിനി സംസ്കൃതഭാഷാചാര്യനായിരുന്നു. മനു ആയിരുന്നു ഹിന്ദുമതാചാര്യ നും ധർമ്മശാസ്ത്രങ്ങളുടെ പിതാ വും, മതസംഹിതയുടെ കർത്താ വും. ഉദ്ദേശം 2500 വർഷങ്ങൾക്കുമു മ്പ് എഴുതപ്പെട്ടെന്ന് കരുതപ്പെടുന്ന മനുസ്മൃതിയിൽ, സിവിൽ, ക്രിമിന ൽ, മതം, ആത്മീയം, പൊതുജനാ രോഗ്യം, വ്യക്തിപ്രഭാവം, സാമൂഹ്യ ക്ഷേമം, സാമൂഹ്യബോധം, കുടും ബഭദ്രത തുടങ്ങിയ വിഷയങ്ങൾ അ ടങ്ങിയിരിക്കുന്നു. മനുഷ്യധർമ്മമാ ണ് മനുസ്മൃതിയിലെ പ്രധാന വിഷ യം. 'വിശ്വസാഹിത്യമാല' - അർത്ഥ ശാസ്ത്രം വായിക്കുക.

ധർമ്മപരിപാലനം ആഗോ ളതലത്തിൽ പോലും ഇന്ന് വളരെ പ്ര സക്തമാണ്. ഉദാഹരണത്തിന് എല്ലാ കാലത്തും എവിടേയും സംഭവിക്കു ന്ന വിഷയമാണ് കാമസംബന്ധിയാ യ കാര്യങ്ങൾ. കാമമെന്നാൽ മോഹ മെന്നോ അതിമോഹമെന്നോ അർ ത്ഥം പറയാം. കാമം അതിമോഹവും ദുരാഗ്രഹവുമായി മാറുമ്പോൾ ആ രുടെയെങ്കിലും, അയൽപക്കക്കാ രോ ദൂരദേശക്കാരോ ആരുമാവാം സ്വൈരത നശിപ്പിക്കുന്ന തരത്തിലാ വും. ഇത് തമസ്സാണ്, അനുവദനീ യമല്ല. ഈ അവസരത്തിലാണ് ധർമ്മ പരിപാലനത്തിന്റെ പ്രസക്തി ഉദയം ചെയ്യുന്നത്. ധർമ്മപരിപാലനം യഥാ സമയം നടക്കാതായാൽ, യോഗ്യർ, അയോഗ്യരാവും. അശക്തരായ ബു ദ്ധിമാൻ പോലും അംഗീകാരം കിട്ടാ തെ വലയും. ധർമ്മപരിപാലനത്തിന് നിയോഗിക്കപ്പെട്ടവരെല്ലാം, ജഡ്ജി യായാലും മന്ത്രിയായാലും, മറ്റാരാ യാലും ധർമ്മത്തിന് കീഴെയാണ്. ഈ തത്ത്വം ഇന്ന് ലോകം മുഴുവൻ അംഗീകരിക്കപ്പെട്ടുകഴിഞ്ഞു. ധർമ്മ ത്തിന്റെ ശക്തി സത്യമാണ്. ധർമ്മ പ രിപാലനമാർഗ്ഗം അഹിംസയാണ്. മൃ ദുവായും അതേസമയം ശക്തിയാ യും യുക്തിക്ക് യോജിച്ച രീതിയി ലും ധർമ്മപരിപാലനമാകാം. ധർമ്മം നടത്തേണ്ടവർ ഓർക്കേണ്ടത്, വിന യമാണ്, വ്യക്തിത്വത്തിന്റെ ഗുണമെ ന്നും അഹംഭാവവും, ആക്രോശ വും പൊള്ളയായ അവകാശവാദങ്ങ ളുമല്ലെന്നും ആണ്. സത്യം മിത്രമാ ണെന്നോർക്കുക. ദീർഘദൃഷ്ടിയാ ണ് ധർമ്മപരിപാലകന് വേണ്ടത്. ഒരു ഭരണാധികാരിയും തൽക്കാലത്തെ സ്വയരക്ഷക്കോ, അയാൾ ഉൾപ്പെട്ട കക്ഷിയേയോ ജാതിയേയോ മത ത്തിനേയോ രക്ഷിക്കാൻ വേണ്ടി യോ സത്യത്തിൽ നിന്നും, സ്വന്തം വ്യക്തിത്വത്തിൽ നിന്നും ഒളിച്ചോടു ന്നത് ഭൂഷണമല്ല. ഇന്നത്തെ രക്ഷ നാ ളത്തെ ദുഃഖമാകരുത്. കാട്ടുമൃഗങ്ങ ളിൽ നിന്ന് രക്ഷ നേടാനെന്ന ഭാവേ ന കാടിന് തീവെയ്ക്കുന്നതും നീതി നടത്തേണ്ടവർ കുടിയേറ്റ കർഷക രുടെ രക്ഷയ്ക്കാണ് മുൻഗണന എ ന്ന വാദവുമായി അനീതിയെ പ്രോ ത്സാഹിപ്പിക്കുന്നതും അധർമ്മമാണ്. മണിമന്ദിരങ്ങൾ പണിയാനും ഫ്ളാ റ്റുകൾ കെട്ടിപ്പൊക്കാനും മലകളേ യും കുന്നുകളേയും തുരന്ന് പ്രകൃ തിദേവിയുടെ ശരീരമാകെ കുത്തി മുറിവേൽപ്പിക്കുന്ന, ആവാസ വ്യവ സ്ഥയെ ആകെ തകിടം മറിക്കുന്ന മർക്കടമാഫിയയെ കൂട്ടുപിടിക്കുന്ന

ധർമ്മപരിപാലകർക്ക് വധശിക്ഷയാണ് നൽകേണ്ടത്. അതേപോലെ വൈദ്യുതി ക്ഷാമമെന്ന പേരിൽ വെള്ളച്ചാട്ടം പോലുള്ളവയെ ഇല്ലാതാക്കുന്നതും കൃത്രിമ വെള്ളക്ഷാമം സൃഷ്ടിക്കാൻ ശ്രമിക്കുന്നതും കാട് നശിപ്പിക്കുന്നതും അനീതിക്ക് കൂട്ടു നിൽക്കുന്നതിന് തുല്യമാണ്. കാട് നാടിന്റെ എല്ലാക്കാലത്തേയും ആവശ്യമാണ്. പ്രകൃതി എല്ലാ ജീവജാലങ്ങളുടേയും മാതാവാണ്. സ്വന്തം മാതാവിനെ കൊല്ലാനാജ്ഞാപിക്കുന്നത് മന്ത്രിയായാലും ആ മന്ത്രിക്ക് വധശിക്ഷ നൽകാൻ ജനങ്ങൾ തയ്യാറാകണം. ശിക്ഷ വിധിക്കേണ്ടത് ജനങ്ങളാണ്. ധർമ്മപരിപാലനത്തിൽ ജാതിയില്ല, മതമില്ല, കക്ഷിഭേദമില്ല, വോട്ടുബാങ്കില്ല, നീതി മാത്രം, നന്മ മാത്രമാണുള്ളതും വേണ്ടതും. എല്ലാത്തിനും പരിഹാരം കുടുംബഭദ്രതയാണ്. കുടുംബാംഗങ്ങളുടെ ആരോഗ്യം, വിദ്യാഭ്യാസം, സാമ്പത്തികനില മെച്ചപ്പെടുത്തൽ ഇവ മൂന്നിലും ശ്രദ്ധ വെച്ചാൽ ഭൗതിക നേട്ടങ്ങൾക്ക് അടിത്തറയായി. ആരോഗ്യവും വിദ്യയും ഭൗതികനേട്ടങ്ങൾക്ക് മാത്രമല്ല, മാനസികവും ആത്മീയവുമായ കാര്യങ്ങൾക്ക് കൂടിയാണ് എന്ന ബോധം വളർന്നാൽ ധർമ്മപരിപാലനം ശാന്തമായും സ്വസ്ഥമായും ചെയ്യാനാവും. ഏത് നന്മയും എതിർക്കപ്പെടുന്നതിന് കാരണം ആത്മബോധക്കുറവാണ്. ആത്മീയ ശാന്തി നേടാത്തവന് ഒരിക്കലും ഭൗതികതലത്തിലും ശാന്തി ലഭിക്കുകയില്ല. ഇത് ലോകതത്ത്വമാണ്. ചരിത്രം തെളിയിച്ചിട്ടുള്ളതാണ്. മനുവിന്റെ 'നീതിശാസ്ത്ര'ത്തിലൂടെ, തിരുവള്ളുവരുടെ 'തിരുക്കുറളി'ലൂടെ ഇന്ത്യ അത് ലോകത്തിന് സമർപ്പിക്കുകയാണ് ചെയ്തത്. ഇന്ത്യൻ തത്ത്വശാസ്ത്രവും നീതിശാസ്ത്രവും ഇവിടെ അവസാനിക്കുന്നില്ല.

ശക്തികൾട്ടിന് ആഗോളതലത്തിൽ പ്രാധാന്യമുള്ളതാക്കി മാറ്റിയതിൽ പ്രഥമപരിഗണന നൽകേണ്ടത് ഇന്ത്യനിസത്തിനാണ്. സ്ത്രീയെ ശക്തിയുടെ പ്രതീകമായി കണ്ടതും ആരാധിച്ചതും ഇന്ത്യയിലാണ്. ശക്തിയെന്നതിന് തത്തുല്യ ആംഗലപദം Energy യാണ്. Energy യുടെ എല്ലാ രൂപമാറ്റത്തിനും ആധാരമായി നിൽക്കുന്ന അത്ഭുതപ്രതിഭാസമാണ് സ്ത്രീ. പുരുഷൻ മാത്രമല്ല, സ്ത്രീയും ആരാധിക്കപ്പെടേണ്ടവൾ തന്നെ. കുടുംബഭദ്രതയിൽ പുരുഷനോളം പ്രാധാന്യം സ്ത്രീക്കുമുണ്ട്. പ്രകൃതിയുടെ പര്യായമാണ് സ്ത്രീ. ഭൂമിദേവിയുടെ മാതാവാണ് പ്രകൃതി. ആദിശങ്കരന്റെ അഭിപ്രായത്തിൽ സൃഷ്ടാവിന് പോലും പ്രകൃതിയുടെ അനുഗ്രഹാശിസ്സുകൾ ഇല്ലാതെ സൃഷ്ടി ചെയ്യാനാവില്ലയെന്നാണ്. ശക്തികൾട്ട് വേദിസ്റ്റുകളുടേതല്ലായെന്ന് അഭിപ്രായമാണ് വേദിസ്റ്റുകൾക്കുള്ളത്. ദാസന്മാർ (Dasyus) ആര്യമതത്തിൽപ്പെട്ടവരല്ലായെന്ന് 'The cultured heritage of India'യിൽ ആവർത്തിച്ച് രേഖപ്പെടുത്തുന്നു. '...Dasyus were phallus worshippers and did not follow the ritual of fire worship' Vol 1, Page 224 ഇത് വെറും അഭ്യൂഹമാകാം. എഴുതപ്പെടാത്ത ചരിത്രമായതുകൊണ്ടും പിന്നീട് അഗ്നി ആരാധനയ്ക്ക് വന്ന മാറ്റം കണക്കിലെടുത്തും ഈ അഭ്യൂഹം ശരിയായിരിക്കാമെന്ന ധാരണയിൽ മുമ്പോട്ടു പോകാതെ തരമില്ലായെന്ന് വരുന്നു. Fire worshippers അല്ലാത്തവരെല്ലാം ദാസന്മാരായിരുന്നോ എന്നതും സംശയാസ്പദമാണ്. സിന്ധുനദീതട സംസ്കാരവാസികൾ വെള്ളപ്പൊക്കത്താലോ മറ്റു പ്രകൃതിക്ഷോഭത്താലോ സിന്ധുനദീതടം ഉപേക്ഷിച്ച് ഇന്ത്യയുടെ പല ഭാഗങ്ങളിലും അഭയം തേടിയിരിക്കാമെന്നും അവശേഷിച്ച കുറച്ചുപേരെ Fire worshippers ആയ ഇൻഡോ ആര്യൻസ് യുദ്ധത്തിൽ തോൽപ്പിച്ച് അവരുടെ കൂട്ടത്തിൽ ചേർത്തിരിക്കാമെന്നും അഭ്യൂഹമുണ്ട്. സിന്ധുനദീതടസംസ്കാരം Mother Goddess നും പശുപതികൾട്ടിനും മുഖ്യത്വം കൊടുത്തിരുന്നവരാണെന്നതിന് ചില തെളിവുകൾ അവശേഷിക്കുന്നു. പശുപതികൾട്ടാണ് ശിവകൾട്ടായി മാറിയെന്നാണൊരു അഭ്യൂഹം. മദർ ഗോഡസ്സ് ആരാധന ശക്തികൾട്ടായും മാറിയിട്ടുണ്ടാവാം. ശിവശക്തികൾട്ട് ഫയർ വൊർഷിപ്പേഴ്സിന്റെ പ്രാധാന്യം ഇല്ലാതായപ്പോൾ ഇന്ത്യ മുഴുവൻ വ്യാപിച്ചു എന്നതും ദക്ഷിണേന്ത്യയിൽ ശിവ-ശക്തികൾട്ടിന് അഭൂതപൂർവമായ അംഗീകാരം ലഭിച്ചു എന്നതും ചരിത്രസത്യം തന്നെ. ശിവൻ ഒരു 'ആന്റി വേദിസ്റ്റാ'യിരുന്നു എന്നതിന് വേദങ്ങൾ സാക്ഷ്യം വഹിക്കുന്നു എങ്കിലും ഈ വിഷയങ്ങൾ ഇപ്പോൾ തികച്ചും അപ്രസക്തമാണ്.

ജപ്പാൻ, ചൈന, സിലോൺ, ജാവ മുതലായ രാജ്യങ്ങളിൽ പ്രചാരം സിദ്ധിച്ച ബുദ്ധമതം ഇന്ത്യയുടെ സംഭാവനയാണ്. ഒരുപക്ഷേ യജ്ഞസമ്പ്രദായത്തിനും (യാഗം, ഹോമം തുടങ്ങിയവ) ആര്യമതക്കാരുടെ ഔദ്ധത്യത്തിനുമെതിരായിട്ടാവണം ജൈനബുദ്ധമതങ്ങൾ ആവിർഭവിച്ചത്. ശൈവ, വൈഷ്ണവ മതങ്ങൾക്കും അതിൽ പങ്കുണ്ട്. ബുദ്ധ ജൈന വൈഷ്ണവ ശൈവ സാഹിത്യവും മറ്റ് കലകളും ഇന്ത്യനിസത്തിന്റെ സ്വത്താണ്. പ്രാകൃത പാലിഭാഷകളോടൊപ്പം ഇന്ത്യയിൽ സംസ്കൃതത്തിന്റെ പ്രേരണയാലും അല്ലാതേയും പല ഭാഷയും ആവിർഭവിച്ചതും ഈ കാലഘട്ടത്തിന്റെ പ്രത്യേകതയാണ്. മൗര്യരാജവംശവും ബുദ്ധമതവും തമ്മിലുള്ള ബന്ധം ചരിത്രം രേഖപ്പെടുത്തിയിട്ടുണ്ട്. ലോകരാജവംശങ്ങളിൽ ഏത് രാജവംശത്തോടും കിടപിടിക്കത്തക്ക ഗാംഭീര്യവും ആഢ്യത്വവും മൗര്യരാജവംശത്തിനുണ്ടായിരുന്നു എന്നതും ചരിത്രരേഖകൾ വെളിപ്പെടുത്തുന്നു. ചന്ദ്രഗുപ്തമൗര്യന്റെ ചെറുമകനായിരുന്നു അശോകൻ (death in 232 BC), അശോകചക്രവർത്തിയുടെ ശിലാലിഖിതങ്ങൾ ലോകചരിത്രത്തിലെ ഏറ്റവും പഴമയേറിയ ശിലാലിഖിതങ്ങളിൽ ഒന്നാണ്. 2000ൽ കൂടുതൽ പഴക്കമുള്ള ശിലാലിഖിതങ്ങളും ഇന്ത്യനിസത്തിന്റെ അമൂല്യസംഭാവന തന്നെ.

ഇന്ത്യനിസത്തിന്റെ സംഭാവന മതങ്ങളിലും അതിനോടനുബന്ധിച്ച തത്ത്വശാസ്ത്രങ്ങളിലും മാത്രം ഒതുങ്ങിനിൽക്കുന്നില്ല. ഇന്ത്യൻ കലാപാടവങ്ങളുടെ തനിമ അനിഷേധ്യമാണ്. സിന്ധുനദീതട സംസ്കാരത്തിൽ തുടങ്ങി ഇന്നോളം അത് തുടരുന്നു. 5000 വർഷം മുൻപ് നിർമ്മി

ച്ച മോഹൻജദാരോ ഹാരപ്പായിൽ നിന്ന് കിട്ടിയ ചുട്ട കളിമൺ പാത്രങ്ങൾ, പിച്ചളയിൽ തീർത്ത പ്രതിമ, മുത്തുകൾ കൊണ്ട് തീർത്ത വിവിധയിനം ആഭരണങ്ങൾ, വെള്ളിയിലും സ്വർണ്ണത്തിലും തീർത്ത ആഭരണങ്ങൾ, സീലുകൾ, ഇഷ്ടിക കൊണ്ട് തീർത്ത ഗ്രേയ്റ്റ് ബാത്ത് അതിവിശിഷ്ടമായ പുരാതന സംഭാവനയാണ്.


ഗുജറാത്ത് അഹമ്മദാബാദ് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു കിട്ടിയ ശിലാലിഖിതവും പ്രത്യേക ശ്രദ്ധ അർഹിക്കുന്നവതന്നെ. ശിലാ ലിഖിതങ്ങൾ മാത്രമല്ല, അന്നത്തെ ഗ്രന്ഥങ്ങൾ സൂചിപ്പിക്കുന്നതും മൃഗസംരക്ഷണം, വാസ്തുവിദ്യ, വാനനിരീക്ഷണം, കൃഷിസമ്പ്രദായങ്ങൾ, യുദ്ധോപകരണങ്ങളുടെ നിർമ്മിതി എന്നീ മേഖലകളിലും അസൂയാർഹമായ പ്രാവീണ്യം നേടിയവരായിരുന്നു തദ്ദേശവാസികൾ എന്നാണ്. കൂടാതെ ആയുർവേദം, യോഗശാസ്ത്രം, മെറ്റലർജി, ആഭരണനിർമ്മാണം എന്നീ തുറകളിലും പാടവം പ്രദർശിപ്പിച്ചവരാണ് ഇന്ത്യക്കാർ. ഋഗ്വേദത്തിൽ കൃത്രിമ തുടയെല്ല് ലോഹത്തിൽ തീർത്ത് ഉപയോഗപ്രദമാക്കിയെന്ന സൂചനയുണ്ട്. ഋഗ്വേദത്തിലും ഇതിഹാസങ്ങളിലും മൂന്ന് ചക്രങ്ങളുള്ള അതിവേഗതേരുകളെക്കുറിച്ച് പ്രസ്താവനകളുണ്ട്. ആൽക്കമിയിലും മദ്യസ്വേദനത്തിലും മികച്ച പാടവം നേടിയവരായിരുന്നു ഇവർ. അന്നുള്ള ഈ കലാനിപുണരാരും അവർ പ്രത്യേകം മേഖലകളിൽ നേടിയ പ്രാവീണ്യം എഴുതിവെയ്ക്കാൻ ശ്രമിച്ചില്ലായെന്നത് ഇന്നൊരു നഷ്ടമായി നമുക്ക് അനുഭവപ്പെടുന്നു. കല്ലിൽ കലകളും കവിതകളും രചിക്കുക മാത്രമല്ല, പെയിന്റിംഗിലും അവർ അസാമാന്യ പാടവം ഉള്ളവരായിരുന്നു. എട്ടാം ശതാബ്ദമായപ്പോഴേക്കും അക്കങ്ങളും അവയുടെ ദശാംശസ്ഥാനങ്ങളും അവർക്ക് സുപരിചിതമായിരുന്നു. മഹാവീരാചാരിയുടെ 'ഗണിതസംഗ്രഹം' അതിന് ഉത്തമദൃഷ്ടാന്തമായി കരുതാവുന്നതാണ്. ലോഹസങ്കരങ്ങളെക്കുറിച്ചും ഒന്നു മുതൽ കോടി വരെയുള്ള സംഖ്യകളെക്കുറിച്ചുമെല്ലാം യജുർവേദസംഹിതയിൽ പ്രസ്താവങ്ങളുണ്ട് എന്നതും മറക്കാൻ പാടില്ല.

400 ബി. സി. മുതൽ ക്ഷേത്രഗണിതം ബീജഗണിതം മുതലായ വിഷയങ്ങളിൽ പാണ്ഡിത്യം നേടിയിരുന്നു എന്നതിനും സൂചനകളുണ്ട്. എ. ഡി. രണ്ടാം ശതകമായപ്പോഴേക്കും ജ്യോതിഷം ഒരു ശാസ്ത്രീയ പഠനവിഷയമായി കഴിഞ്ഞിരുന്നു. പതഞ്ജലിയുടെ യോഗസൂത്രവും വാത്സ്യായന്റെ കാമസൂത്രവും ആരോഗ്യലൈംഗിക വിഷയങ്ങളിൽ പുരാതന ഇന്ത്യക്കുള്ള താൽപര്യം വെളിവാക്കുന്നു.


പ്രഭാതം ഒരു നർത്തകിയെപ്പോലെ മന്ദം മന്ദം വരുന്നു എന്ന വിവരണം ഋഗ്വേദത്തിൽ കാണാം. അതിൽ നിന്ന മനസ്സിലാക്കേണ്ടത് വേദകാലത്തുതന്നെ നൃത്തം ഉണ്ടായിരുന്നു എന്നാണ്. നൃത്ത നാടകരംഗത്തും ഇന്ത്യയുടേതായ പുരോഗതി പുരാതനകാലത്തെ ഇന്ത്യക്ക് നേടാനായി എന്നതും ഇന്ത്യനിസത്തിന്റെ നേട്ടമായി വേണം കണക്കാക്കാൻ. ഭരതനാട്യം, കഥക്, കുച്ചിപ്പുടി, ഒഡീസ്സി, കഥകളി, മണിപ്പുരി, മോഹിനിയാട്ടം എന്നീ നൃത്തനൃത്ത്യകലകൾ ഇന്ത്യനിസത്തിന്റെ സംഭാവനയാണ്. ക്രിസ്തു വർഷാരംഭത്തിന് രണ്ട് ശതാബ്ദങ്ങൾക്ക് മുൻപ് ഭരതമുനിയാൽ രചിക്കപ്പെട്ട 'നാട്യശാസ്ത്രം' നൃത്തകലയുടെ ആധികാരിക ഗ്രന്ഥമായി കരുതപ്പെടുന്നു. രസഭാവങ്ങളെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം എ. ഡി. രണ്ടാം ശതകത്തിലാണ് എഴുതപ്പെട്ടതെന്ന് വാദിക്കുന്ന കൂട്ടരുമുണ്ട്. 'അഭിനയദർപ്പണ', 'നാട്യദർപ്പണ', 'ഭാവപ്രകാശ' തുടങ്ങിയ ഗ്രന്ഥങ്ങൾ ഈ വിഷയത്തിൽ പിന്നീടുണ്ടായ ഗ്രന്ഥങ്ങളാണ്. ശൈവരും, വൈഷ്ണവരും ശാക്തേയരുമാണ് നൃത്തനൃത്ത്യങ്ങൾ പ്രാദേശിക തനിമയോടെ അരങ്ങേറാൻ സഹായിച്ചത്. മിക്ക നാടകനൃത്തരൂപങ്ങളും ദൈവങ്ങൾക്കായി ഒരുക്കിവെച്ച സ്ഥലങ്ങളിലാണ് അരങ്ങേറിയത്. വിഷ്ണുവോ, ശിവനോ, ശക്തിയുടെ രൂപമോ ആകും ദൈവസങ്കല്പം. കഥ പറയാൻ പ്രാദേശിക ഭാഷയുടെ സഹായവും ഉണ്ടായിരുന്നു. നാടകനൃത്ത നൃത്ത്യങ്ങളുമായി ഇന്ത്യ ചുറ്റിസഞ്ചരിച്ച് പ്രചാരം കൊടുത്ത നാടോടികൾക്ക് പ്രത്യേക നാടോ വീടോ സ്വന്തമായി ഉണ്ടായിരുന്നില്ല. എവിടെ കൂട്ടമായി എത്തുന്നുവോ അവിടെ തമ്പടിക്കുക, പാട്ടും നൃത്തവും അരങ്ങേറുക, കുറച്ചുനാൾ കഴിഞ്ഞ് ആ സ്ഥലം ഉപേക്ഷിച്ച് മറ്റൊരു സ്ഥലം അന്വേഷിച്ച് പോകുക എന്ന നാടോടി സമ്പ്രദായം കലയെ പോഷിപ്പിക്കാൻ ഉതകുന്ന മാതിരിയായിരുന്നു എന്നുമാത്രമല്ല, വൈഷ്ണവ, ശൈവ മതങ്ങൾക്ക് പ്രചാരം നേടിക്കൊടുക്കാനും പോന്ന തരത്തിലായിരുന്നു.

(തുടരും)

രാജൻ കിണറ്റിങ്കര, 8691034228



# മിന്നും... മിന്നിത്തിളങ്ങും...



**മുക്കം ഭാസി**
**9846138693**

**ക**ണ്ടിട്ടില്ലേ ചാനലുകളിൽ ഒരു പരസ്യം രണ്ടുനടന്മാർ അപ്പുറവും ഇപ്പുറവും ഇരുന്നുപറയുന്നു. ഒരാൾ – 'മിന്നും...' മറ്റയാൾ – 'മിന്നിത്തിളങ്ങും...' വീണ്ടും രണ്ടാമത്തെയാൾ – 'മിന്നും... !' ഒന്നാമത്തവൻ – 'മിന്നിത്തിളങ്ങും !' ഏതോ ഒരു പെയ്ന്റിന്റെ പരസ്യമാണ്. ആവട്ടെ. നമുക്കെന്ത് ചേതം ? എന്നാൽ കുട്ടിക്കാലത്ത് നാം പഠിച്ച ഒരു പഴഞ്ചൊല്ലുണ്ട്. എന്താണെന്നല്ലേ ? മിന്നുന്നതെല്ലാം പൊന്നല്ല...

ജീവിതം ജീവിച്ചുതീർക്കുമ്പോഴാണ് ഈ ചൊല്ലിന്റെ ആത്മാവ് കൂടുതൽ അറിയുന്നത്. തിരിഞ്ഞു നോക്കുമ്പോൾ ഓരോരുത്തർക്കും ഓരോ കഥ പറയാനുണ്ടാവും. നമ്മൾ നന്മയുടെ പ്രതീകമായി കണ്ടവർ. നൂറുശതമാനവും സത്യസന്ധമെന്ന് കരുതിയവർ, വിശ്വസ്തർ ! അപകടസന്ധിയിൽ നമ്മുടെ രക്ഷിതാക്കളെന്ന് വിശ്വസിയ്ക്കപ്പെട്ടവർ ! അത്തരം ആളുകൾ പ്രതിസന്ധിയിൽ നമ്മെ കൈവിടുമ്പോഴുള്ള ഒറ്റപ്പെടലുണ്ടല്ലോ. വേദനയും, നിരാശയും, ദുഃഖവും. അതനുഭവിയ്ക്കുമ്പോൾ മാത്രമേ അതിന്റെ വ്യാപ്തി ഗ്രഹിയ്ക്കാനാവൂ.

പത്തോ പന്ത്രണ്ടോ വയസ്സു കാണും എനിയ്ക്ക് – ഒരു ലോകവിവരവുമില്ല. കോഴിക്കോട് പട്ടണം കണ്ടിട്ടില്ല. എന്റെ 'ഠ' വട്ടമാണ് ലോകം ! നാടുവിട്ടുപോയ ഒരു ഗോപാലകൃഷ്ണൻ നായർ വളരെ കാലത്തിനുശേഷം ഉദ്യോഗസ്ഥനായി തിരിച്ചെത്തുന്നു. റെയിൽവേയിലാണ് പണി.

വരാൻ കാരണം മറ്റൊന്നുമല്ല. ജ്യേഷ്ഠന്റെ അപേക്ഷപ്രകാരമാണ് വരവ്. അദ്ദേഹം ക്ഷയരോഗബാധിതനായി കിടപ്പിലാണ്. 'ഇന്നോ നാളെയോ' എന്ന അവസ്ഥ. ധാരാളം സ്വത്തുണ്ട്. ഒരു മകനുണ്ടെങ്കിലും അവനെ ആട്ടിപ്പുറത്താക്കിയിരിയ്ക്കയാണ്. താല്ക്കാലികമായി ഒരു ഭാര്യയുണ്ട് കൂടെ. അനിയനെ വിളിച്ചുവരുത്തി സ്വത്തെല്ലാം അയാളുടെ പേരിലാക്കുന്നു. ഉദ്യോഗം രാജിവെയ്ക്കാനാവശ്യപ്പെടുന്നു.

സ്വത്തിലും പണത്തിലും കണ്ണ് മഞ്ഞളിച്ച അനിയൻ ഉദ്യോഗം രാജിവെക്കുന്നു. ഏറെ താമസിയാതെ ജ്യേഷ്ഠൻ മരിയ്ക്കുന്നു. താത്ക്കാലിക ഭാര്യയെ 'നക്കാപ്പിച്ച' കൊടുത്ത് പറഞ്ഞയയ്ക്കുന്നു. വിവാഹിതനും രണ്ടുമൂന്നു കുട്ടികളുടെ പിതാവുമായ അനിയൻ ജീവിതം അടിച്ചുപൊളിയ്ക്കുന്നു. അച്ഛനുമായിട്ട് നല്ല അടുപ്പമാണ്. ഇടയ്ക്കിടെ വീട്ടിൽ വരും. അയൽവാസിയാണ്. ഒരുദിവസം സംസാരമദ്ധ്യേ പറഞ്ഞു – "നാളെ ഗുരുവായൂർക്ക് ഒന്ന് പോണം. കൂടെ മകളുമുണ്ട്. പോരാത്തതിന് അയൽവീട്ടിലെ ജാനകി അമ്മയുടെ ഏക മകൻ സുകുമാരനും. സുകുമാരന് പ്രായം പതിനാല്. സുന്ദരൻ, സുശീലൻ. അത്യാവശ്യം സ്വത്തുമുണ്ട്. മകളെ സുകുമാരനെ കൊണ്ട് കെട്ടിയ്ക്കണമെന്ന ഒരു ഉള്ളിലിരിപ്പ് മൂപ്പർക്കുണ്ട്.

അപ്പോൾ എനിയ്ക്കുമൊരു പൂതി, ഗുരുവായൂർക്ക് പോകാൻ. ഞാൻ അച്ഛനോട് കേണപേക്ഷിച്ചു. അച്ഛൻ സമ്മതിച്ചു. നായരുടെ സമ്മതത്തോടെ പിറ്റേന്ന് നായരുടെ കൂടെ ഗുരുവായൂർക്ക്.

ഞാൻ ലോകം കാണുകയാണ്. അങ്ങാടി, തീവണ്ടി, ഗുരുവായൂർ... ഗുരുവായൂരപ്പൻ ! അന്ന് അവിടെ കഴിഞ്ഞു. പിറ്റേന്ന് തൊഴുതു. വേറെ ഒന്നു രണ്ടു ക്ഷേത്രത്തിലും പോയി നാട്ടിലേയ്ക്ക് തിരിച്ചു. രാത്രിയായപ്പോൾ കോഴിക്കോട്ടെത്തി. അക്കാലത്ത് മുക്കത്തേയ്ക്ക് രണ്ടേരണ്ടു ബസ്സ്. അത് അരിബസ്സ്. ലാസ്റ്റ് ബസ്സാണ്. പുറപ്പെടാൻ കാത്തുനിൽക്കുന്നു. കൗണ്ടറിൽ ടിക്കറ്റു കൊടുത്തുകൊണ്ടിരിയ്ക്കുന്നു. ഓരോരുത്തർക്കും ഒരു ടിക്കറ്റ്. പെണ്ണുങ്ങൾക്ക് രണ്ട്. വരിയിൽ ഞാനും നിന്നെങ്കിലും ഇടിച്ചുകയറാൻ വയ്യ !

എന്റെ അടുത്ത് എത്തുന്നതിനുമുമ്പ് തന്നെ ടിക്കറ്റ് തീർന്നു. നായർക്ക് ഒരു ടിക്കറ്റ്, മകൾക്ക് രണ്ടു ടിക്കറ്റ്. മകളുടെ ഒരു ടിക്കറ്റ് സുകുമാരന്. ഭാവിവരനാവാൻ പോകുന്നവന് !

എനിയ്ക്ക് മാത്രം ടിക്കറ്റില്ല. സമയം രാത്രി. കോഴിക്കോട് പട്ടണം. എട്ടും പൊട്ടും തിരിയാത്ത ഞാനെന്ത് ചെയ്യും.

നായരും മകളും സുകുമാരനും ബസ്സിൽ സീറ്റുറപ്പിച്ചു. ഡ്രൈവർ സീറ്റിൽ കയറി. ബസ്സ് സ്റ്റാർട്ടാക്കി. എന്നെ തിരിഞ്ഞുനോക്കിയില്ല നായർ. അച്ഛൻ വിശ്വസ്തതയോടെ ഏൽപ്പിച്ചതാണ് എന്നെ. എന്നിട്ട് ഒരു നഗരത്തിന്റെ നടുക്ക് വലിച്ചെറിഞ്ഞ് അയാൾ പോകുകയാണ്... ഞാൻ നാളേയ്ക്ക് ജീവിയ്ക്കുമോ എന്നു പോലും അറിയില്ല !

വണ്ടി ഹോണടിച്ചു. കണ്ടക്ടർ ബസ്സിൽ കയറി. ഒരൊറ്റ കുതിപ്പിന് ഞാനും വണ്ടിയിൽ ചാടിക്കയറി. ഒരു പൊട്ടിക്കരച്ചിലാണ്. യാത്രക്കാരുടെ ശ്രദ്ധ എന്റെ നേർക്ക് ! കണ്ടക്ടർ എന്റെ അടുത്തു വന്നു ചോദിച്ചു – "എന്തുപറ്റി ?"

ഞാൻ പൊട്ടിക്കരഞ്ഞു കൊണ്ട് പറഞ്ഞു ടിക്കറ്റില്ല ! കിട്ടിയില്ല.

## ■ ഓർമ്മച്ചിത്രങ്ങൾ

"എവിടെയാ വീട് ?"

വീട് പറഞ്ഞു. മാത്രമല്ല, കണ്ടക്ടറുടെ വീടിന്റെ അങ്ങാടിയ്ക്കടുത്ത് ഹോട്ടൽ കച്ചവടം നടത്തുന്ന അമ്മാവന്റെ പേരും പറഞ്ഞു. "ഞാൻ... നായരുടെ മരുമകനാണ്." എല്ലാം ഏങ്ങലടിച്ച് കരഞ്ഞുകൊണ്ട് അയാൾക്ക് ദയ തോന്നി. "കരയണ്ട... മോൻ ബസ്സിലിരുന്നോ !"

അപ്പോഴും ഗോപാലകൃഷ്ണൻ നായരും, മകളും സീറ്റിലമർന്നിരിയ്ക്കയാണ്. പറയൂ... മിന്നുന്നതെല്ലാം പൊന്നാണോ ?

(തുടരും)

## ■ കവിത

# കൈമാറ്റം

ദിലീപൻ
7034633555

നാറാണത്തെ വട്ട്
കൈമാറിയേറ്റവൻ
കാലിലായിരുന്നില്ല
മന്ത്,
ഹൃദയത്തിലായിരുന്നു...
വെച്ചുമാറാൻ
മറ്റൊന്നില്ലാത്തവിധം.

ഏതൊരു
സന്തോഷനിമിഷ-
ത്തിന്നൊടുക്കവും
നിന്റെ ശിരസ്സിലേക്ക്
നോവിന്റെ ഭാരിച്ച
കല്ലുരുട്ടികയറ്റി
കൈവിട്ട്, കൈയ്യടിച്ച്
ആർത്തുചിരിച്ചവൻ

ഞാനാണ് ഗുരുനാഥൻ.
ആൾക്കൂട്ടത്തിലും
നീ ഒറ്റയെന്നും,
ചിരികൾക്കക്കരെ
കണ്ണീരുണ്ടെന്നും
നിന്നെ പഠിപ്പിച്ചവൻ.

ഞാനാണ് ഭ്രാന്തൻ.
ജീവിച്ചിരുന്നവരേക്കാൾ
മൃതിയടഞ്ഞവരെ
കൂട്ടുപിടിച്ചവൻ
നാറാണത്തെ
പിന്മുറക്കാരൻ...

## ■ ലേഖനം

# ഓർമ്മയിൽ ഓണം



മനോഹരി സി. ബി.
9400681668

**ഓ**ണം കേരളീയരുടെ ദേശീയോത്സവമാണല്ലോ. ജാതിമത ഭേദമന്യേ എല്ലാവരും കേരളത്തിൽ ഓണം ആഘോഷിക്കുന്നു. എന്നാൽ ഓണവുമായി ബന്ധപ്പെട്ട ചടങ്ങുകൾ എല്ലായിടത്തും ഒരു പോലെയല്ല നടന്നുവരുന്നത് എന്നുകാണാം. ഹിന്ദു വിഭാഗങ്ങളുമായി ബന്ധപ്പെട്ടാണ് ഈ ആചാരങ്ങൾ എങ്കിലും ഹിന്ദുക്കൾക്കിടയിൽ തന്നെ പലരും പലതരത്തിലാണ് ഓണം കൊണ്ടാടുന്നത്.

മഹാബലിയെക്കുറിച്ചുള്ള കഥകൾ എല്ലാവർക്കും അറിയാമെങ്കിലും പഴയ ആചാരങ്ങൾ എങ്ങിനെ ആയിരുന്നു എന്ന് പലർക്കും നിശ്ചയമുണ്ടോ എന്നത് സംശയമാണ്. പഴയ കാര്യങ്ങളെല്ലാം അതേപടി തുടർന്നിട്ട് എന്താണ് കാര്യം എന്ന് ചിന്തിക്കുമായിരിക്കാം. ജീവിതത്തിൽ ചില ആഘോഷങ്ങളൊക്കെ വേണ്ടേ എന്നുമാത്രമേ പറയാനുള്ളു. മുന്നൂറ്റ റുപത്തഞ്ചുദിവസവും ഒരു പ്രത്യേകതകളുമില്ലാതെ കടന്നുപോകുന്നതിനേക്കാൾ നല്ലത് ഇടക്ക് പൊതുവായി ചില ആഘോഷങ്ങൾ ഉണ്ടാകുന്നതല്ലേ. അതിന്റെ ആവശ്യങ്ങളും ഗുണങ്ങളും പലതാണ്. അതിനാലാണ് എല്ലാ നാടുകളിലും എല്ലാ മതങ്ങളിലും ദൈവീകസ്പർശമുള്ള ഒട്ടനവധി ആചാരാഘോഷങ്ങൾ സങ്കൽപ്പിച്ച് നിശ്ചയിച്ചിട്ടുള്ളത്. ദൈവീകമാകുമ്പോൾ അതിന് പരിപാവന കൂടും. എല്ലാ ഐതിഹ്യങ്ങളും പിന്തുടർന്നുവരുന്ന വിശ്വാസങ്ങൾ മാത്രം.

മഹാബലിയുടെ കഥയിലേക്ക് ഞാനിപ്പോൾ പോകുന്നില്ല. എങ്കിലും എന്റെ സ്വന്തം നാടായ തൃശ്ശൂരിൽ എന്റെ കുഞ്ഞുനാൾ മുതൽ ഓണം ആഘോഷിച്ചുവന്നിരുന്ന രീതിയെക്കുറിച്ച് ആധികാരികമായിപ്പറയാൻ എനിക്കുകഴിയും.

ചിങ്ങമാസത്തിലെ തിരുവോണം നാളിലാണല്ലോ നാം ഓണം കൊണ്ടാടുന്നത്. ചിങ്ങത്തിലെ അത്തം മുതലാണ് ഞങ്ങളുടെ നാട്ടിൽ ഓണാഘോഷം ആരംഭിക്കുന്നത്. അത്തം നാൾ മുതൽ ദിവസവും രാവിലെ മുറ്റത്ത് പൂക്കളം തീർക്കാൻ തുടങ്ങും. വൈക്കീട്ട് സ്കൂൾ വിട്ടുവന്നാൽ പൂപ്പറിക്കാൻ കൂട്ടുകാരൊത്ത് ആഘോഷമായാണ് പോവുക. വേലിയിലും വഴിയരികിലും നിൽക്കുന്ന പൂമൊട്ടുകൾ പറിച്ച് പൂവട്ടിയിലിടും. ഇതിനായി കൈതോലകൊണ്ടുണ്ടാക്കിയ പൂവട്ടികൾ ഞങ്ങൾക്കുണ്ടായിരുന്നു. വട്ടി നിറയെ പൂക്കളുമായാണ് തിരിച്ചുവരിക. തൂവെള്ള നിറത്തിലുള്ള തുമ്പപ്പൂവാണ് ഏറ്റവും പ്രധാനം. ഈ പൂക്കളിലെല്ലാം അല്പം വെള്ളം തളിച്ച് സൂക്ഷിച്ചുവയ്ക്കും. അടുത്തദിവസം രാവിലെ മുറ്റത്ത് ഭംഗിയിൽ പൂക്കളം തീർക്കും. സാധാരണയായി പെൺകുട്ടികളും സ്ത്രീകളുമാണ് പൂക്കളമിടുന്നത്. മുറ്റത്തെ മണ്ണ് വൃത്താകൃതിയിൽ പറ്റെ അടിച്ചുവാരി മാറ്റിയ ശേഷം ചാണകം മെഴുകി അതിലാണ് പൂവിടുക. (പാലക്കാട് ജില്ലയിൽ ചില വീടുകളിൽ ചിങ്ങം ഒന്ന് മുതലും ചിലർ കർക്കിടകം മുതലും പൂവിടുന്നതായി കാണുന്നു.) ഞങ്ങൾ സാധാരണയായി ഉത്രാടം വരെയാണ് പൂവിടാറുള്ളത്. മഹാബലിയെ വരവേൽക്കാനാണ് ഇപ്രകാരം ചെയ്യുന്നതെന്നാണ് വിശ്വാസം. ഉത്രാടം ദിവസം രാത്രി അല്ലെങ്കിൽ തിരുവോണം ദിവസം പുലർച്ചെ തൃക്കാക്കരയപ്പനെ വെച്ച് 'ഓണം കൊള്ളൽ' എന്ന ചടങ്ങ് നടത്തുന്നു.

ഈ ദിവസമാകുമ്പോഴേക്കും ചാണകം മെഴുകി പൂവിട്ടിരുന്ന സ്ഥലത്ത് അമ്മ മണ്ണുകൊണ്ട് ഒരു ചെറിയതറ (പൂത്തറ) ഉണ്ടാക്കും. അതിന്റെ വശങ്ങളിൽ ചുളിവുകളുണ്ടാക്കി അതിൽ പ്രത്യേകം നിറങ്ങൾ തേക്കും. തറയുടെ മുകളിൽ ചാണകം കരിക്കൂട്ടി തേച്ച് ഭംഗിയാക്കും. ഇതിനു പുറത്താണ് തൃക്കാക്കരയപ്പനെ പ്രതിഷ്ഠിക്കുന്നത്. തറയുടെ മുകളിൽ അരിമാവ് കൊണ്ട് അണിഞ്ഞ് അതിന് മുകളിൽ ഒരു പീഠം (പലക) വെച്ച് അതിനും മുകളിൽ ഒരു നാക്കില വെക്കും. ഇവയിലും അരിമാവ് കൊണ്ട് ഭംഗിയിൽ അണിയും. ഈ ഇലയിലാണ് മണ്ണുകൊണ്ടോ മരം കൊണ്ടോ ഉണ്ടാക്കിയ തൃക്കാക്കരയപ്പൻ പ്രതിമ സ്ഥാപിക്കുന്നത്. മഴക്കാലമായതിനാൽ തറക്കുമുകളിലായി ഓല മേഞ്ഞ ഒരു ചെറിയ പുരയും ഉണ്ടാക്കാറുണ്ട്.

ഓണത്തിന് പ്രതിഷ്ഠിക്കുന്നത് മഹാബലിയേയാണ് എന്നാണ് പലരുടേയും ധാരണ. എന്നാൽ തൃക്കാക്കരയപ്പൻ സാക്ഷാൽ മഹാവിഷ്ണുവിനെയാണ് പ്രതീകാത്മകമായിവെച്ച് പൂജിക്കുന്നത് എന്നതാണ് വാസ്തവം. ഇന്ത്യയിൽ വാമന പ്രതിഷ്ഠയുള്ള ക്ഷേത്രങ്ങളിൽ പ്രധാനപ്പെട്ടതാണ് തൃക്കാക്കര ക്ഷേത്രം. വാമനൻ വിഷ്ണുവിന്റെ അവതാരമാണല്ലോ.

എന്തിനാണ് നാം ഇപ്രകാരം ചെയ്യുന്നത് ? മഹാവിഷ്ണുവിനാലാണ് മഹാബലി പാതാളലോകം പൂകിയതും അതേ വിഷ്ണുവിനാൽ തന്നെയാണ് വർഷാവർഷം സ്വന്തം നാട് വന്നുകാണുവാനുള്ള വരം നേടിയതും. ചിങ്ങമാസത്തിൽ തിരുവോണം ദിവസമാണ് ഈ സന്ദർശനത്തിന് നിശ്ചയിച്ച ദിവസം. അപ്രകാരം വരുന്ന അതിഥിയെ വരവേൽക്കാനാണ് വിഷ്ണുഭഗവാൻ വീടുവീടാന്തരം എഴുന്നള്ളി നിൽക്കുന്നത്.

---

■ കവിത



**ദീപ സന്തോഷ്**
**9745649599**

# പശ്ചിമഘട്ടത്തോട്

അവശേഷിച്ചുനിൽക്കുന്ന
ഒരൊറ്റക്കുന്നിന്റെ ഉദരത്തിൽ
ഒരുപിടി വിത്തുമായ് പറ്റിപ്പിടിച്ചുകയറുന്നു
ഒരു കൗമാരം...
ഒട്ടേറെ പിടച്ചിലുകൾ കണ്ട ആന്തലിൽ നിന്നു
മെന്തൊക്കെയോ പുലമ്പുന്നുണ്ടവൻ
തലതാഴ്ത്തി നിൽക്കുന്ന കുന്നിൻ നെറുകെയിലെത്തി
പടിഞ്ഞാറുനോക്കി പകച്ചുനിൽക്കുന്നുണ്ട്
മുഖവുരയില്ലാതെ വിളിച്ചുചോദിക്കുന്നുണ്ട്
അമ്മതൻ മാറിലെ ശേഷിച്ച ചേലയും
തട്ടിത്തെറിപ്പിച്ച പുത്രനെ മുക്കുവാൻ
മാന്തിപ്പൊളിച്ചൊരാ മാറിൽ നിന്നും
നീ ഒഴുക്കും ക്ഷീരം മറുപടിയോ ?
മധുരപ്രതികാരമാണെന്നറിയാതെ
മധുരദുഗ്ധം ആർത്തിപൂണ്ടു വറ്റിച്ചതും
എണ്ണമറ്റിങ്ങനെ ചത്തുവീഴുന്നതും
നീ തീർത്ത കലിക്കെണിയായിരുന്നോ?
നിന്നാർത്തവത്തിന്നശുദ്ധിയാൽ, നീയിന്ന്
മാലോകരെയാകെ മുക്കിടുന്നു
അമ്മതൻ ശുദ്ധത മക്കൾക്കശുദ്ധിയായ്
തൊട്ടുകൂടായ്കയായ് തീർത്ത മഹാൻ
നിൻ ചുടുചോര തൻ പൊള്ളലിൽ വെന്തിന്ന്
വെണ്ണീറായ് മാറുന്നു, സാക്ഷിയായ് നീ...
ദുർബലമേനിയിൽ പൊട്ടിച്ച പാറകൾ
ചിതറിയതെല്ലാം പകുത്തുനെഞ്ചം
പൊട്ടിയ നെഞ്ചിന്റെ കൂടുകളൊക്കെയും
നിൻ രക്ഷാകവചമായ് മാറ്റീടുക.
കാട്ടാളഭൈരവർ കാട്ടുന്ന നിഷ്ഠൂര
കാട്ടാളത്തത്തിനു മറുപടിയായ്
ജൂൺ അഞ്ചിനന്നു കുരുന്നുകൈകാൽ ഞങ്ങൾ
തൈകളേറെ നാട്ടിൽ പാകിയില്ലേ.
അവൻതൻ പരിഭവം കേട്ടിട്ടും കേൾക്കാത്ത
ഭാവത്തിൽ കലിതുള്ളി നിൽപ്പുണ്ടാ പശ്ചിമം
കാലാട്ടി നിൽപ്പുണ്ട്, ആർത്തിരമ്പുന്നുണ്ട്
അട്ടഹസിപ്പുണ്ട്, ഇളകിയാടുന്നുണ്ട്,
തോൾക്കുലുക്കത്താലേ അവൻ നിൽക്കും കുന്നും
അടിയോടിളക്കി തെറിപ്പിച്ചിടുന്നുണ്ട്.
തെറ്റുന്ന കാലടികൾക്കൊപ്പം മറിഞ്ഞവൻ
ദീനമായ് നോക്കുന്നു, വീണ്ടും പറയുന്നു
'അപരാധികൾതൻ അഹന്തക്കു നീ നൽകും
മറുപടിയിലമരുന്നു... 'അപരാധികളല്ല ഞങ്ങൾ'
ആടുന്നു ഞാൻ... നിന്നിൽ മറിയുന്നു ഞാൻ...
നിന്നിൽ പാകുന്നു ഞാൻ... പ്രായശ്ചിത്തമാം
വിത്തുകൾ.
അവശേഷിച്ചുനിൽക്കുന്ന കുന്നിന്റെ നെറുകയിലെ
മണ്ണിനോടൊപ്പമായ് ഒഴുകിയകലുന്നു...
പിടികളയഞ്ഞീടുന്നു, ദൃഷ്ടികൾ കൂമ്പുന്നു
അവ്യക്തമായെന്തോ പിന്നെയും ചോദിപ്പൂ...
പകപോക്കലായിരുന്നോ...? അതോ
ഓർമ്മപ്പെടുത്തലായിരുന്നോ ?
എൻചോദ്യമിനിയുള്ളമാലോർക്കേകണം
അതിനുള്ള മറുപടി അവരെനിക്കേകണം
കേട്ടിടാനായെന്നെ മരമായ് വളർത്തണം
അതുകേട്ടെൻ പുഷ്പങ്ങൾ പുഞ്ചിരിച്ചീടണം
അവസാനമായ് ഇളംചുണ്ടുകൾ മന്ത്രിപ്പൂ...
പകപോക്കലായിരുന്നോ...? അതോ
വെറും ഓർമ്മപ്പെടുത്തലായിരുന്നോ...?

അതുകൊണ്ടാണ് തിരുവോണത്തിന് തലേന്നാൾ തന്നെ നാം തൃക്കാക്കരയപ്പനെ മുറ്റത്ത് പ്രതിഷ്ഠിക്കുന്നത്. വിഷ്ണു ദൈവമാണല്ലോ. അതിനാൽ നാം ആ ദൈവത്തെ സ്ഥാപിച്ച് പൂജകളെല്ലാം അർപ്പിക്കുന്നു. അതിഥി സ്വീകരണത്തിന്റെ ഒരു മഹത്തായ മാതൃക.

ഒറ്റപ്പാലം തുടങ്ങി പല സ്ഥലങ്ങളിലും 'മാതോരെ' പ്രതിഷ്ഠിക്കുന്നു എന്നാണ് പറഞ്ഞുവരുന്നത്. എന്റെ നാട്ടിൽ എല്ലാ വീടുകളിലും ഓണം കൊള്ളാറുണ്ട്. എന്തെങ്കിലും ശൂന്യം (വേണ്ടപ്പെട്ടവരാരെങ്കിലും മരണപ്പെട്ടാൽ) ഉണ്ടെങ്കിൽ മാത്രമാണ് ആ വർഷം ഓണം കൊള്ളാത്തത്. എന്നാൽ കേരളത്തിൽ പല ജില്ലകളിലും ഇപ്രകാരം ചെയ്യുന്നതായി കാണുന്നില്ല. ഒറ്റപ്പാലത്ത് എന്റെ ഭർതൃവീടിനടുത്ത് ചില വീടുകളിൽ മാത്രം ഓണം കൊള്ളുന്നു (തൃക്കാക്കരയപ്പനെ പ്രതിഷ്ഠിക്കുന്നു). മറ്റുള്ളവർക്കൊന്നും അതിൽ ഒരു പ്രാധാന്യവും ഉള്ളതായി തോന്നിയില്ല. ഇപ്പോൾ പാലക്കാട് താമസമാക്കിയപ്പോൾ എന്റെ അയൽ വീടുകളിലൊന്നും തന്നെ തൃക്കാക്കരയപ്പനെ വെക്കുന്നതായി കാണാറില്ല.

ഇനി ഞങ്ങൾ ഓണം കൊള്ളുന്ന രീതി നോക്കാം. പ്രധാനപ്പെട്ട ഒരു പ്രതിമയോടൊപ്പം രണ്ടോ മൂന്നോ ചെറിയവ കൂടി വെക്കാറുണ്ട്. ഇവയിലെല്ലാം ചെങ്കല്ല് അരച്ചുപുരട്ടി ചുവപ്പുനിറമാക്കിയിരിക്കും. അല്പം അരിമാവ് ഇതിന് മുകളിലൂടേയും ഒഴിക്കാറുണ്ട്. അരച്ച ചന്ദനം കൊണ്ട് പ്രതിമകളിൽ കുറി വരക്കും. ശേഷം പലനിറത്തിലുള്ള പൂക്കൾ കുത്തി വെച്ച് ഭംഗിയാക്കും. മഞ്ഞ നിറത്തിലുള്ള രാജമല്ലിപ്പൂ പ്രധാനമാണ്. മറ്റു പൂക്കളും ഈർക്കിലിൽ കുത്തി ബിംബത്തിൽ കുത്തിവെക്കും. പിന്നീട് തറയിൽ വെച്ച് നാക്കിലയിൽ പ്രതിഷ്ഠിക്കും. ഇലയിൽ പ്രതിമക്ക് ചുറ്റും ധാരാളം തുമ്പക്കുടങ്ങളും തുളസിയിലയും വിതറിയിടും.

നിലവിളക്ക്, വെള്ളം നിറച്ച കിണ്ടി, ഇടങ്ങഴികളിൽ നിറച്ച നെല്ല്, അരി, അരച്ച ചന്ദനം, ചന്ദനത്തിരി, ഒരു പാത്രത്തിൽ കനൽ, പലതരം പൂക്കൾ, കർപ്പൂരം, തേങ്ങ തുടങ്ങിയ പൂജാവസ്തുക്കളും പ്രധാനനിവേദ്യമായി പൂവട (ഉപ്പും മധുരവും ചേർക്കാത്ത അട)യും തയ്യാറാക്കിയിരിക്കും. ഞങ്ങൾ കുട്ടികളായിരുന്നപ്പോൾ ജ്യേഷ്ഠനെ കൊണ്ടാണ് അമ്മ പൂജകൾ ചെയ്യിക്കാറ്. ചേട്ടൻ പൂവ്, ജലം, ചന്ദനം, കനലിലിട്ട കർപ്പൂരം ഇവ ഉപയോഗിച്ച് പൂജകൾ നടത്തിയ ശേഷം തേങ്ങ ഉടയ്ക്കും. അതിലെ വെള്ളം രണ്ടു മുറികളും ഒപ്പമാക്കിയ ശേഷം അതിൽ ഓരോ തുളസിയിലയിട്ട് അത് പ്രതിഷ്ഠക്കു മുന്നിൽ വെക്കും. പൂജ കഴിഞ്ഞെഴുന്നേറ്റ ശേഷം ഈ വെള്ളം പുറപ്പുറത്തേക്കൊഴിക്കും. ഇതിനുശേഷം കുട്ടികളെല്ലാം ചേർന്ന് ആർപ്പുവിളി തുടങ്ങും. ആർപ്പുവിളി ഓരോ വീടുകളിൽ നിന്നും കേട്ടുകൊണ്ടിരിക്കും. പിന്നീടുള്ള ദിവസങ്ങളിൽ രാവിലേയും വൈകീട്ടും വിളക്കുകൊളുത്തി വെച്ച് പഴം നുറുക്ക്, ശർക്കര വരട്ടി തുടങ്ങിയ വസ്തുക്കൾ നേദിക്കുകയാണ് എന്റെ വീട്ടിൽ പതിവ്. എന്നാൽ ഒറ്റപ്പാലത്തെ എന്റെ ഭർതൃവീട്ടിൽ ഓണസദ്യ കാലായാൽ അത് ആദ്യം ഈ പ്രതിഷ്ഠയ്ക്കുമുന്നിൽ വിളമ്പിയശേഷമേ മറ്റുള്ളവർ കഴിക്കൂ.

വിഭവ സമൃദ്ധമായ ഉച്ചയൂണിന് പുഴുങ്ങിയ നേന്ത്രപ്പഴം, പപ്പടം, ഇഞ്ചിപ്പുളി, നാരങ്ങ, (വടുകപ്പുളി നാരങ്ങ അച്ചാർ) ശർക്കരവരട്ടി, നാലുനുറുക്ക് ഇവയൊന്നും ഒഴിച്ചുകൂടാനാകാത്ത വിഭവങ്ങളാണ്. നാല് ഓണം വരെയാണ് എല്ലാവരും ആഘോഷിച്ചിരുന്നത്. രണ്ടാം ദിവസം അവിട്ടം നാൾ മത്സ്യമാംസാദികൾ ഉപയോഗിക്കുന്നവർ ഇവിടെ അത്തരം വിഭവങ്ങളും ഒരുക്കാറുണ്ട്. മറ്റു ദിവസങ്ങളിൽ പച്ചക്കറി സദ്യ തന്നെ.

നാല് ഓണം എന്നാൽ തിരുവോണം, അവിട്ടം, ചതയം, പൂരോരുട്ടാതി ഇവയാണ്. ഉത്രാടം ദിവസത്തിന് ഓണത്തോളം തന്നെ പ്രാധാന്യം മലയാളി കൊടുക്കുന്നുണ്ട്. പത്തുദിവസത്തെ ഒരുക്കങ്ങളുടെ അവസാനദിനവും ഓണത്തോട് തൊട്ടുനില്ക്കുന്ന ദിവസവുമാണല്ലോ. അത്തരം പ്രാധാന്യങ്ങളെല്ലാം കണക്കിലെടുത്ത് ഉത്രാടത്തിന് 'ഒന്നാം ഓണം' എന്ന സ്ഥാനപ്പേരുതന്നെ നൽകിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ ആദ്യത്തെ ഓണം തിരുവോണം തന്നെയാണ്. 'അത്തം പത്തോണം' എന്നാണല്ലോ ചൊല്ല്. ഉത്രാടത്തിന്റെ ഈ സ്ഥാനപ്പേരിനെ കണക്കിലെടുത്തുകൊണ്ട് ഇപ്പോൾ ഇറങ്ങുന്ന കലണ്ടറുകളിലെല്ലാം ഉത്രാടത്തെ ഒന്നാം ഓണം എന്ന് രേഖപ്പെടുത്തിയാണ് ഇറക്കുന്നത്. സ്വാഭാവികമായും തിരുവോണത്തിന്റെ കള്ളിയിൽ രണ്ടാം ഓണം എന്നും തുടർന്ന് മൂന്നാം ഓണം നാലാം ഓണം എന്നും എഴുതിവരുന്നു. ചുരുക്കത്തിൽ യഥാർത്ഥ നാലാം ഓണം പുറത്ത്. ഈ ഒരറിവാണ് ഇതു കാണുന്ന ആളുകൾക്കുണ്ടാവുന്നത്. ഇത് തിരുത്തപ്പെടേണ്ടതാണ്.

ഓണത്തിന് കോടി ഉടുക്കുന്ന പതിവ് ആരും തന്നെ മുടക്കാറില്ല. തിരുവോണം സ്വന്തം വീട്ടിൽ ആഘോഷിച്ച ശേഷമേ ബന്ധുവീടുകളിലേക്ക് വിരുന്നു പോവുകയുള്ളു. എന്റെ വീടിനടുത്ത് സ്ത്രീകൾ ഒന്നിച്ചുചേർന്ന് കൈകൊട്ടിക്കളി നടത്താറുണ്ട്. ധാരാളം പേർ ഇതു കാണാനെത്തും. കുട്ടികൾ പുലി വേഷം കെട്ടി പുലിക്കളിയും ദേഹത്ത് പുല്ലും മറ്റും വെച്ചുകെട്ടി കുമ്മാട്ടിക്കളിയുമായി വീടുകൾ തോറും കയറിയിറങ്ങുക പതിവായിരുന്നു. നാലാമോണ ദിവസം സന്ധ്യക്ക് വിളക്കുവെച്ച് നേദിച്ച് അന്നുരാത്രി തന്നെ അമ്മ തൃക്കാക്കരയപ്പൻ പ്രതിമകളെ എടുത്തുമാറ്റും. ശേഷം അവയിലെ പൂക്കളും മറ്റും എടുത്തുമാറ്റി പൂക്കളും വാഴയിലയും ചേർത്ത് പുരപ്പുറത്തേക്കിടുകയാണ് പതിവ്. നാലാമോണം ചൊവ്വ, വെള്ളി തുടങ്ങി ദിവസങ്ങളിലാണെങ്കിൽ അതിനടുത്ത ദിവസം രാവിലെയേ ഇവ എടുത്തുമാറ്റുകയുള്ളു.

ഇതോടെ ഒരു ഓണാഘോഷം പൂർണ്ണമാകും. പൂവിടുന്ന തറ ഉടനെ പൊളിച്ചുമാറ്റില്ല. കാരണം അടുത്ത മാസങ്ങളിലായി ചില ചെറിയോണങ്ങൾ കൂടി വരാനുണ്ട്. അതിനായി തറ നിലനിർത്തും.

# ജീവിതശൈലീ രോഗങ്ങൾ

**അ**ടുത്തകാലങ്ങളിൽ വാർത്താപ്രാധാന്യം നേടിയ ഒരു വിഷയമാണ്, ലൈഫ് സ്റ്റൈൽ ഡിസീസസ് അഥവാ ജീവിതശൈലീ രോഗങ്ങൾ. ഇത്തരം രോഗങ്ങൾ മലയാളികളുടെ ഇടയിൽ കൂടിവരികയാണെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. സാക്ഷരതയും അറിവും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലുണ്ടെന്ന് ഊറ്റം കൊള്ളുന്നവരുമാണ് നമ്മൾ. എന്നാൽ ആരോഗ്യസംരക്ഷണത്തിൽ മലയാളികൾ അത്രയ്ക്ക് ആകുലരാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. നമ്മുടെ ജീവിതരീതി തന്നെയാണ്, ഇന്ന് നമ്മുടെ ആരോഗ്യത്തിന് പ്രധാന തടസ്സമാകുന്നത് എന്നത് ദുഃഖകരമായ സത്യം.

എന്താണ് ജീവിതശൈലീ രോഗങ്ങൾ എന്നതുകൊണ്ട് അർത്ഥമാക്കുന്നത്? നമ്മുടെ കായികപരവും, ഭക്ഷണപരവും, ദുരുപയോഗപരമായുമുള്ള വ്യതിയാനങ്ങൾ കൊണ്ടുണ്ടാകുന്ന രോഗങ്ങളെയാണ് ഇത്തരത്തിൽ ഉദ്ദേശിക്കുന്നത്. ഇത് നമ്മൾ മാറ്റി ശീലിച്ച എല്ലാ സ്വഭാവങ്ങളും ചേർത്താണ്. ഇത്തരം രോഗങ്ങളുടെ വിശദശാംശങ്ങൾക്കുപരി, ഇതിന്റെ ദൂരവ്യാപകമായ പ്രശ്നങ്ങളിലേക്കുള്ള ഒരെത്തിനോട്ടം മാത്രമാണീ ലേഖനം.

മദ്യം, മയക്കുമരുന്ന്, പുകയിലയുപയോഗം എന്നിവ മാത്രമല്ല ഇത്തരം രോഗങ്ങൾക്ക് ഹേതു. ഒരു ദുശ്ശീലവുമില്ലാത്ത ആളുകൾക്കും ഇത്തരം രോഗങ്ങൾ വരാമെന്നർത്ഥം. നമ്മുടെ തെറ്റായ ഭക്ഷണരീതി, വ്യായാമക്കുറവ് തുടങ്ങിയവയും ജീവിതശൈലീ രോഗങ്ങൾക്ക് കാരണമാകുന്നു എന്ന് പലപ്പോഴും ചിന്തിക്കാറില്ല.

മദ്യം അമിതമായി ഉപയോഗിക്കുന്നവരാണ് മലയാളികൾ. മദ്യപിക്കുവാനുള്ള അവസരങ്ങൾ ഒഴിവാക്കാത്തവരും, അതിനായി അവസരങ്ങൾ സൃഷ്ടിക്കുന്നവരുമാണ് മലയാളികൾ എന്ന് പറഞ്ഞാൽ തെ



ഡോ സുനീത് മാത്യു
09486382600

റ്റാകില്ല എന്ന് തോന്നുന്നു. മദ്യത്തിന്റെ ഉപയോഗം കേരളത്തിൽ വർദ്ധിച്ചുവരികയാണെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. മദ്യം മൂലമുണ്ടാകുന്ന ആരോഗ്യപ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് നോക്കാം. പ്രതിരോധിക്കുവാൻ കഴിയുന്ന മരണങ്ങളിൽ മുഖ്യസ്ഥാനം മദ്യപാനത്തിനുണ്ട്. കരൾ രോഗങ്ങളാണ് മദ്യപാനികൾ നേരിടുന്ന പ്രധാന പ്രശ്നം. ആദ്യഘട്ടങ്ങളിൽ തിരിച്ചറിയുന്ന കരൾ രോഗങ്ങൾ മദ്യം നിറുത്തുക വഴിയും മരുന്നുകൾ വഴിയും ഗുണപ്പെടുത്താനാകുമെങ്കിലും, സിറോസിസ് എന്ന ഗുരുതര രോഗാവസ്ഥയിലെത്തിയാൽ ചികിത്സ വഴിമുട്ടുക തന്നെ ചെയ്യും.

പാൻക്രിയാസിന്റെ വീക്കമാണ് മദ്യപാനികൾക്കുണ്ടാകുന്ന മറ്റൊരു പ്രശ്നം. വായ, അന്നനാളം, ആമാശയം, കുടൽ, മലാശയം, ഗുദം തുടങ്ങിയവയുടെ അർബുദം ആണ് മറ്റൊരു വെല്ലുവിളി. മദ്യത്തിനൊപ്പം പുകയിലയും ചേരുമ്പോഴാണ് ഇത്തരം അർബുദ സാധ്യത പലമടങ്ങ് വർദ്ധിക്കുന്നത്. മദ്യത്തോടൊപ്പം പുകവലിയും മലയാളികൾ അന്തസ്സായി കാണുന്ന ഒരു ശീലമാണല്ലോ.

അർബുദം പോലെയുള്ള വലിയ രോഗങ്ങൾ വരുന്നതിനു മുൻപുതന്നെ ഉദര, കുടൽ രോഗങ്ങൾ മദ്യപരിൽ പൊതുവെ കാണപ്പെടുന്നുണ്ട്. മദ്യം ദഹനവ്യവസ്ഥയിൽ നൽകുന്ന ആഘാതമാണ് ഇതിന് കാരണം. ജീവകങ്ങളുടെയും, പോഷകാഹാരത്തിന്റെയും കുറവുണ്ടാക്കുക വഴി നമ്മുടെ രോഗപ്രതിരോധശക്തിയിൽ കാര്യമായ കുറവുണ്ടാക്കുക, അനുബന്ധ രോഗങ്ങളുണ്ടാക്കുക, തലച്ചോറിലെ രാസവസ്തുക്കളുടെ പ്രവർത്തനം താറുമാറാക്കി മറവിയടക്കമുള്ള രോഗങ്ങളുണ്ടാക്കുക തുടങ്ങി പലതിനും മദ്യം കാരണമാകുന്നുണ്ട്. അസ്ഥികളുടെ ബലക്ഷയമാണ് എടുത്തുപറയേണ്ട മറ്റൊരു പ്രശ്നം.

പുകയിലയുടെ ദുരുപയോഗമുണ്ടാക്കുന്ന പ്രശ്നങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളത് ഹൃദ്രോഗങ്ങൾ തന്നെയാണ്. പുകയിലയിലടങ്ങിയിട്ടുള്ള 'നിക്കോട്ടിൻ' എന്ന രാസവസ്തു നമ്മുടെ ശരീരത്തിലെ രക്തക്കുഴലുകളെ ചുരുക്കിക്കളയും എന്നത് തന്നെയാണ് പ്രധാന പ്രശ്നം. രക്തക്കുഴലുകളെ ക്ഷയപ്പെടുത്തുന്ന പ്രമേഹ രോഗമുള്ളവരിൽ പുകയില നൽകുന്ന ആഘാതം വളരെ വലുതാണ്. പ്രമേഹവും രക്താതിസമ്മർദ്ദവും ഉള്ളവരിൽ ഇത് ചിന്തകൾക്കും അപ്പുറത്താണ്. രക്തധമനികൾ പൊട്ടിയുണ്ടാകുന്ന 'സ്ട്രോക്' എന്ന അവസ്ഥയുണ്ടാക്കുന്ന തളർവാതങ്ങളും ഇത്തരക്കാരിൽ കൂടുതലായിരിക്കും. ഇതെല്ലം നമുക്ക് തടയാവുന്ന രോഗങ്ങൾ തന്നെ. ഒരാൾ പുകയില ഉപയോഗം നിറുത്തുകയാണെങ്കിൽ അഞ്ചു വർഷത്തിനകം അയാൾക്ക് ഇത്തരം രോഗങ്ങൾ ബാധിക്കുന്നത് നാലിലൊന്നായി കുറയ്ക്കുവാൻ കഴിയും.

അർബുദങ്ങളാണ് പുകവലിയുടെയും പുകയിലയുൽപ്പന്നങ്ങളുടെയും മറ്റൊരു പ്രധാന പ്രശ്നം. വായ, ശ്വാസകോശങ്ങൾ, കരൾ എന്നിവയുടെ അർബുദങ്ങൾക്കു മുഖ്യഹേതു ഇതാണെന്നു സ്ഥിരീകരിച്ചിട്ടുണ്ട്. കാലിലേക്കുള്ള രക്തപ്രവാഹം തടസ്സപ്പെടുത്തുക, ലൈംഗീക

## ആരോഗ്യം

പ്രശ്നങ്ങൾ പ്രത്യേകിച്ചും ഉദ്ധാരണക്കുറവ് ഉണ്ടാക്കുക തുടങ്ങി പുകവലിക്ക് പല ആരോഗ്യപ്രശ്നങ്ങളും ഉണ്ടാക്കുവാൻ കഴിയും. പുകവലിക്കെതിരായ ബോധവൽക്കരണം പുകവലിയെ ചെറുതായി കുറച്ചിട്ടുണ്ടെന്നു കരുതേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് പൊതുസ്ഥലങ്ങളിലെങ്കിലും.

മദ്യം, മയക്കുമരുന്നുകൾ തുടങ്ങിയവയുടെ സാമ്പത്തികവും ഗാർഹീകവുമായ പ്രശ്നങ്ങളെക്കുറിച്ച് ഞാൻ ഈ ലേഖനത്തിൽ പ്രതിപാദിക്കുന്നില്ല. എങ്കിലും ഇവ മൂലമുണ്ടാകുന്ന അപകടങ്ങളും, മരണങ്ങളും സൂചിപ്പിക്കാതിരിക്കുവാൻ കഴിയുന്നില്ല. റോഡിലുണ്ടാകുന്ന പല അപകടങ്ങൾക്കും പിന്നിൽ ഇവ തന്നെയാകണം. പലതും ഒഴിവാക്കാൻ പറ്റുമായിരുന്ന അപകടങ്ങൾ തന്നെയായിരുന്നിരിക്കണം.

മരുന്നുകളുടെ ദുരുപയോഗമാണ് മറ്റൊരു പ്രശ്നം. ഡോക്ടർമാരുടെ നിർദ്ദേശമില്ലാതെ മരുന്ന് കഴിക്കുന്നതിലും മലയാളികൾ മുന്നിൽത്തന്നെ. 'പാരസെറ്റാമോൾ' എന്ന പനി ഗുളികയാണ് ഇതിൽ പ്രധാന വില്ലൻ. ഭക്ഷണം കഴിക്കുന്നതുപോലെയാണ്, ഇത് നമ്മൾ കഴിച്ചുകൂട്ടുന്നത്. കരൾ രോഗങ്ങൾക്ക് മദ്യം പോലെ തന്നെ ഒരു പ്രധാന കാരണവും ഇതിന്റെ ദുരുപയോഗം തന്നെ. ഇത്തരത്തിൽ ആരോഗ്യത്തിനു ഹാനികരമാകുന്ന മരുന്നുകൾ വേറെയുമുണ്ട്. ഡോക്ടറുടെ നിർദ്ദേശപ്രകാരം മാത്രം മരുന്ന് കഴിക്കുക എന്നതാണിതിന് ഏക പരിഹാരം.

ശരിയായ വ്യായാമമില്ലായ്മയാണ് നമ്മൾ നേരിടുന്ന മറ്റൊരു പ്രശ്നം. അമിതവണ്ണം മാത്രമല്ല ഇതിന്റെ യഥാർത്ഥ പ്രശ്നം. രക്താതിസമ്മർദം, പ്രമേഹം, ഹൃദ്രോഗങ്ങൾ, സ്തനാർബുദം, കുടലിലെ അർബുദം, അസ്ഥിബലക്ഷയം തുടങ്ങിയവയ്ക്കും ഇത് കാരണമാകാറുണ്ട്. തൊട്ടടുത്ത കടയിലേക്ക് പോലും നടന്നു പോകാത്ത ഒരവസ്ഥയിലേക്ക് മലയാളികൾ മാറിക്കഴിഞ്ഞിരിക്കുന്നു. കൃത്യമായ വ്യായാമം വിഷാദരോഗം ബാധിക്കാതിരിക്കുവാനും അനിവാര്യമാണ്. ഇന്ന് കൂടിവരുന്ന വിഷാദരോഗത്തിന് ഒരുപക്ഷേ ഇതും ഒരു കാരണമായിരിക്കും.

പാശ്ചാത്യരെ, അതുപോലെ തന്നെ അനുകരിക്കുക എന്നൊരു പ്രവണതയും നമുക്കുണ്ട്. അവരുടെ ഭക്ഷണരീതികൾ നമ്മൾ അതേപോലെ തന്നെ അനുകരിച്ചു കഴിഞ്ഞു. കാലാവസ്ഥ, ജീവിത സാഹചര്യങ്ങൾ തുടങ്ങിയവ തികച്ചും വ്യത്യസ്തമായിരിക്കേ, ഈ അനുകരണം നമ്മിൽ വലിയ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ചൈനയിൽ കുറച്ചുകാലം മുൻപ് വരെ തടിച്ചവരേയും, വയറുചാടിയവരേയും കാണുവാൻ സാധിക്കുമായിരുന്നില്ല. ഡോമിനോസും, മക്ഡൊണാൾഡ്സും, കെ എഫ് സി യും അവിടെ ബ്രാഞ്ചുകൾ തുടങ്ങിയതോടെ അവരുടെ ശരീര പ്രകൃതവും മാറിത്തുടങ്ങിയിരിക്കുന്നു. അത്രയേറെയാണ് ഈ ഭക്ഷണ രീതി ഉണ്ടാക്കുന്ന മാറ്റങ്ങൾ.

ഉയർന്നതോതിൽ പഞ്ചസാര അടങ്ങിയിരിക്കുന്ന ഭക്ഷണങ്ങളും പാനീയങ്ങളും ഉണ്ടാക്കുന്ന ആരോഗ്യപ്രശ്നങ്ങൾ വളരെ വലുതാണ്. ഉയർന്നുവരുന്ന അർബുദ രോഗങ്ങൾക്ക് പ്രധാന കാരണമായി കണ്ടെത്തിയിട്ടുള്ളതും ഉയർന്ന തോതിലുള്ള പഞ്ചസാരയുടെ അമിതോപയാഗമാണ്. അമേരിക്കയിലും ഓസ്ട്രേലിയയിലുമൊക്കെ അർബുദ

## കവിത



**ജയശ്രീ രാജേഷ്, മുംബൈ**
9869362679, 9833944112

# ഇന്നലെ

മൗനത്തിൻ സ്വരരാഗ
വീചിയായ്
മീട്ടുന്ന ശരത്കാല
സ്വപ്നം പോൽ
കാലം കുമ്പിളിൽ നീട്ടി
എനിക്കായെൻ ഇന്നലെ

അടരുന്ന പൊന്മണി
ചിറകിലായ് തേരേറി
അതിലോലമാകു-
മെൻ മോഹത്തിൻ
കതിരേറ്റിയോരിന്നലെ

കായൽ പരപ്പിലെ
ആഴത്തിലാമ്പൽപോൽ
അലിയുന്ന സാന്ദ്രമാം
അകതാരിൽ കൂമ്പിയ
നിനവിന്റെ ചെപ്പാണെനി
ക്കെന്നുമെൻ ഇന്നലെ

പൊഴിയുന്ന സംഗീതമായ്
രാവിന്റെ വിരി മാറിൽ
ഊർന്നിറങ്ങുമാ നേർത്ത
രാത്രിമഴ തൻ കിനാവായ്
എനിക്കെന്റെ ഇന്നലെ

ചെറു മന്ദമാരുതൻ
കൈകൾ തൻ താരാട്ടിൽ
കൂമ്പിയ മിഴി തന്നിൽ
വിടരും സ്നേഹത്തിൻ
ചെമ്പക സുഗന്ധമാ
ണെന്നുമെന്നിന്നലെ

നനുത്ത മഞ്ഞിൻ
കണമൂറും കറുകകൾ
തിങ്ങുന്ന നടവഴിയിൽ
പതിഞ്ഞ നേർത്ത
പദ നിസ്വനമാണെനി
ക്കെന്റെ ഇന്നലെ

കാണാൻ കൊതിച്ചോരാ
പിടയുന്ന മിഴികളിൽ
തിളങ്ങും സ്നേഹത്തിൻ
അണയാതെ കത്തുന്ന
ചിരാതാണെനിക്കിന്നലെ

ഓർക്കുവാൻ മാത്രം
മറക്കാതെ കൊതിക്കും
ചാരുതയാർന്നൊരാ
പ്രണയത്തിന്നോമന
നോവാണെനിക്കിന്നലെ...

ഇന്നിന്റെ നോവിലേക്കൊരു
മയിൽപ്പീലി തുണ്ടുമായ്
പുഞ്ചിരി തൂകിയെന്നെ
ഗാഢം പുണരുന്നു
എന്നിലെ ഇന്നലെ...

രോഗികളുടെ എണ്ണം കൂടുന്നതിന് കാരണമായി അവർ കണ്ടെത്തിയ താണ് ഇക്കാര്യം. പ്രമേഹം, പൊണ്ണ ത്തടി, ഹൃദ്രോഗം എന്നീ പ്രശ്നങ്ങ ൾ വേറെയും.

അമിതമായ സസ്യ എണ്ണ യുടെ ഉപയോഗം, മാംസാഹാരങ്ങ ളുടെ അമിതോപയോഗം, മാത്രമല്ല അമിത ഭക്ഷണവും ആരോഗ്യപ്രശ് നങ്ങളുണ്ടാക്കുന്നുണ്ട്. പോഷകസ മ്പുഷ്ടമായ ആഹാരരീതി നമ്മൾ എ ന്നോ ഉപേക്ഷിച്ചു കഴിഞ്ഞിരിക്കു ന്നു. ഭക്ഷണം ഉണ്ടാക്കുന്നതിനുള്ള മടി, രുചിയുടെ വൈവിധ്യം തേടൽ തുടങ്ങിയവയായിരിക്കാം നമ്മെ ഇ ത്തരത്തിലുള്ള തെറ്റായ ആഹാരരീ തിയോടു അടുപ്പിച്ചിട്ടുണ്ടാകുക. രു ചി എന്നാൽ പാശ്ചാത്യ രുചി മാത്ര മല്ല എന്ന് നാം തിരിച്ചറിയേണ്ടിയിരി ക്കുന്നു.

നമ്മൾ നേരിടുന്ന മറ്റൊരു വെല്ലുവിളി, മായം കലർന്ന ഭക്ഷണ വസ്തുക്കളുടെ ഉപഭോഗമാണ്. ശു ദ്ധമായ ഭക്ഷ്യവസ്തുക്കൾ ഇന്ന് നമു ക്ക് ലഭിക്കുന്നില്ല എന്നത് അങ്ങേ യറ്റം ഖേദകരവും കുറ്റകരവുമാണ്. പാൽ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, മീനുകൾ തുടങ്ങി എന്തിലും മാരക മായ വിഷ വസ്തുക്കൾ, ആരോഗ്യം തകർക്കുന്ന രാസവസ്തുക്കൾ. പാ യ്ക്കറ്റുകളിൽ ലഭിക്കുന്ന എണ്ണകളി ൽ പലതിലും അത്തരത്തിലൊരെ ണ്ണയുടെ അംശം പോലും ഇല്ല എന്ന് നമ്മൾ മനസ്സിലാക്കിത്തുടങ്ങിയിരി ക്കുന്നു. ഇന്ന് മാർക്കറ്റിൽ ലഭിക്കു ന്ന സൂര്യകാന്തി എണ്ണയ്ക്ക് വേണ്ട സൂര്യകാന്തി വിത്തുകളുടെ പത്തി ലൊന്നു പോലും ഉത്പാദിപ്പിക്കുന്നി ല്ല എന്ന് പറയുന്നു. വെളിച്ചെണ്ണയു ടെയും, മറ്റു എണ്ണകളുടെയും അവ സ്ഥയും ഇതുതന്നെ. അപ്പോൾ എ ന്തായിരിക്കും ഇതിലൊക്കെ എന്ന ചോദ്യം ഉയരുന്നു. ഭക്ഷണ പദാർ ത്ഥങ്ങൾ കേടാകാതിരിക്കുവാനുള്ള പ്രിസർവേറ്റീവുകളിലാണ് മറ്റൊരു ചതി. ഫോർമാലിൻ ചേർത്ത മീനു കൾ പിടിച്ചെടുത്ത വാർത്തകൾ വാ യിച്ചതോർക്കുന്നു. ഇത്തരം ഭക്ഷണ മായങ്ങൾക്കെതിരെ ശക്തമായ നി യമങ്ങളും നടപടികളും ഇല്ലെങ്കിൽ നമ്മുടെ ആരോഗ്യകേന്ദ്രങ്ങൾ മതി യാകാതെ വരും, സമീപ ഭാവിയിൽ.

ജീവിതശൈലീ രോഗങ്ങ ളെ പ്രതിരോധിക്കുവാനുള്ള ചെറി യ പൊടിക്കൈകൾ കൂടി ഞാനിവി ടെ ചേർക്കുന്നു.

1. പുകയിലകൾ എന്ത് വിധമായാ ലും ഉപയോഗിക്കാതിരിക്കുക.
2. മദ്യത്തിന്റെ ഉപയോഗം ഉത്തരവാ ദിത്വപരമായി നിറുത്തുക അല്ലെങ്കി ൽ കുറക്കുക
3.വിഷരഹിത പച്ചക്കറികൾ കൂടുത ൽ ആഹരിക്കുക. സ്വയം പച്ചക്കറിക ൾ ഉണ്ടാക്കുവാൻ കഴിഞ്ഞാൽ അ തായിരിക്കും ഏറ്റവും ഉത്തമം.
4. തവിടു നിലനിർത്തിക്കൊണ്ടുള്ള ധാന്യങ്ങളുടെ ഉപയോഗം കൂട്ടുക. രുചി കുറയുമെങ്കിലും ഗുണം കൂ ടും.
5. അമിതാഹാരം ഒഴിവാക്കുക. വ്യാ യാമത്തിനോ ജോലിക്കോ അനുസ രിച്ചു മാത്രം ഭക്ഷിക്കുക.
6. എണ്ണകൾ ഒരു പ്രാവശ്യം മാത്രം ഉപയോഗിക്കുക. വീണ്ടും ചൂടാക്കാ തിരിക്കുക.
7. കൃത്യമായ വ്യായാമം നടത്തുക. നടത്തം ഉത്തമമായ വ്യായാമം.
8. ഉറക്കം ആവശ്യത്തിനുണ്ടെന്ന് ഉറ പ്പുവരുത്തുക.
9. ദിവസവും രണ്ടു മുതൽ മൂന്നുവ രെ ലിറ്റർ ശുദ്ധമായ വെള്ളം കുടി ക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.
10. മടി പൂർണ്ണമായും ഒഴിവാക്കുക.

## അറിയിപ്പ്

രചനകളിലെ ആശയം മാസികയുടേതോ എഡിറ്ററുടേതോ ആവണമെന്നില്ല. മാസികയിലുള്ള രചനകളിലെ ആശയങ്ങളുടെ ഉത്തരവാദിത്വം ലേഖകരുടേതു മാത്രമായിരിക്കും.

**എഡിറ്റർ**

■ കവിത

# ഞാനില്ലേയ്



**സുധീർ സുലൈമാൻ**
**9901972731**

നീയുള്ളത് കൊണ്ട്
പ്രഭാതപ്രാർത്ഥനക്ക്
വേണ്ടി, അലാറം
വെക്കേണ്ടി വരുന്നില്ല.

നീയുള്ളത് കൊണ്ട്,
ഞായറാഴ്ചകളെ കാത്ത്
എൻെറ വസ്ത്രങ്ങൾ
കതകിന് പിറകിൽ
തൂങ്ങിക്കിടക്കുന്നില്ല.

നീയുള്ളത് കൊണ്ട്
ഇന്നും ഞാൻ ചായ കുടിച്ചു.
ദോശയും ചമ്മന്തിയും
രുചിയോടെ കഴിച്ചു.

നീയുള്ളത് കൊണ്ടാണ്
മക്കൾ പാട്ടുകൾ പാടുന്നതും
നൃത്തം ചെയ്യുന്നതും
പേടി മറന്നുറങ്ങുന്നതും.

നീയുള്ളത് കൊണ്ടാണ്
കസേര ചുവട്ടിലെ
ഈ കടലാസ് കഷ്ണങ്ങൾ
കാര്യമായെന്നെ
അസ്വസ്ഥമാക്കാത്തത്.

ഇനി നീ പറയൂ,
ഞാനുള്ളത് കൊണ്ട്?

"ഇങ്ങടുത്തു വാ ,
മക്കള് കേൾക്കണ്ട,
ഞാൻ ചെവിയിൽ
പറയാം."

മതി മതി മതി
എല്ലാം മനസ്സിലായി
എല്ലാം മനസ്സിലായി...!
ഞാനില്ലേയ്....!



# മലയാള സിനിമ പിന്നണിഗാനരംഗത്തെ ആദ്യകാല നക്ഷത്രങ്ങൾ

## പി. ലീല



**ടി. വി. നാരായണൻ കുട്ടി**
**9446030344**

**പാ**ലക്കാട് ജില്ലയിൽ, ചിറ്റൂരിലെ പ്രശസ്തമായ നാലുവീട്ടിൽ മേനോൻമാരുടെ തറവാടുകളിലൊന്നായ 'പൊറയത്ത്' തറവാട്ടിലെ അംഗമായി 19-5-1934ലാണ് പി. ലീല ജനിച്ചത്. ശാസ്ത്രീയസംഗീതത്തിലും, തെക്കേ ഇന്ത്യയിലെ എല്ലാ ഭാഷകളിലും, പിന്നണി ഗാനരംഗത്തും, ഭക്തിഗാനങ്ങളിലും മികവ് തെളിയിച്ച ഈ പ്രതിഭയുടെ അച്ഛൻ ശ്രീ. വി. കെ. കുഞ്ഞൻ മേനോനും, അമ്മ പൊറയത്തെ മീനാക്ഷിയമ്മയുമായിരുന്നു. ലീലയെ കൂടാതെ, ഇവരുടെ മൂത്ത സഹോദരിമാരായ ശാരദ, ഭാനുമതി എന്നിവരടക്കം, മൂന്നുപേരും ചെറുപ്പം തൊട്ടേ സംഗീതാഭിരുചിയുള്ളവരായിരുന്നു. ഇത് കണക്കിലെടുത്ത്, എറണാകുളം രാമവർമ്മ ഹയർ സെക്കന്ററി സ്കൂളിൽ, അദ്ധ്യാപകനായ അച്ഛൻ മൂന്നുപേരേയും സംഗീതമഭ്യസിപ്പിക്കാൻ തീർച്ചയാക്കി. മൂത്ത രണ്ടുപേരും താമസിയാതെ വിവാഹിതരായപ്പോൾ പി. ലീലയെ തന്നാൽ കഴിയുന്നത്ര വിധത്തിൽ സംഗീതഭ്യസനം നടത്താൻ തയ്യാറായി.

പതിമൂന്നാം വയസ്സിൽ പാടാൻ തുടങ്ങിയ ലീല, തെക്കേ ഇന്ത്യയിലെ എല്ലാ ഭാഷകളിലുമായി ഏകദേശം 5000 ത്തോളം ഗാനങ്ങളാലപിച്ചിട്ടുണ്ടെന്നാണ് പറയപ്പെടുന്നത്. കൂടാതെ ബംഗാളി, സിംഹള ഭാഷകളിലും ചിലത് പാടിയിട്ടുണ്ട്. പാട്ടുകൾ മിക്കതും ശാസ്ത്രീയ ഛായയുള്ളതും, സന്ദർഭത്തിനനുസരിച്ച് വികാരമുൾക്കൊള്ളുന്നതുമായിരുന്നു. പ്രശസ്ത സംഗീതജ്ഞരായ എം. എസ്. സുബ്ബലക്ഷ്മി, എം. എൽ. വസന്തകുമാരി, ഡി. കെ. പട്ടമ്മാൾ എന്നിവരൊക്കെ രംഗത്തുണ്ടായിരുന്ന കാലത്തുതന്നെ ലീലയ്ക്കും ആവശ്യാനുസരണം കച്ചേരികൾ നടത്താൻ സാധിച്ചത് ഒരംഗീകാരമായാണ് ലീല കാണുന്നത്. കൂടാതെ തെന്നിന്ത്യയിൽ അക്കാലത്ത് പ്രശസ്തിയാർജ്ജിച്ച മിക്ക സംഗീത സംവിധായകരുടേയും കീഴിൽ ഗാനങ്ങൾ പാടാൻ സാധിച്ചുവെന്നതും ഇവരുടെ കഴിവ് വിളിച്ചോതുന്നു. എന്നെ ഒരു പാട്ടുകാരിയാക്കിയതിൽ അച്ഛന്റെ പങ്ക് ഏറെ വിലപ്പെട്ടതാണെന്ന ഓർമ്മ ലീല എന്നും മനസ്സിൽ സൂക്ഷിക്കുന്നു.

സംഗീതജ്ഞൻ ടി. വി. ഗോപാലകൃഷ്ണന്റെ അമ്മാമനായ തൃഭുവനമണി ഭാഗവതരായിരുന്നു ലീലയുടെ ആദ്യഗുരു. തുടർന്ന് പത്തമാടൈ കൃഷ്ണയ്യർ, മരുതുവക്കുടി രാജഗോപാല അയ്യർ, രാമഭാഗവതർ എന്നിവരുടെ ശിഷ്യയായും സംഗീതം പഠിച്ചു. കൂടാതെ ചെമ്പൈ വൈദ്യനാഥ ഭാഗവതർ (വൈത്തി), വി. ദക്ഷിണാമൂർത്തി എന്നിവരുടെ കീഴിലും അഭ്യസനം തുടരുകയുണ്ടായി.

അക്കാലത്ത് മദ്രാസിൽ സ്ഥിരതാമസമായ, ലീലയുടെ അച്ഛന്റെ ഉത്തമസുഹൃത്തായ വടക്കാഞ്ചേരി രാമഭാഗവതർ എറണാകുളത്ത് വരുമ്പോഴൊക്കെ ലീലയേയും, അച്ഛനേയും മദ്രാസിലേക്ക് ക്ഷണിക്കുകയും, മകളെ അവിടെ പാട്ട് പഠിപ്പിക്കാൻ നിർബന്ധിക്കുകയും പതിവായിരുന്നു. കൂടാതെ ലീല പഠിച്ച സ്കൂളിലെ പ്രധാന അദ്ധ്യാപിക, ലീലയുടെ പാട്ടിലുള്ള കഴിവ് കണ്ട് ഇക്കാര്യത്തിൽ മേനോനിൽ സമ്മർദ്ദം ചെലുത്തുകയും ചെയ്തു. ലീലയെ സംഗീതം പഠിപ്പിക്കണമെന്ന മോഹം മേനോന് നേരത്തെ ഉണ്ടായിരുന്നു. ഇതെല്ലാം ഒത്ത് വന്നപ്പോൾ രണ്ടാമതൊന്നാലോചിക്കാതെ ജോലി രാജിവെച്ച്, 1944ൽ ലീലയെ കൂടെ കൂട്ടി മദ്രാസിലേക്ക് വണ്ടി കയറി. അന്ന് ലീലക്ക് വയസ്സ് വെറും പത്ത്.

മദ്രാസിൽ താമസമാക്കി അധികം വൈകാതെ ഗുരുകുല ചിട്ടയിൽ സംഗീതാഭ്യസനം തുടങ്ങി. പുലർച്ചെ എന്നും സാധകം ചെയ്യണമെന്ന കാര്യത്തിൽ മേനോന് നിർബന്ധമായിരുന്നുവെന്ന് ലീല പിൽക്കാലത്ത് പറയുകയുണ്ടായി. അവിടെ വെച്ച് വിശ്വവിഖ്യാതരായ സംഗീതജ്ഞരായ അരിയക്കുടി രാമാനുജ അയ്യങ്കാർ, എസ്. രാമനാഥൻ, ജി. എൻ. ബാലസുബ്രഹ്മണ്യം, ചെമ്പൈ തുടങ്ങി അനവധി പേരുടെ കച്ചേരികൾ കേൾക്കാൻ കഴിഞ്ഞു. ഈ 'കേൾവിജ്ഞാനം' (സംഗീതം കേട്ട് ശ്രദ്ധിച്ച് പഠിക്കുക) പിൽക്കാലത്ത് തനിക്കേറെ ഗുണം ചെയ്തതായി ലീല ഓർക്കുന്നു. അക്കാലത്ത് (1946ൽ) നടത്തിയിരുന്ന പല സംഗീതമത്സരങ്ങളിലും പങ്കെടുത്ത് ലീല സമ്മാനം നേടുകയും പതിവാണ്. ലീലയ്ക്ക്

ആദ്യമായി ഒരു സംഗീത കച്ചേരിയിൽ പാടാൻ അവസരം നൽകിയത് ശ്രീ. ദുർഗ്ഗാബായ് ദേശ്മുഖ് ആയിരുന്നു. ആന്ധ്ര മഹിളാസഭയുടെ ഒരു പരിപാടിയായിരുന്നു ഇത്. തുടർന്ന് പല വേദികളിലും കച്ചേരികൾ നടത്തി തന്റെ കഴിവ് വർദ്ധിപ്പിക്കാനും സാധിച്ചു.

### *സിനിമാരംഗത്തേക്ക്*

അക്കാലത്ത് 'കൊളംബിയ റെക്കാർഡിങ്ങ് കമ്പനി' നല്ലൊരു സ്ത്രീശബ്ദത്തെ അന്വേഷിച്ച് നടക്കുന്ന സമയമായിരുന്നു. ഗണപതി രാമയ്യർ ലീലയെ അവർക്ക് പരിചയപ്പെടുത്തി. തുടർന്ന് അവരുടെ സംഗീതജ്ഞയായി ലീല പരിഗണിക്കപ്പെട്ടു. ഈ ബഹുമതിയാണ് ലീലയ്ക്ക് പിന്നണി ഗാനരംഗത്ത് പ്രവേശിക്കാനുള്ള വാതിൽ തുറന്നത്. സിനിമാ താരങ്ങൾ തന്നെ പാട്ടുപാടി അഭിനയിക്കുന്ന രീതിയായിരുന്ന അക്കാലത്ത്. തമിഴ് സിനിമയിൽ ഈ സമ്പ്രദായം മാറ്റി, ആദ്യമായി പിന്നണി ഗാന സമ്പ്രദായം നടപ്പിലാക്കിയത്, 'നന്ദകുമാർ' എന്ന സിനിമയിലൂടെ, പിൽക്കാലത്ത് എ. വി. എം. സ്റ്റുഡിയോ സ്ഥാപകനായ എ. വി. മെയ്യപ്പൻ ചെട്ടിയാരായിരുന്നു. 1938 മുതലാണിത് നടപ്പിലാക്കിയത്. ഇത് പ്രേക്ഷകർ താമസിയാതെ ഇഷ്ടപ്പെടുകയും, അനേകം പിന്നണി ഗായകർക്കിത് ഗുണകരമാവുകയും ചെയ്തു. ലീലയും ഇക്കാലത്താണ് പിന്നണി ഗാനരംഗത്തേക്ക് വരുന്നത്. തമിഴ്, തെലുങ്ക് ഭാഷകൾ മദ്രാസിലേക്ക് വരുമ്പോൾ ലീലയ്ക്കത്ര വഴങ്ങിയിരുന്നില്ല. അവ മലയാളത്തിലെഴുതി പഠിച്ച് പാടുകയായിരുന്നു രീതി. തിരക്കേറിയപ്പോൾ ലീല സ്വന്തമായി അദ്ധ്യാപകരെ വെച്ച് ഭാഷ നന്നായി പഠിച്ചു.

1948ൽ 'കങ്കണ' എന്ന തമിഴ് സിനിമയ്ക്ക് വേണ്ടി ശ്രീ. വിശാലാക്ഷി എന്ന ഗാനമാണ്, തന്റെ പതിമൂന്നാം വയസ്സിൽ ലീല ആദ്യമായ് ആലപിച്ചത്. സി. എച്ച്. പത്മനാഭസ്വാമിയായിരുന്നു സംഗീതസംവിധായകൻ. ആ സിനിമയിലെ നായികയ്ക്ക് വേണ്ടി എല്ലാ പാട്ടുകളും ലീല തന്നെ പാടി. ഇതിനുശേഷം രണ്ട് ദശവർഷങ്ങളോളം തെക്കേ ഇന്ത്യയിലെ പിന്നണി ഗാന രംഗത്തിവർ നിറസാന്നിദ്ധ്യമായിരുന്നു. 1948ൽ തന്നെ 'നിർമ്മല' എന്ന മലയാള സിനിമയ്ക്ക് വേണ്ടി 'പാടുക പൂങ്കുയിലേ എന്ന ഗാനത്തോടെ മലയാള ഗാനരംഗത്ത് അരങ്ങേറി. 1938ൽ മോഡേൺ തിയേറ്റേഴ്സ് നിർമ്മിച്ചു. ബാലനായിരുന്നു ആദ്യത്തെ ശബ്ദ സിനിമയെങ്കിലും 1948ലാണ് ലീലയ്ക്ക് പാടാനവസരം കിട്ടിയത്.

തെലുങ്ക് സിനിമാരംഗത്തേക്ക് 1948ലാണ് പ്രവേശിച്ചത്. 'മന ദേശ'യായിരുന്നു ആദ്യസിനിമ. തുടർന്ന് ഗുണ സുന്ദരികഥ, ചല്ലാനി, ദോരാമെലെ ചന്ദാമാമ, എയവങ്ക, കല കല ആലോകി ലെമോ തുടങ്ങിയ സിനിമകളിൽ പാടി. 1950 മുതൽ തെക്കേ ഇന്ത്യയിലെ എല്ലാ ഭാഷകളിലും പിന്നണി പാടുന്നതിൽ ഏറെ തിരക്കുള്ളൊരു ഗായികയായി ലീല. പാതാള ഭൈരവി, മിസ്സമ്മ, അപ്പു ചേസി, പപ്പു കുടു, ഗുണ്ടമ്മ കഥ എന്നീ സിനിമകളിലെ ഗാനങ്ങൾ ഇന്നും തെലുങ്കർക്കിടയിൽ ഏറെ പ്രശസ്തമായി നിലകൊള്ളുന്നു. മിസ്സമ്മ, മിസ്സിയമ്മ എന്ന പേരിൽ തമിഴിൽ പുറത്തിറങ്ങിയപ്പോൾ എ. എം. രാജ, പി. സുശീല എന്നിവരോടൊപ്പം ലീലയും ഇതിൽ പിന്നണി പാടി. ഈ മൂവരും ചേർന്ന കൂട്ടുകെട്ട് അന്ന് പ്രേക്ഷകരേറെ ഇഷ്ടപ്പെട്ടിരുന്നു. വിജയാ പ്രൊഡക്ഷൻസിന്റെ 1957ൽ ഇറങ്ങിയ 'മായാബസാർ' എന്ന സിനിമയിൽ, 'ഘണ്ടശാല'യുടെ പ്രശസ്തമായൊരു ഗാനമുണ്ടായിരന്നു. പി. ലീല ഇതിലെ ഒരു ഗാനം പാടിയതിന്റെ അനുഭവം പിൽക്കാലത്തോർത്തെടുത്തത് ഏറെ രസകരമാണ്. ഈ ഗാനം 28 പ്രാവശ്യം മാറി, മാറി പാടിപ്പിച്ച ശേഷം അതിലെ അഞ്ചാമത്തെ ശ്രമം റെക്കോർഡ് ചെയ്തതായിരുന്നു ആ സംഭവം. ഗാനങ്ങൾ തികച്ചും കുറ്റമറ്റതാക്കുന്നതിന് അന്നത്തെ പിന്നണി കലാകാരന്മാർക്കുണ്ടായിരുന്ന ആത്മാർത്ഥതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. ഇതിന് പുറമെ 1968ൽ 'ചിന്നാരി പാപ്പാളു' എന്നൊരു തെലുങ്ക് സിനിമയ്ക്ക് വേണ്ടി സംഗീതസംവിധാനവും നിർവ്വഹിച്ചു. 1963ൽ 'ലവകുശ' എന്ന സിനിമയിൽ പി. സുശീലയോടൊപ്പം എട്ടോളം ഗാനങ്ങളാലപിച്ചത് എടുത്തു പറയേണ്ട ഒരു സംഗതിയാണ്.

### *ഭക്തിഗാനങ്ങൾ*

ഭഗവാൻ ഗുരുവായൂരപ്പനെ സ്തുതിച്ച് മേപ്പത്തൂർ നാരായണ ഭട്ടതിരി രചിച്ച 'നാരായണീയം' ഓഡിയോ ആൽബം പുറത്തിറക്കാൻ ഗുരുവായൂർ ദേവസ്വം തീർച്ചയാക്കിയപ്പോൾ അന്നത്തെ പ്രശസ്ത സംഗീത പ്രതിഭകളായ എം. എസ്. സുബ്ബലക്ഷ്മി, എം. എൽ. വസന്തകുമാരി എന്നിവരെയൊക്കെ പരിഗണിച്ചെങ്കിലും ദേവസ്വം ഒടുവിൽ പി. ലീലയെ ഈ ഉദ്യമം ഏല്പിക്കയാണുണ്ടായത്. അത് തനിക്ക് ലഭിച്ചൊരു ബഹുമതിയാണെന്ന് ലീല ഒരിക്കൽ പറയുകയുമുണ്ടായി. മലയാളികൾ തങ്ങളുടെ ഭഗവത്ഗീതയായി കണക്കാക്കിയിരുന്ന പൂന്താനത്തിന്റെ 'ജ്ഞാനപ്പാന' ആലപിക്കാനുള്ള ഭാഗ്യവും ലീലയ്ക്കാണ് ലഭിച്ചത്. കൂടാതെ 'ഹരിനാമ കീർത്തന'വും ഇവർ തന്നെ പാടി.

### വ്യക്തിജീവിതം

ഒരു വക്കീലായിരുന്നു ലീലയെ വിവാഹം ചെയ്തത്. ഈ ദാമ്പത്യം അധികനാൾ നിലനിന്നില്ല. അവസാനകാലങ്ങളിൽ ശാസ്ത്രീയ സംഗീതത്തോടൊപ്പം ലളിതഗാനങ്ങളും പാടാൻ തുടങ്ങി. മദ്രാസിൽ പറങ്കിമലയിലെ സെന്റ് തോമസ് മൗണ്ടിലുള്ള ലീലയുടെ ജ്യേഷ്ഠത്തിയുടെ കുട്ടികളോടൊത്തായിരുന്നു ഇവർ താമസിച്ചിരുന്നത്. ഒടുവിൽ സംഗീതം, പൂജാമുറി, അച്ഛനെപ്പറ്റിയുള്ള ഓർമ്മകൾ എന്നിവ ചേർന്ന ലോകത്തേക്ക് ലീലയുടെ ജീവിതം ഒതുങ്ങി. പല അഭിമുഖങ്ങളിലും ലീല ഇങ്ങിനെ പറയുമായിരുന്നു. "ഞാനിപ്പോൾ നിങ്ങളുടെ മുൻപിൽ ഇങ്ങിനെ നിൽക്കുന്നതിനും, സംസാരിക്കുന്നതിനും ഏക കാരണക്കാരൻ എന്റെ അച്ഛൻ മാത്രമാണ്. എനിക്കദ്ദേഹം എല്ലാമായിരുന്നു. എനിക്ക് ലഭിച്ച ധനം, പ്രശസ്തി ഇതെല്ലാം അച്ഛൻ തന്നതാണ്." അച്ഛന്റെ അഭിലാഷം തന്റെ സ്വരമാധുരിയിലൂടെ പൂർ

ണ്ണമായി നിറവേറ്റാൻ ലീലക്ക് കഴിഞ്ഞു എന്നതാണ് യാഥാർത്ഥ്യം.

### അംഗീകാരവും അവാർഡുകളും

1) 1969 – കേരളസർക്കാരിന്റെ മികച്ച ഗായികയ്ക്കുള്ളത്. (ഉജ്ജയിനിയിലെ ഗായിക)
2) 1992 – തമിഴ്നാട് മുഖ്യമന്ത്രി ശ്രീമതി. ജയലളിത 'കലൈമാമണി' പട്ടം നൽകി ആദരിച്ചു. ഈ അവാർഡ് വളരെ വൈകിയാണെങ്കിലും, ഇപ്പോഴെങ്കിലും കൊടുക്കാൻ സാധിച്ചതിൽ തനിക്കേറെ സന്തോഷമുണ്ടെന്ന് തദവസരത്തിൽ മുഖ്യമന്ത്രി പറയുകയുണ്ടായി.
3) 2003ൽ, നാരായണീയം, ജ്ഞാനപ്പാന, ഹരിനാമകീർത്തനം എന്നിവ പ്രശസ്തമാക്കിയതിന് 'ബാലസംസ്ക്കാര കേന്ദ്രം' ഏർപ്പെടുത്തിയ 'ജന്മാഷ്ടമി' പുരസ്കാരം.
4) 2006 – രാഷ്ട്രപതിയുടെ പത്മഭൂഷൻ അവാർഡ്.

കൂടാതെ 'ഗാനമണി', 'ഗാന കോകില', 'കലാരത്നം', 'ഗാനവർഷിണി' തുടങ്ങി അനേകം പട്ടങ്ങളും ഇവർക്ക് ചാർത്തപ്പെട്ടു.

മലയാള ഭാഷയിലെ ഒരു സംഗീതജ്ഞ. ഇന്ത്യയിലെ തന്നെ പ്രശസ്തരായ പിന്നണിഗായകരോടൊപ്പമോ, അതിൽ ഏറെയോ, പാട്ടുകൾ പല ഭാഷകലിലായി പാടി, അന്നത്തെ പരിമിതിക്കുള്ളിൽ നിന്ന് ഒരു ഗായികക്കെത്താവുന്നത്ര പ്രശസ്തിയിലേക്കുയർന്ന ഇവർ 2005 ഒക്ടോബർ 31ന് ചെന്നൈയിലെ ശ്രീരാമചന്ദ്ര മെഡിക്കൽ സെന്ററിൽ വെച്ച് ഈ ലോകത്തോട് വിട പറഞ്ഞു.

***ലീല ആലപിച്ച ചില പ്രധാന മലയാള പിന്നണി ഗാനങ്ങൾ***

170ഓളം മലയാള ചിത്രങ്ങളിൽ പാടിയ ഇവർ ചില സിനിമകളിൽ 4 ഉം, 5 ഉം ഗാനങ്ങൾ വീതം ആലപിച്ചിട്ടുണ്ട്. സ്ഥലപരിമിതിമൂലം ചിലത് മാത്രമാണിവിടെ കുറിക്കുന്നത്.

1) 1950 – നല്ല തങ്ക – അമ്മ തൻ പ്രേമ സൗഭാഗ്യമേ
2) 1951 – ജീവിതനൗക – വരു ഗായികേ വാനിൽ വരു നായികേ
3) 1953 – ആശാദീപം – ജനനി ജയിക്ക നീണാൾ
4) 1954 – സ്നേഹസീമ – കണ്ണും പൂട്ടിയുറങ്ങുക നീയെൻ
5) 1955 – ഹരിശ്ചന്ദ്ര – കരുണാസാഗരനേ
6) 1958 – മറിയക്കുട്ടി – വരുമോ ഇരുൾ മാറി
7) 1958 – നായര് പിടിച്ച പുലിവാല് – ഇനിയെന്ന് കാണുമെൻ, വെളുത്ത പെണ്ണേ
8) 1961 – ക്രിസ്തുമസ് രാത്രി – നന്മ നിറഞ്ഞോരമ്മേ
9) 1961 – കണ്ടംബെച്ച കോട്ട് – ആട്ടേ പോട്ടേ ഇരിക്കട്ടെ, പുത്തൻ മണവാട്ടി
10) 1962 – ഭാഗ്യജാതകം – ആദ്യത്തെ കൺമണി
11) 1963 – അമ്മയെ കാണാൻ – കഥ കഥ പൈങ്കിളിയും
12) 1964 – കുട്ടിക്കുപ്പായം – ഇന്നെന്റെ കരളിലെ, വിരുന്നുവരും
13) മണവാട്ടി – അഷ്ടമുടിക്കായലിലെ
14) ഓമനകുട്ടൻ – കണികാണും നേരം
15) തച്ചോളി ഒതേനൻ – അപ്പം വേണം അട വേണം, കന്നിനിലാവത്ത്, നല്ലോല പൈങ്കിളി

ഇവ കൂടാതെ 1) ദേവി ശ്രീദേവി 2) അമ്പലകുളങ്ങരെ 3) പെണ്ണാളേ കണ്ണാളേ 4) പുത്തൻ വലക്കാരെ 5) അക്കരപ്പച്ചയിലെ 6) അമ്പലപ്പറമ്പിലെ 7) കാനനഛായയിലാടു മേയ്ക്കാൻ 8) കുന്നത്തൊരു കാവുണ്ട് 9) ചന്ദ്രികയിലലിയുന്നു ചന്ദ്രകാന്തം 10) സിന്ധു ഭൈരവിരാഗരസം 11) സ്വർണ്ണചാമരം വീശിയെത്തുന്ന 12) മായാ നടന വിഹാരി


അങ്ങിനെ എത്രയെത്ര ഗാനങ്ങൾ ? പല പാട്ടുകളും ഇന്നത്തെ യുവാക്കൾക്കറിയില്ലെങ്കിലും മേൽ പറഞ്ഞ പാട്ടുകളിൽ ചിലതെങ്കിലും 'യൂ ട്യൂബി'ലും മറ്റും കേട്ടുനോക്കൂ... തീർച്ചയായും ഇഷ്ടപ്പെടും.

*അടുത്ത ലക്കം : എ. എം. രാജ*

(തുടരും)



# അകലെ നിന്നും അടുത്തേക്ക് വരുന്നൊരു വിളി...!



**ജയപ്രകാശ് എറവ്**
**9496788683**

ചെവിയോർത്തിരിക്കെ
നിന്റെ വിളി കാതിലേക്ക്
ഒഴുകിയെത്തുന്നു.
കാണാമറയത്തിരുന്ന്
കൂകും കുയിൽ പാട്ട്പോലത്
നിറഞ്ഞൊഴുകുന്നു.
പൂത്ത് വിടർന്നൊരു
വസന്തമായ്,
ഉറക്കുപാട്ടാൽ തഴുകിയിതാ
മേൽപ്പുതപ്പായ് മാറുന്നു.
അരികെയില്ലന്നാലും
മതിയെനിക്കീ
പല്ലവിയുതിരും സ്വരമാധുര്യം
നിനച്ചിരിക്കാതെ വരുന്നൊരീ
ഊഷ്മള കിന്നാരം
വിസ്മയാകൂതം നിറക്കുന്നു.
ചിലപ്പോൾ,
അടുത്തിരുന്നോരോ
പരിഭവം ചൊല്ലുന്നു.
മിഴികളിലശ്രുകണങ്ങൾ നിറയുന്നു.
പെയ്ത് തോർന്നൊരു
മഴതൻ ഈറനായ്
നിശ്ശബ്ദത വീണുടയുമാഴത്തിൽ
ചുടുനിശ്വാസം പകർന്നെടുക്കുന്നു.
എത്ര പെട്ടെന്നീ ദൂരം
നമ്മളിൽ കുറയുന്നു.
ഇടവേളകൾ സമ്മാനിച്ചയീ-
നിമിഷ സമന്വയം.
അകലം വിട്ടിതാ
അരികിലേക്ക്
അരികെ നിന്നിതാ-
വിളികൾ അസ്തമിച്ച്
അധരങ്ങൾ പങ്കിടുന്നു.

# അർത്ഥം തേടി ...

ഈശ്വർകുമാർ തരവത്ത്
9946655277



വർഷങ്ങൾക്കു മുമ്പു ള്ളൊരു വൈശാഖ സന്ധ്യയിൽ, തിരക്കുള്ള സംജോതാ എക്സ്പ്രസ്സിന്റെ പൊട്ടിപ്പൊളിഞ്ഞൊരു ബോഗിയിൽ, ഞാൻ യാത്ര ചെയ്യുകയാണ്. ശ്രീബുദ്ധന്റെ നാട്ടിലേക്ക്...

'നൻമ ചെയ്ത് നല്ലവരായിരിക്കുക' എന്നു ലോകത്തോടു വിളിച്ചു പറഞ്ഞ പഴയ ശാക്യവംശ രാജകുമാരന്റെ തട്ടകത്തിലേക്ക്...

ആ സംഹിതയെക്കുറിച്ചു മനസ്സിലാക്കാൻ കുറേ പുസ്തകങ്ങൾ വായിച്ചു. കുറച്ചൊക്കെ മനസ്സിലായി... പലതും മനസ്സിലായില്ല...

വായനകൊണ്ടു മാത്രം എല്ലാമാവില്ലെന്നു മനസ്സിലാക്കി, നേരിട്ടു അവിടമൊന്നു സന്ദർശിക്കാൻ തീരുമാനിക്കുകയായിരുന്നു. മനസ്സു നിറയെ ആകാംക്ഷയും അറിവില്ലായ്മയുമായി ...!!

നാവിക ജീവിതത്തിൽ എന്റെയൊരു സുഹൃത്തും, സഹപ്രവർത്തകനുമായിരുന്ന ശ്രീ മാനു ജേയ്ന അതിനു വഴിയൊരുക്കി... അദ്ദേഹം ബോധ്ഗയ മഹാവിഹാരത്തിലെ അന്തേവാസി, ഭിക്ഷു ബോധിപാൽ മുഖാന്തരം അതിവേഗത്തിലൊരു സന്ദർശനം ഏർപ്പാടാക്കി തന്നു...

വണ്ടിയിലെ ബഹളങ്ങൾക്കിടയിലും മനസ്സ് കേട്ടറിവുള്ള ബുദ്ധചരിതങ്ങളിൽ അലയുകയായിരുന്നു. പിറകോട്ടോടി മറയുന്ന മേഘപാളികളുടെ നടുക്ക് വൈശാഖചന്ദ്രൻ നീല നിലാവിൽ കുളിച്ചുനിൽക്കുന്നു. പുറത്തെ ഒഴിഞ്ഞ പല വിസ്തൃതികളിലും വട്ടത്തിൽ പട്ടായങ്ങളിട്ടു ആട്ടിൻ പറ്റങ്ങളുമായി ആട്ടിടയർ...

കാർഷികവൃത്തിയിലേക്ക് കടക്കുംമുമ്പ് മനുഷ്യരെല്ലാം ആട്ടിടയരായിരുന്നുവത്രെ ! പച്ചപ്പുതേടി ദേശ ദേശാന്തരങ്ങളിലേക്കു സഞ്ചരിക്കുന്നവർ...

സമ്പാദ്യങ്ങളെക്കുറിച്ചും സങ്കീർണ്ണതകളെക്കുറിച്ചും അവബോധമില്ലാതെ പ്രകൃതിയുടെ ആദിമത്തത്തിൽ ജീവിതം നയിച്ചവർ... ഹിമാലയസാനുക്കളിലെ കൊച്ചു കൊച്ചുഗ്രാമങ്ങളിൽ ആദിമ ജീവിതം പിന്തുടരുന്ന ഗ്രാമീണരെ ഇപ്പോഴും കാണാൻ കഴിയും... മാത്രമല്ലാ ഗ്രാമങ്ങളുടെ പേരുകളിൽപ്പോലും ഒരു ഈണം തങ്ങിനിൽക്കുന്നതും കാണാം...

വിരസമായൊരു യാത്രക്കു ശേഷം ചരിത്ര നഗരിയിൽ വണ്ടിയിറങ്ങി. നിറഞ്ഞ നഗരപാതകൾ... വലിയ തലപ്പാവുകളും കൊമ്പൻ മീശയുമായി പുരുഷൻമാർ... സാരിത്തുമ്പു തലയിലിട്ടു, പിറകിൽ വലിച്ചു കെട്ടിയ വർണ്ണക്കുപ്പായങ്ങളിട്ട പെണ്ണുങ്ങൾ... നഗരചലനങ്ങളിലെ പകുതിയോളവും സാധു മനുഷ്യർ ചവിട്ടുന്ന സൈക്കിൾ റിക്ഷകൾ...

ചുട്ടെടുത്ത കൊച്ചുമൺ ചട്ടികളിൽ ഊതിയൂതി ചായ കുടിക്കുന്ന വഴിയാത്രക്കാർ... എനിക്കേർപ്പാടു ചെയ്തിരുന്ന താമസസ്ഥലം മഹാവിഹാരത്തിനു തൊട്ടടുത്തു തന്നെയായിരുന്നു...

ജനലിലൂടെ പുറത്തേക്കു നോക്കുമ്പോൾ മഹാബോധി വിഹാരത്തിന്റെ എളിമയാർന്ന എടുപ്പുകളും, ഭീമാകാരമായ ബുദ്ധ ശിലയും , മുടിയഴിച്ചിട്ട അരയാൽ പടർപ്പും നീല നിലാവിൽ കുളിച്ചു നിൽക്കുന്നതു കണ്ടു...

ഏകദേശം 2600 വർഷങ്ങൾക്കു മുമ്പ് ബോധോദയത്തിലൂടെ സിദ്ധാർത്ഥ ഗൗതമൻ കണ്ടെത്തിയ നാലു സത്യങ്ങൾ (പാലി ഭാഷയിൽ , ചതാരി അരിയ സച്ചാനി) ലോകത്തോടു പറഞ്ഞത് ഇവിടെ വെച്ചായിരുന്നല്ലോ !

കരളിലൊരു കടലിരമ്പവുമായി ബോധസ്വത്വത്തിന്റെ നിറവും നാദവും ചലനവും എന്റെ മനസ്സിൽ തെളിഞ്ഞു വരികയായിരുന്നു... വരമൊഴികളിലൂടെ, വാമൊഴികളിലൂടെ മാത്രമറിവുള്ള ബൗദ്ധ സാന്നിദ്ധ്യത്തെയോർത്ത് അറിയാതെന്റെ മനസ്സൊന്നു പിടച്ചു...

പ്രഖ്യാപിത സത്യങ്ങളിൽ ആദ്യത്തേത് ദുഃഖവും, രണ്ടാമത്തേത് ദു:ഖകാരണവും, അടുത്തത് ആഗ്രഹങ്ങളും, അവസാനത്തേത് അതിന്റെ പ്രതിവിധികളായ അഷ്ടാംഗ മാർഗ്ഗവുമാണെന്ന് അദ്ദേഹം ഉറക്കെപ്പറഞ്ഞു... ദുഃഖത്തിന്റെ മൂല കാരണം മരണമോ പ്രകൃതിയോ അല്ലെന്നും അതിരുവിട്ട പ്രചോദനങ്ങളാണെന്നും ആദ്യമായി അദ്ദേഹം സമർത്ഥിച്ചു...

പിറ്റേന്ന്...

ഭിക്ഷു ബോധിപാലിന്റെ നിർദ്ദേശം പാലിച്ച്, അതിരാവിലെ തന്നെ കുളി കഴിഞ്ഞ്, ബുദ്ധ ശിലയുടെ സമീപത്തെ ബോധി വൃക്ഷത്തിന്റേയും വജ്രാസനത്തിന്റേയും അടുത്തേക്ക് പോയി...

ഒരു പ്രദക്ഷിണത്തിലൂടെ ഞാൻ പരിസരമാകെ നോക്കിക്കാണുകയായിരുന്നു... പരന്നുപടർന്ന സുഗന്ധ ധൂമങ്ങളുടെ അലമാലകൾ അവിടമാകെ പരന്നിരുന്നു... ഇടയ്ക്കു മാത്രം മുഴങ്ങുന്ന ഒറ്റമണി നാദങ്ങൾ...

*ബുദ്ധങ് സരണങ് ഗച്ഛാമി*
*ധർമങ് സരണങ് ഗച്ഛാമി*
*സംഘങ് സരണങ് ഗച്ഛാമി*

പാലിഭാഷയിലെ ത്രിസരണ മന്ത്രങ്ങളുരുവിട്ടു കൊണ്ട്, മഞ്ഞ വസ്ത്രധാരികളായ ബുദ്ധസന്യാസിമാർ അവിടമാകെ ഒഴുകി നടക്കുന്നു... അവരുടെ കൈകളിൽ മന്ത്രങ്ങളാലേഖനം ചെയ്ത കറക്കുന്ന ലോഹമാപിനികൾ... എത്രതവണ മാപിനി കറക്കുന്നുവോ അത്രയും തവണ ജപിച്ചെന്നു സങ്കൽപം... പിന്നിൽ പടർന്നു പന്തലിച്ച ബോധിമരത്തണൽ...

ഈ തണലിന്റെ തണുപ്പേറ്റാണല്ലോ സിദ്ധാർത്ഥഗൗതമൻ ബുദ്ധനായത്...! അതിന്റെ കടയ്ക്കൽ നിന്നു പൊട്ടിമുളച്ച അഞ്ചാമത്തെ

തളിർപ്പാണ് ഇപ്പോഴത്തേത്... ചുറ്റിലും മരങ്ങളും പച്ചിലപ്പർപ്പുകളും...

നിവർത്തിയിട്ടൊരു പുൽപ്പായിൽ പത്മാസനത്തിലിരിക്കുന്ന ഭിക്ഷു ബോധിപാൽ... തൊട്ടുപിറകിൽ രണ്ടുമൂന്നു ചെറുപ്പക്കാരായ ഭിക്ഷുക്കൾ... ജപോച്ഛാരണങ്ങൾക്കിടയിലും ചുവരിലെ ഘടികാരത്തിന്റെ നേർത്ത ടിക് ടിക് ശബ്ദം...

നിർമ്മലതയുടെ നീഹാരമാർന്ന മനസ്സോടെ ഞാൻ ഭിക്ഷുവിനു മുമ്പിൽ തലകുമ്പിട്ടു... തിരിച്ചൊരു കൈകൂപ്പലിനൊപ്പം, സ്വന്തം തലയിലും തൊണ്ടയിലും നെഞ്ചിലും വിരൽ തൊട്ടുകൊണ്ടാണ് അദ്ദേഹം മറുവാദനം ചെയ്തത്... സമ്യഗ് വാച, സമ്യഗ് വാക്, സമ്യഗ് വാക്യം എന്നതിനെ പ്രതിനിധീകരിച്ചു കൊണ്ടുള്ള അഭിവാദനമാണത്...

മുന്നിലിരിക്കുന്ന എന്റെ എല്ലാ സംശയങ്ങൾക്കും സൗമ്യമായും വ്യക്തമായും അദ്ദേഹം ഇംഗ്ലീഷിൽ പ്രതികരിച്ചു കൊണ്ടിരുന്നു...

'ദാനശീലം നിർബ്ബന്ധമാണ്. തനിക്കുള്ളത് മറ്റുള്ളവരുമായി പങ്കിടുക എന്നതാണ് ഇതിന്റെ പിന്നിലെ മനഃസ്ഥിതി... നമ്മുടെ സാന്നിധ്യവും മനഃസ്ഥിതിയും മറ്റുള്ളവരിൽ സുരക്ഷാബോധം ഉളവാക്കുമെങ്കിൽ നമ്മൾ ചെയ്യുന്ന ഒരു ദാനമാകുമത്. അറിവിനേയും ഇത്തരത്തിൽ ദാനം ചെയ്യണം. പൂഴ്ത്തി വെക്കരുത്... അതെല്ലാവർക്കും ഉപകരിക്കണം... സ്നേഹിക്കുന്ന ഒരാൾ കഷ്ടപ്പെടുന്നതു കാണുമ്പോൾ സ്നേഹത്തെ കരുണയാക്കി മാറ്റണം... എന്നുവെച്ചാൽ അപരന്റെ സന്തോഷം നമ്മളിലും സന്തോഷം വരുത്തുന്ന അവസ്ഥ ! ഇതിനെ, 'മുദിത' എന്നു വിളിക്കും. നിർവൃതി യെന്നോ പ്രശാന്തിയെന്നോ മറ്റു ബാഹ്യ സംഹിതകൾ വിളിക്കുന്ന ഈ അവസ്ഥയെ ഇവിടെ 'ഉപേക്ഷ'യെന്നു വിളിക്കുന്നു... 'ശ്രദ്ധ' യാണ് അടുത്തത്. ഇതിന് നിഷ്ഠയെന്നോ വിശ്വസ്തതയെന്നോ അർത്ഥമെടുക്കാം...'

ഒരു നിമിഷം അദ്ദേഹമൊന്നു നിർത്തി... ഒരു കഥ കേൾക്കുന്ന കുട്ടിയായി, കരുണാർദ്രമായ ആ കണ്ണുകളിൽ നോക്കി ഞാനിരുന്നു... പെട്ടെന്ന് പറഞ്ഞവസാനിപ്പിക്കേണ്ടതുപോലെ അദ്ദേഹം ധൃതിയിൽ തുടർന്നു...

"ഈ വിശ്വാസ സംഹിതയിൽ ബുദ്ധനും ധർമ്മത്തിനും സംഘത്തിനും കൊടുക്കുന്ന പ്രാമുഖ്യത്തിൽ, ബുദ്ധനെ ആദർശമായും ധർമ്മത്തെ മാർഗ്ഗമായും സംഘത്തെ സമൂഹമായും വിലയിരുത്തുന്നു... ഇതാണ് ത്രിസരണങ്ങൾക്കുള്ള പ്രസക്തി !!

കുമ്പസാരം, അഭ്യർത്ഥന, സമർപ്പണം എന്നിവകൾക്കും പ്രാർത്ഥനകളിൽ പ്രാമുഖ്യമുണ്ട്..."

ഞാൻ തലയുയർത്തി നോക്കി. ചുറ്റും തിരക്കുകൂടിയിരിക്കുന്നു. ഭിക്ഷുവിനെ കാണാൻ എനിക്കു പിറകിൽ സാമാന്യം നീണ്ടനിര രൂപപ്പെട്ടിട്ടുണ്ട്. മുഖത്തെ അസഹിഷ്ണുതക്കിടയിലും അദ്ദേഹം ധൃതിയിൽ തുടർന്നു...

"ഈ വിശ്വാസത്തെ ഒരു മതസംഹിതയായല്ലാതെ നന്മയുടെ പര്യായമായ ധർമ്മമായി കാണാനാണ് ഞങ്ങൾ താൽപര്യപ്പെടുന്നത്... ജീവിതത്തിന്റെ എല്ലാ മേഖലകളിലും മനുഷ്യനും ജീവജാലങ്ങളും തമ്മിലുണ്ടായിരിക്കേണ്ട ബന്ധത്തിന്റെ നിർവ്വചനമായി ഞങ്ങളിതിനെ കാണുന്നു..."

കത്തിച്ച ഒരു ചന്ദനത്തിരിയും ഒരു റോസാപ്പൂവും എന്നെയേൽപ്പിച്ച് ബുദ്ധശിലയുടെ നേരെ വിരൽ ചൂണ്ടി അദ്ദേഹം പറഞ്ഞു:

" ഇത് അവിടെ സമർപ്പിക്കുക. സമർപ്പണം വെറുംകൈയോടെയാവരുത്. പൂക്കളോ ചന്ദനത്തിരിയോ സാമ്പ്രാണിപ്പുകയോ മെഴുകുതിരിയോ എന്തുമാകാം..."

തന്നെപ്പറ്റി മാത്രം ചിന്തിക്കാതെ മറ്റുള്ളവർക്കും കൂടി എന്തെങ്കിലും സമർപ്പിക്കുക എന്നതാണ് ഇതിന്റെ പിന്നിലെ ആദർശമെന്ന് എന്റെ ഉള്ളിലാരോ പറഞ്ഞു.

ദുഷ്ടനായ അംഗുലീമാലനും അപഥസഞ്ചാരിണിയായ ആമ്രപാലികക്കും അഭയം നൽകിയ ആ പാദചരണങ്ങളിൽ അവയെ സമർപ്പിച്ച് നിർവ്വികാരനായി ഞാൻ കണ്ണുകളടച്ചു നിന്നു.

ഭിക്ഷുബോധിപാലിന്റെയും സംഘത്തിന്റെയും ശബ്ദം എന്റെ ചെവിയിൽ വ്യക്തമായി മുഴങ്ങി.

'സബ്ബേ സത്താ സുഖീ ഹോന്തു' (ലോകാ സമസ്താ സുഖിനോ ഭവന്തുഃ) .

പുണ്യവേദങ്ങൾ ലോകത്തിനു പകർന്ന ഹൃദയംഗമമായ ആശംസ..!!

ബി.സി. മൂന്നാം നൂറ്റാണ്ട് മുതൽ എ. ഡി. പന്ത്രണ്ടാം നൂറ്റാണ്ടുവരെ സുമാർ 1500 വർഷങ്ങളോളം ലോകജനതക്കിടയിൽ നിലയുറപ്പിച്ച ഈ വിശ്വാസ സംഹിതയിൽ പിന്നീടു കടന്നുകൂടിയ ചില മാറ്റങ്ങളും ബാഹ്യമതങ്ങളുടെ പുനരുജ്ജീവനവും വടക്കുപടിഞ്ഞാറു നിന്നുള്ള തുർക്കികളുടെ അധിനിവേശവും ഇതിന്റെ നാശത്തിന് കാരണമായി...

മടക്കയാത്രക്ക് മനസ്സൊരുങ്ങുമ്പോഴേക്ക് ഒന്നെനിക്കു തീർത്തും ബോധ്യപ്പെട്ടു കഴിഞ്ഞിരുന്നു. ബുദ്ധൻ ഒരു അവതാര പുരുഷനോ മനുഷ്യദൈവമോ ആണെന്ന് ഇവരാരും സമർത്ഥിച്ചു കണ്ടില്ല. മറിച്ച് അളവില്ലാത്ത അറിവുകൾ പകർന്ന മഹാനായ ഒരദ്ധ്യാപകനാണ്. ഗുരുവാണ്...!!

അവസാനം യാത്രാമൊഴികളോടെ അദ്ദേഹം മൃദുവായി മൊഴിഞ്ഞു...

'ഇവിടെയെല്ലാം ക്ഷണികമാണ്. ഓരോ ക്ഷണത്തിലും ഓരോ അറിവും ഓരോ അറിവിലും ഓരോ ലോകവും ഓരോ ലോകവും ഓരോ ജീവിതവുമാണ്. താങ്കൾക്കു നല്ലതു വരട്ടെ...'

അരനാഴികനേരത്തെ അസംഖ്യം അറിവുകളുമായി ബുദ്ധശിലയുടെ അർദ്ധനിലീമിത നയനങ്ങളെ ഒരു തവണ കൂടി നോക്കി ഞാൻ തിരിച്ചുനടന്നു... ഒരു ഭിക്ഷാംദേഹിയെപ്പോലെ എന്റെ മനസ്സു മന്ത്രിച്ചു കൊണ്ടിരുന്നു...

*'ബുദ്ധം ശരണം ഗച്ഛാമി*
*ധർമ്മം ശരണം ഗച്ഛാമി*
*സംഘം ശരണം ഗച്ഛാമി '*

ആ നിമിഷങ്ങളിലും അനുനിമിഷം ബോധമുണർത്തുന്ന ബോധിവൃക്ഷത്തളിരുകൾ ലോക ശാന്തിക്കുള്ള ആശംസകളർപ്പിക്കുന്നത് ഞാനറിയുന്നുണ്ടായിരുന്നു... ●

# കപർദ്ദം

**സൈ**രന്ധ്രിയുടെ ലാള നയേറ്റ് ജീവിതം മുന്നോട്ട് നീക്കുന്ന ഒരുവിഭാഗം ജനത നമുക്കുണ്ട്. പച്ചമ നുഷ്യരായി മണ്ണിന്റെ മക്കളായി ഇന്നും ഭൂമിയെ സംരക്ഷിച്ചുപോരു ന്നു. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആദിവാസികളുള്ള അട്ടപ്പാടി എ ന്നും നിത്യയൗവനമായി നിലനിന്നു പോരുന്നു. പാലക്കാട് ജില്ലയിലെ മ ണ്ണാർക്കാട് ഫോറസ്റ്റ് ഡിവിഷനിലാ ണ് അട്ടപ്പാടി മണ്ണാർക്കാട് താലൂക്കി ലെ അട്ടപ്പാടി ബ്ലോക്കിലാണ് അട്ട പ്പാടി. അഗളി, പുതൂർ, ഷോളയൂർ എ ന്നീ ഗ്രാമപഞ്ചായത്തുകളാണുള്ള ത്. പാലൂർ, ചാവടിയൂർ, കോട്ടത്തറ, ഷോളയൂർ, ചിറ്റൂർ, അഗളി, മുക്കാ ലിത്താവളം, ജെല്ലിപ്പാറ, കാരറ എ ന്നീ ഡിവിഷനുകളാണ് അട്ടപ്പാടി ബ്ലോക്കിലുള്ളത്. ഭവാനി, ശിരുവാ ണി, വരഗാർ, കൊടുങ്ങാരപ്പള്ളം, കു ന്തിപ്പുഴ എന്നീ നദികൾ അട്ടപ്പാടി യുടെ സൗന്ദര്യത്തെ എടുത്തുകാട്ടു ന്നു. കൊടുങ്ങാരപ്പള്ളം മനുഷ്യരു ടെ പുനർജ്ജനി പുണ്യമായി മാറി ക്കഴിഞ്ഞിരിക്കുന്നു. അട്ടപ്പാടി ഏക ദേശം 175 sq. km ആയി പരന്നു കിട ക്കുന്ന ഭൂമിയിൽ 32,000 ആദിവാസി കൾ കുടിയിരിക്കുന്നുണ്ട്. 18,000 ഇരു ളരും 12,000 മുഡുകരും ബാക്കി കു റുമ്പരുമാണ്.

അട്ടപ്പാടി എന്ന പേരുവ രാൻ പല കാരണങ്ങളുമുണ്ടെന്നാണ് ചരിത്രം പറയുന്നത്. അട്ടകളുടെ ശ ല്യം കൂടുതലുള്ള മേഖലയായതിനാ ൽ അട്ടപ്പാടി എന്ന് അറിയപ്പെടുന്നു, മറ്റുചിലർ ഏറ്റവും കൂടുതൽ മുള (അണ്ടെ) ഉണ്ടായിരുന്നതിനാലും അട്ടപ്പാടി എന്നറിയപ്പെട്ടു. ബുദ്ധമത സന്യാസികളുടെ വിഹാരഭൂമികൂടി യാണ് അട്ടപ്പാടി എന്നും അഭിപ്രായ പ്പെടുന്നുണ്ട്.

രണ്ടാം ലോകമഹായുദ്ധ കാലഘട്ടത്ത് അട്ടപ്പാടി താഴ്വരകൾ ജന്മിമാരുടെ കൈവശമായിരുന്നു. പാലക്കാട് ജില്ല രൂപീകരിക്കുന്നതി നുമുമ്പ് കന്യകുമാരി തമിഴ്നാടിന് കൈമാറി മദ്രാസിനു കീഴിലുണ്ടായ



**ജോക്സി ജോസഫ്**
**9495074921**

അട്ടപ്പാടി കേരളത്തിനുനൽകിയെ ന്നും പറയുന്നുണ്ട്. മണ്ണാർക്കാട് ആ നക്കട്ടി റോഡ് ചെന്നെത്തുന്നത് ആ നക്കട്ടി തമിഴ്നാടിലെ കോയമ്പത്തൂ രിലേക്കാണ്. അട്ടപ്പാടി മദ്യനിരോധി തമേഖല കൂടിയാണ്.

പ്രാക്തന ഗോത്രവർഗ്ഗത്തി ൽപ്പെട്ട കുറുമ്പർ ആനവായ്, കടുക് മണ്ണ്, തടികുണ്ട്, കുടുക്കി എന്നീ പ്ര ദേശങ്ങളിലായ് കാണപ്പെടുന്നു. മല്ലീ ശ്വരൻ കുന്നിലാണ് അട്ടപ്പാടി സ്ഥി തിചെയ്യുന്നത്. ഭവാനി നദിക്കരയിൽ തപസ്സുചെയ്യുന്ന ശിവഭഗവാന്റെ ജട യും മുടിയും വളർന്ന് ഒരു വൻമല യായി തീർന്നു എന്ന ഐതിഹ്യവും നിലനിൽക്കുന്നുണ്ട്. കാട്ടിലൂടെ സ ഞ്ചരിച്ച ശിവഭഗവാൻ വള്ളി എന്ന ആദിവാസി പെൺകുട്ടിയിൽ അനു രാഗവിവശനായി ഊരുമൂപ്പനെ ക ണ്ട് വിവാഹം ആലോചിച്ചുവെങ്കി ലും കരുവാരയൂരുകാർ ആ വിവാ ഹം നടത്തിയില്ല. ആ സംഭവത്തിൽ നിരാശ പൂണ്ട് ഭവാനി നദിക്കരയിൽ തപസ്സിരുന്ന് ജടയും മുടിയും വളർ ന്ന് പടുകൂറ്റൻ മലയായി മാറി. മലയ് ക്ക് മുകളിലുള്ള പാറ ശിവഭഗവാന്റെ ജടയായി ഇന്നും കരുതിപ്പോരുന്നു. ശിവരാത്രിയും വിഷുവും ഇവരുടെ പ്രധാന ആഘോഷങ്ങളാണ്. ശിവ രാത്രി ദിവസം മുഡുകരും കുറുമ്പ രും വ്രതമെടുത്ത് മല്ലിശ്വര മലകയറി വൈകുന്നേരം ശിവജടയിൽ വിള ക്കു കൊളുത്തിയതിനുശേഷമാണ് അട്ടപ്പാടിയിലെ വീടുകളിൽ വിളക്കു തെളിയൂ. അന്നേദിവസം സസ്യഭോ ജനമായിരിക്കും ആദിവാസികൾ ക്ക്. ശിവജടയിൽ കത്തിക്കുന്ന വിളക്കിലെ എണ്ണയും തിരിയും കോ ഴിക്കോട് സാമൂതിരി കുടുംബത്തിൽ നിന്നും മൂപ്പിൽ നായരുടെ ബന്ധു ക്കൾ വാങ്ങി ആദിവാസി ഗോത്ര ക്കാർ അത് ഏറ്റുവാങ്ങും.

മുഡുകരുടെയിടയിൽ സ്വാ മിയൂട്ടും നടന്നുവരുന്നു. കാടിന്റെ സൗന്ദര്യം നിറഞ്ഞൊഴുകുന്ന ശിരു വാണി പുഴയിൽ 'ഡാം' പണിയാ നും, ബ്രിട്ടീഷുകാരുടെ ഭരണകാല ത്ത് വനവിഭവങ്ങൾ കൊണ്ടുപോ കുന്നതിനായി 'ട്രാംവേ' നിർമ്മാണ ത്തിലും ആദിവാസികളുടെ കഠിന പ്രയത്നം എടുത്തുപറയാവുന്നതാ ണ്.

പാലക്കാട് ജില്ലയിൽ അട്ട പ്പാടി, നെല്ലിയാമ്പതി, പറമ്പിക്കുളം, നെന്മാറ, ആലത്തൂർ, മംഗലംഡാം എന്നിവിടങ്ങളിൽ ആദിവാസി പ്രാ ധിനിത്യം കാണാം. ആദിവാസികളി ൽ പലരും മൈസൂരിൽ നിന്നും ത മിഴ്നാട്ടിൽ നിന്നും കുടിയേറിയവ രാണെന്ന് വിശ്വസിക്കപ്പെടുന്നത്. ആദിവാസികളുടെ ജനസംഖ്യ നോ ക്കിയാൽ സ്ത്രീകളാണ് കൂടുതൽ. ഗവൺമെന്റിന്റെ പലപുരോഗമന പ്ര വർത്തനങ്ങൾ, വികസന പ്രവർത്ത നങ്ങളും ആദിവാസികളെ മുഖ്യധാ രയിൽ എത്തിക്കാൻ സാധിച്ചിട്ടില്ല. മഴക്കാലമായാൽ ആദിവാസി കോള നികൾ ഒറ്റപ്പെട്ട് കിടക്കുന്നു.

കന്നുകാലി വളർത്തലും, കൃഷിയും, വനവിഭവങ്ങളുമാണ് ഇവരുടെ ഉപജീവനമാർഗ്ഗം. ഊരി ലെ പുതിയതലമുറ വിദ്യാസമ്പന്നരാ ണെങ്കിലും കാടിന്റെ നന്മയെ വിട്ടു പോകാനാഗ്രഹിക്കുന്നില്ല. സ്ഥാനാ ന്തര കൃഷിക്കാരായ ഇക്കൂട്ടർ ചാമ, മുതിര, റാഗി, പച്ചക്കറികൾ, പഴവർ ഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യാറുണ്ട്. ആദിവാസികൾ ഇന്നും ഗോത്രാചാരങ്ങളും കാടാചാരങ്ങ ളും ആചരിച്ചുപോരുന്നു. ആദിവാസ കോളനികളെ 'ഊര്' ചേർത്താണ് അറിയപ്പെടുന്നത്. ഊരിന്റെ ചുമതല ഊര് തലവൻമാരിലായിരിക്കും. ഒരു ഊരിൽ ഒരു ഗോത്രവർഗ്ഗക്കാരു മാ ത്രമേ ഉണ്ടാവൂ. മാസത്തിലൊരിക്ക ൽ സർക്കിൾ ഇൻസ്പെക്ടർ ഇവ രുടെ പ്രശ്നങ്ങൾ ഊരുമൂപ്പന്മാരാ യി ചർച്ച നടത്തിപ്പോരാറുണ്ട്.

LAMBS, TRYSEM, TRI

■ കഥ

FED, ITDP, AADI, NGOs കളുടെ പ്രവർത്തനങ്ങൾ ആദിവാസികളിൽ ചെറിയ മാറ്റങ്ങൾ സൃഷ്ടിച്ചെങ്കിലും കാര്യമായ പ്രതിഫലനങ്ങൾ ദർശിക്കാൻ കഴിയുന്നില്ല എന്നതാണ് വാസ്തവം.

കാടിന്റെ നന്മയെ നെഞ്ചോട് ചേർത്തുപിടിച്ച് ജീവിക്കുന്ന ഇവരെ പ്രകൃതിയുടെ ദാനമായി തന്നെ നാം കരുതണം. തീവ്രമായ ആചാരാനുഷ്ഠാനങ്ങളിൽ വിശ്വസിച്ചുജീവിക്കുന്ന ഇക്കൂട്ടർ പുറംലോകത്തേക്ക് വരാൻ ആഗ്രഹിക്കുന്നില്ല എന്നതാണ് യാഥാർത്ഥ്യം. മനുഷ്യൻ മനുഷ്യനിൽ നിന്നും പലതും പഠിക്കേണ്ടതായുണ്ട്. പുറംലോകം ശ്രദ്ധിക്കാത്തവരും, അറിയപ്പെടാതെ പോകുന്നവരുമായ ഇവരെയാണ് നാം ആദരിക്കേണ്ടതും അറിയേണ്ടതും... നാടിന്റെ കാവൽ വിളക്കുകളെ !

(അട്ടപ്പാടിയുടെ സൗന്ദര്യവും ഐതിഹ്യവും ജനസാന്ദ്രതയും കൂടുതൽ അറിയുന്നതിന്...)

■ കവിത


## സിരാനിനവുകൾ


എം. കെ. ശശിധരൻ
9847838361


വീണതൻ നിസ്വനം പോലെ
മന്ദമായന്തരാത്മാവിൽ നിന്നും
പൊടിയുന്ന
സംഗീതബുദ്ബുദങ്ങൾ
വിരിയുന്നു
ചിത്തവിഹായസ്സിലാകെ,
അതിന്റെ സ്ഫടികജലപൊടിപ്പിൽ
പ്രതിഫലിക്കുമാദിത്യരശ്മികൾ
തീർക്കുന്നു മാരിവില്ലുകൾ നീളേ
ഏഴുനിറങ്ങളുമൊരുമിച്ചു ചേർന്നു
ശാശ്വതസത്യമാം ശുഭ്രനിറമായി
കുടികൊൾവുകാരണഭൂതനാം
ചൈതന്യം നിത്യപ്രകാശമായാ-
ത്മതന്ത്രിയായ് കേവലമൂർത്തമായ്
ജീവനിൽ
തൂകുന്നയാശിസ്സു കൈപറ്റി
ധന്യനായ് പ്രത്യാശ നഷ്ടപ്പെടാതെ
പരീക്ഷണങ്ങളെയതിജീവനം
ചെയ്തു
നിസ്സാരജീവിതമർത്ഥഗരിമയിൽ
സംപൂർണ്ണമാക്കുവാൻ
നീ തുണക്കുന്നു
അനുഭവിക്കുന്നു സാധുവാം
ഞാനും...

■ വിജ്ഞാനച്ചെപ്പ്

# സകല കലാശാലകളും ബിരുദ പഠനവും




ഡോ. ഒ. സി. പ്രമോദ്
9446071421


ഇന്ത്യയിൽ മൊത്തം സ്കൂൾ വിദ്യാർത്ഥികളിൽ പത്ത് ശതമാനം പേർ മാത്രമേ കോളേജ് വിദ്യാഭ്യാസം ചെയ്യുന്നുള്ളു എന്നതാണ് കണക്കുകൾ കാണിക്കുന്നത്. കോളേജ് പഠനത്തിന് ചേരുന്ന നല്ലൊരു ശതമാനം കുട്ടികൾ ഡിഗ്രി സർട്ടിഫിക്കറ്റ് ഇല്ലാതെ പടിയിറങ്ങുന്ന കാഴ്ചയും നാം കാണുന്നു. പത്താം ക്ലാസ്സിൽ ഏവരേയും ജയിപ്പിക്കുന്ന ഏർപ്പാട് തുടങ്ങിയതിനുശേഷം, സർവ്വകലാശാല ബിരുദം നേടുക എന്നത് ഒരു കടമ്പയായി മാറിയിരിക്കുന്നു. ഹയർ സെക്കന്ററി വിദ്യാഭ്യാസം ശരാശരി നിലവാരത്തിലെങ്കിലും പഠിച്ചവന്, കോളേജുകളിൽ ചേർന്ന് അർപ്പണമനോഭാവത്തോടുകൂടി ദിവസവും ചിട്ടയായ പഠനം നടത്തുന്നവർക്ക് ബിരുദധാരിയാവാൻ സാധിക്കുന്നതാണ്. കരണ്ടിയിൽ കോരിക്കൊടുത്ത് (Spoon Feeding) മാർക്ക് വാങ്ങുന്നതിനേക്കാൾ ഉപരി തന്റേതായ കഴിവുകൾ വികസിപ്പിക്കാനുള്ള സ്വന്തം കാലിൽ നിൽക്കാനുള്ള ഒരു പരിശീലനം കൂടി സർവ്വകലാശാല പഠനം കൊണ്ട് ലക്ഷ്യമിടുന്നുണ്ട്.

അംഗീകൃത സിലബസ്സ് കൂടാതെ കലയും സാഹിത്യവും രാഷ്ട്രീയവും സ്പോർട്സും ഒക്കെ ഇവിടെ കടന്നുവരുന്നുണ്ട്. അച്ചടക്കവും സേവന മനോഭാവവും വളർത്തിയെടുക്കാൻ NCC, NSS തുങ്ങിയവയും ധാരാളം ക്ലബ്ബുകളും പ്രവർത്തന സജ്ജമായുണ്ട്. കുട്ടികൾക്ക് കൂടുതൽ സ്വാതന്ത്ര്യം കോളേജുകളിൽ ലഭിക്കുന്നുണ്ട്. അത് ദുരുപയോഗം ചെയ്യുന്നവരേയും ഇതേ ക്യാമ്പസ്സിൽ കാണാം. കഴുകൻ കണ്ണുകളുമായി കോളേജുകളുടേയും യൂണിവേഴ്സിറ്റികളുടേയും പരിസരങ്ങളിൽ പലരും തമ്പടിച്ചിരിക്കുന്നത് കുട്ടികളെ ദുശ്ശീലങ്ങൾ പഠിപ്പിച്ച് അവരുടെ പണവും ഭാവിയും നശിപ്പിക്കാനാണ് എന്ന് അറിയാമെങ്കിലും, ഇടപെട്ടാൽ പൗരാവകാശ ധ്വംസനമാകുമെന്നും പ്രായപൂർത്തിയായവരുടെ കാര്യങ്ങളിൽ മറ്റുള്ളവർക്ക് എന്ത് കാര്യം എന്ന രീതിയിൽ ചില മഞ്ഞപ്പത്രങ്ങളും ചാനലിലെ മാമൻമാരും ചർച്ച ചെയ്യുന്നതിനാൽ പലരും സ്വന്തം തടി രക്ഷിക്കാനാണ് ശ്രമിക്കുന്നത്. മയക്കുമരുന്ന് ലോബികൾ ദൃശ്യമാധ്യമങ്ങളേയും അച്ചടി മാധ്യമങ്ങളേയും കയ്യിലെടുത്തിരിക്കുന്നു എന്ന് തോന്നിപ്പോകും ചില കാര്യങ്ങൾ കണ്ടാൽ.

ചുരുക്കം പറഞ്ഞാൽ സർവ്വകലകളേയും പരിപോഷിപ്പിക്കുന്ന സ്ഥാപനങ്ങളാണ് നമ്മുടെ കോളേജുകളും സർവ്വകലാശാലകളും. പഠിച്ച് രക്ഷപ്പെടാനും വലിച്ചും കുടിച്ചും നശിക്കാനും ഇവിടെ സാധ്യമാണ്. വലിയ പ്രതീക്ഷകളോടെ കോളേജിൽ വിടുന്ന രക്ഷകർത്താവ് അഭിമാനം കൊള്ളുമെങ്കിലും തിരിച്ച് ഏത് വിധത്തിലാണ് ഇറങ്ങിവരുന്നതെന്ന് ഇന്നത്തെ സാഹചര്യത്തിൽ പറയാൻ കഴിയുകയില്ല.

നല്ലരീതിയിൽ പഠിച്ചാൽ ധാരാളം അവസരങ്ങൾ അവരെ കാത്തിരിക്കുന്നു എന്നതിനെപ്പറ്റി വീണ്ടുവിചാരം ഇല്ലാത്തവരാണ് തെറ്റുകളിലേക്ക് പോകുന്നതെന്ന് തോന്നുന്നു. ഏത് വിഷയത്തിൽ ബിരുദമെടുത്താലും ആ വിഷയത്തിൽ തന്നെയോ അതുമായി ബന്ധപ്പെട്ട് കിടക്കുന്ന മറ്റൊരു വിഷയത്തിലോ ബിരുദാനന്തര ബിരുദവും (PG), തുടർന്ന് M. Phil, Ph.Dക്കും ഒക്കെ പോയി അന

ന്തമായ ജോലി സാധ്യതകൾ കണ്ടെത്താവുന്നതുമാണ്.

ബിരുദം (ഡിഗ്രി) അടിസ്ഥാന യോഗ്യത ആവശ്യപ്പെടുന്ന ധാരാളം ജോലി സാധ്യതകൾ നമ്മുടെ മുമ്പിൽ തന്നെ ഉണ്ട്. വേണ്ട വിധത്തിൽ തയ്യാറെടുപ്പുകൾ നടത്തിയാൽ തീർച്ചയായും പടവുകൾ കയറി ഉയർന്ന തലങ്ങളിൽ എത്തിച്ചേരാൻ സാധിക്കുന്നതാണ്.

ഐക്യരാഷ്ടസംഘടനയിൽ (UNO) ധാരാളം ഒഴിവുകൾ സമർത്ഥരായ ബിരുദധാരികളേയും ബിരുദാനന്തരബിരുദധാരികളേയും കാത്തിരിക്കുന്നു. UN Civil Service എന്നാൽ ഒരു ബിരുദധാരിക്ക് ലഭിക്കാവുന്ന ഏറ്റവും വലിയ വിദേശ ജോലിയാണ്.

ലക്ഷക്കണക്കിന് ഡോളർ ശമ്പളമുള്ള ഈ ജോലി കഴിവും പ്രാപ്തിയും ഉള്ളവർക്ക് മാത്രമേ ലഭിക്കൂ. പടിപടിയായി ഉയർന്ന് ഉയർന്ന തസ്തികകളിൽ എത്തിച്ചേരാനുള്ള സാധ്യത അവിടെ ഉണ്ട്.

ഒരു വെടിക്ക് 27 പക്ഷി എന്ന രീതിയിലാണ് ഇന്ത്യൻ സിവിൽ സർവ്വീസ് (ICS); ഇതിന് വേണ്ടയോഗ്യത ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ്. IFS, IAS, IPS തുടങ്ങിയ 27 സർവ്വീസുകളിൽ ചേരാൻ കഠിനമായ പരിശ്രമം കൂടിയേ തീരു. വിവിധ വിഷയങ്ങളെപ്പറ്റിയുള്ള അറിവ് പല ഘട്ടങ്ങളിലായി വിലയിരുത്തപ്പെടുകയും അഭിമുഖ പരീക്ഷയിലൂടെ വിജയത്തിലേക്ക് എത്തപ്പെടുകയും ചെയ്യുന്നു.

യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തുന്ന Combined Defence Service Examination (CDSE) വഴി ക്ലാസ്സ് I മിലിറ്ററി ആഫീസർമാരാകാൻ പറ്റും. ഏതെങ്കിലും വിഷയത്തിലെ ഡിഗ്രി കരസേനയിൽ ചേരാൻ മതിയാവും എന്നാൽ നേവി, എയർഫോഴ്സ് തുടങ്ങിയവയിൽ B.Sc (Physics or Maths) കാരേയും B.Tech കാരേയുമാണ് എടുക്കുന്നത്. മെഡിക്കൽ സർവ്വീസിലേക്ക് MBBS, BDS കാരേയും എടുക്കാറുണ്ട്. ഏതെങ്കിലും വിഷയത്തിൽ B.Ed ഉം ബിരുദമോ ബിരുദാനന്തര ബിരുദമോ ഉണ്ടെങ്കിൽ മൂന്ന് സർവ്വീസിലും Education Instructor തസ്തികയിലേക്ക് കയറിപ്പറ്റാവുന്നതാണ്. സാധാരണ ഒരു പട്ടാളക്കാരൻ ഏതാണ്ട് 15 വർഷം കൊണ്ട് എത്തപ്പെടുന്ന റാങ്കിലാണ് ഒരു B.Ed കാരൻ എത്തിപ്പെടുന്നത് എന്ന് മനസ്സിലാക്കുമ്പോൾ ഒരു ബിരുദത്തിന്റെ വില അറിയാവുന്നതാണ്.

പോലീസ് സേനയിൽ നേരിട്ട് സബ്ബ് ഇൻസ്പെക്ടർ (SI) ആകാൻ ഒരു സർവ്വകലാശാല ബിരുദം അനിവാര്യമാണ്. നേരിട്ട് SI മാരാകുന്നവർ മാത്രമേ പിന്നീട് DySP ഉം SP (Non IPS) ഉം മറ്റും ആകാറുള്ളു. എക്സൈസ് ഇൻസ്പെക്ടർ തസ്തികയും ബിരുദധാരികൾക്ക് ഉള്ള താണ്.

സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് പരീക്ഷ ബിരുദധാരികൾക്ക് മാത്രമുള്ളതാണ്. ഒരു സെക്രട്ടറിയേറ്റ് അസിസ്റ്റന്റ് നല്ല സേവനം വഴി ഭാവിയിൽ IAS കാർ കയ്യാളുന്ന തസ്തികകളിൽ വരെ ജോലി ചെയ്യാനുള്ള ഭാഗ്യം ഉണ്ടാവാറുണ്ട്. പബ്ലിക്ക് സർവ്വീസ് കമ്മീഷൻ അസിസ്റ്റന്റ്, ഹൈക്കോടതി അസിസ്റ്റന്റ് തുടങ്ങിയവയിൽ കയറിയാൽ നല്ല പ്രമോഷൻ സാധ്യതകൾ ഉണ്ട്. യൂണിവേഴ്സിറ്റി അസിസ്റ്റന്റിന്, ഭാവിയിൽ ജോയിന്റ് റജിസ്ട്രാർ വരെ ആകാനുള്ള സാധ്യതകൾ ഉണ്ട്.

ബ്ലോക്ക് ഡവലപ്മെന്റ് ആഫീസർ (BDO), പഞ്ചായത്ത് സെക്രട്ടറി, ജൂനിയർ എംപ്ലോയ്മെന്റ് ആഫീസർ (JEO) തുടങ്ങിയ തസ്തികകളിലേക്കുള്ള നേരിട്ടുള്ള നിയമനത്തിന് ഒരു ബിരുദം കൂടിയേ തീരു. ബാങ്കുകളിൽ പ്രൊബേഷണറി ആഫീസർ തസ്തിക (PO) ബിരുദധാരികൾക്ക് ഉള്ളതാണ്. നല്ല തയ്യാറെടുപ്പുകളും കോച്ചിംഗ് ക്ലാസ്സുകളിലെ പരിശീലനവും ഉള്ളവർക്ക് ബാങ്ക് ഉദ്യോഗം കിട്ടാക്കനിയല്ല.

ബിരുദവും LLB യും ചെയ്താൽ വക്കീലായി സ്വയം തൊഴിൽ കണ്ടെത്താവുന്നതാണ്. മിടുക്കരും താത്പര്യവും ഉള്ളവർക്ക് മുൻസിഫ്-മജിസ്ട്രേറ്റ് പരീക്ഷകൾ പാസ്സായി ജഡ്ജിമാരാവാൻ സാധിക്കുന്നതാണ്. ബാങ്കുകളിലും മറ്റ് പ്രമുഖ സ്ഥാപനങ്ങളിലും Legal Advisor തസ്തികയിൽ LLB കാർക്ക് സ്ഥിര നിയമനം നടത്താറുണ്ട്. മിലിറ്ററി കോടതിയിലും LLB കാർക്ക് ജഡ്ജ് ആവാനുള്ള സാഹചര്യം ഉണ്ട്.

ബിരുദത്തിന് ശേഷം രണ്ടു വർഷത്തെ B.Ed കൂടി ചെയ്താൽ ഹൈസ്കൂൾ ക്ലാസ്സുകളിൽ നാം പഠിച്ച വിഷയത്തിൽ തന്നെ അദ്ധ്യാപകർ ആകാം. PG ഉം B.Edഉം SET (State Eligibility Test) ഉം നേടിയാൽ ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകനാവാം. ഹയർ സെക്കന്ററി സ്കൂൾ അദ്ധ്യാപകൻ (HSST) ഒരു ഗസറ്റഡ് ആഫീസർ തസ്തിക ആണ്. ചെറുപ്പത്തിൽ തന്നെ ഗസറ്റഡ് സർവ്വീസിൽ കയറിയാൽ റിട്ടയർ ആകുമ്പോഴേക്കും നല്ല നിലയിൽ എത്താം. PG യും NET (National Eligibility Test) ഉം നേടിയാൽ കോളേജുകളിലും യൂണിവേഴ്സിറ്റികളിലും ബന്ധപ്പെട്ട വിഷയത്തിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ ജോലി നേടാം. M.Phil, Ph.D തുടങ്ങിയ അധിക യോഗ്യതയ്ക്ക് അധിക ശമ്പളവും അവർക്ക് ലഭിക്കുന്നു.

രാജ്യത്തെ പ്രമുഖ സ്ഥാപനങ്ങളായിരുന്നു 1985 – 90 കാലഘട്ടങ്ങളിൽ MBA (Master of Business Administration) നടത്തിയിരുന്നത്. അന്നൊക്കെ അത്തരക്കാരെ വൻ ശമ്പളവും കാറും വീടും നൽകി ബഹുരാഷ്ട്ര കമ്പനികൾ ജോലിക്കെടുക്കാറായിരുന്നു പതിവ്. ഇന്ന് രണ്ടോ മൂന്നോ കട മുറികൾ ഉണ്ടെങ്കിൽ MBA കോഴ്സ് നടത്തി സർട്ടിഫിക്കറ്റ് നല്കുന്ന സ്ഥാപനങ്ങൾ ഈ ലേഖകൻ കണ്ടിട്ടുണ്ട്. അംഗീകൃത യൂണിവേഴ്സിറ്റി ഡിഗ്രി ആണെങ്കിലും അത്തരം MBAക്കാരെ ഒരു കമ്പനിക്കാരും സ്വീകരിക്കാറില്ല എന്നത് ഒരു വാസ്തവം. അത്തരം ഡിഗ്രിക്കാർ ഓട്ടോറിക്ഷ ഓടിക്കുന്നതും വയറ്റുപിഴപ്പിന് പ്രൈവറ്റ് ബസ്സ് കണ്ടക്ടർമാരാകുന്നതും ശരീര അദ്ധ്വാനം ആവശ്യമായ മറ്റ് തൊഴിലിൽ ഏർപ്പെടുന്നതും കാണാനിട വന്നിട്ടുണ്ട്. എം. ബി. എ. എന്ന കോഴ്സിനെപ്പറ്റി അവബോധമില്ലാത്തവർ അ

ത്തരം കോഴ്സുകളിൽ തലവെച്ചതുകൊണ്ടാണ് ഇത്തരം പ്രശ്നങ്ങൾ ഉണ്ടായത്. മറ്റ് ഡിഗ്രികളെപ്പോലെയല്ല എം. ബി. എ.യെ വൻകിട കമ്പനിക്കാർ കണക്കാക്കുന്നത്. മറ്റ് ഡിഗ്രികളൊക്കെ മാർക്കിന്റെ ശതമാനത്തിലാണ് ഒരു കുട്ടിയെ അളക്കുന്നത്. എന്നാൽ എം. ബി. എ ചെയ്യുന്നത് ഏത് കോളേജിൽ ആണ് എന്നത് തന്നെ കാര്യം. ഇപ്പോഴും പഠിച്ചിറങ്ങിയ MBA കാരാണ് തട്ടിക്കൊണ്ടുപോകാൻ കമ്പനികൾ മത്സരിക്കുന്നുണ്ട്. അത് പക്ഷെ, IIM (Indian Institute of Management) സ്ഥാപനങ്ങളായ Ahammadabad, Bombay, Culcutta, Kozhikode, Delhi തുടങ്ങിയ സ്ഥാപനങ്ങളിലെ കുട്ടികളെയാണ്. പത്ത് ലക്ഷം രൂപയിൽ കൂടുതൽ മാസശമ്പളം നൽകിയാണ് ഇപ്പോഴും അവരെ പ്രലോഭിപ്പിച്ച് കൊണ്ടുപോകുന്നത് എന്ന് ഓർക്കണം. ഡിഗ്രിക്ക് പഠിക്കുന്ന കാലത്ത് ഉറച്ച തീരുമാനത്തോടെ പഠിക്കുന്നവർക്കേ അത്തരം സ്ഥാപനങ്ങളിൽ സ്ഥാനമുള്ളു എന്ന് മനസ്സിലാക്കാൻ നമ്മുടെ കുട്ടികൾ എന്ന് തയ്യാറാവും ? കളമശ്ശേരിയിലെ രാജഗിരി കോളേജും ഇത്രത്തോളമൊന്നുമില്ലെങ്കിലും വൻ സാധ്യതകൾ തുറന്ന് തരുന്ന കോളേജാണ്. MBA കോളേജിന്റെ ഗേറ്റോ ബിൽഡിംഗോ മറ്റ് പത്രാസ്സോ ഒന്നുമല്ല കാര്യം. കോളേജിന്റെ പേരിലാണ് MBA ക്ക് സ്ഥാനമുള്ളത്. അഞ്ചാംകിട കോളേജിൽ ചേർന്ന് റാങ്ക് വാങ്ങിക്കുന്നതിനേക്കാൾ നല്ലത് IIM കോഴിക്കോട് പഠിച്ച് കേവല വിജയം നേടുന്നതാണ്.

ഇതേപോലെയാണ് മാസ്റ്റർ ഓഫ് സോഷ്യൽവർക്കും (MSW). ഏതെങ്കിലും ഒരു ജോലി കിട്ടാനാണ് MBA ഉം MSW ഉം ചെയ്യുന്നതെങ്കിൽ എന്തിന് വലിയ പണം മുടക്കി ഇത്തരം സാഹസങ്ങൾക്ക് പോകണം ? മറ്റ് ധാരാളം വഴികൾ പറഞ്ഞ് തരാം.

കേരള സിവിൽ സർവ്വീസിന് (KAS) ആരംഭം കുറിച്ച കാര്യം ഏവരും പത്രമാധ്യമങ്ങളിലൂടെ അറിഞ്ഞുകാണുമല്ലോ. ഡിഗ്രി വിദ്യാഭ്യാസം ഉള്ള കഠിനമായ തയ്യാറെടുപ്പുകൾ നടത്തുന്നവർക്ക് ചെറുപ്പത്തിലെ തന്നെ ക്ലാസ്സ് II ഗസ്റ്റഡ് തസ്തികയിലേക്ക് എത്തപ്പെടാവുന്നതാണ്. IAS കാർ കയ്യാളുന്ന പല തസ്തികകളും ഇനി KAS കാർ കയ്യടക്കും. കഴിവും അർപ്പണ മനോഭാവവും ഉള്ളവർക്ക് ഉയരങ്ങൾ കീഴടക്കാൻ KAS ലൂടെ കഴിയും എന്നതിൽ സംശയം വേണ്ട. കേരള സർക്കാരിന്റെ മിക്ക വകുപ്പുകളിലും ചെറുപ്പക്കാരായ II ക്ലാസ്സ് ഗസറ്റഡ് ആഫീസർമാർ എത്തും എന്നത് ഇതിന്റെ ഒരു മേന്മയാണ്. (ഇപ്പോൾ പ്രമോഷനിലൂടെ റിട്ടയർ ആകാറാകുമ്പോഴാണ് പലരും ഗസറ്റഡ് തസ്തികയിൽ എത്തുന്നത്). മറ്റ് പല സംസ്ഥാനങ്ങളിലും ഇത്തരം രീതികൾ നേരത്തേ തന്നെ നടപ്പിലാക്കിയതിനാൽ അവിടുത്തെ ആഫീസുകളിൽ കാര്യക്ഷമത വർദ്ധിക്കുന്നതായി മനസ്സിലാക്കിയപ്പോഴാണ് വൈകിയ വേളയിൽ State Civil Service നമ്മുടെ നാട്ടിലും കൊണ്ടുവന്നത്. 2000 ആണ്ടിൽ ഇതിനുവേണ്ട ചർച്ചകൾ നമ്മുടെ നാട്ടിൽ തുടങ്ങിയതാണെന്നും നീണ്ട 19 വർഷക്കാലം ഇത് പൊടിമറയത്ത് കിടന്നത് IAS കാരുടെ എതിർപ്പും താഴെത്തട്ടിലുള്ള ഉദ്യോഗസ്ഥരുടേയും സർവ്വീസ് സംഘടനകളുടേയും എതിർപ്പും കൊണ്ടാണ്.

വീട്ടിലെ ചുറ്റുപാടും സാമ്പത്തിക നിലയും ഭദ്രമല്ലാത്തവർക്ക് കുടുംബം പുലർത്താൻ ചെറുപ്പത്തിൽ തന്നെ എന്തെങ്കിലും ജോലി ചെയ്യേണ്ട അവസ്ഥ വരുമ്പോൾ സ്വാഭാവികമായും വിദ്യാലയങ്ങൾ അവർക്ക് മുമ്പിൽ കൊട്ടിയടക്കപ്പെടുമല്ലോ. അത്തരക്കാർക്ക് വിദൂരപഠനം വഴി ഡിഗ്രി നേടാനുള്ള മാർഗ്ഗം കേരളത്തിലെ ഒട്ടുമിക്ക സർവ്വകലാശാലകളിലും ഇന്ന് ഉണ്ട്. ഈയടുത്ത കാലം വരെ കേരളത്തിലെ ഒട്ടുമിക്ക ബുദ്ധിജീവികൾക്കും വിദൂര വിദ്യാഭ്യാസത്തോട് അയിത്തമായിരുന്നു. തപാലിലൂടെ നീന്തൽ പഠനം പോലെ അശാസ്ത്രീയമാണ് എന്നായിരുന്നു. ഇത്തരക്കാരുടെ കണ്ടെത്ത

ഏക
തത്ത്വയിലേയ്ക്ക്
മികവുറ്റ
സൃഷ്ടികൾ
അയച്ചുതരിക.
വരിസംഖ്യ
എടുത്തും
വരിസംഖ്യ
യഥാസമയം
പുതുക്കിയും
സഹകരിക്കുക.
പരസ്യങ്ങളും
നല്കാം.

■ കവിത

**സ്നേഹ ഉണ്ണി**

# പെരുവഴിയമ്പലം

എരിയുന്ന സൂര്യന്നു കീഴേവലം കയ്യാൽ
പൊരിയുന്നവയറൊന്നു താങ്ങി മെല്ലെ
തെരുവീഥിയിലൂടെ നടക്കുന്നു ഭ്രാന്തൻ
ആരോരുമില്ലാത്തൊരേകാന്തപഥികൻ

വരളുന്ന നാവിന്നൊരിത്തിരി നീരിനായ്
പരതുന്നു ദൈന്യതയേറിയ കൺകളാൽ
വിറയാർന്ന കാലുകൾ വേച്ചുവേച്ചാപെരു
വഴിയമ്പലത്തിന്റെ അരികിലെത്തി


തെരുവിന്റെ സന്തതിയാമവനിത്തിരി
തലചായ്ക്കുവാനായൊരമ്പലമാണത്
ആലമ്പമില്ലാത്തോർക്കന്തിയുറങ്ങുവാൻ
ആലയമായ് തെരുവീഥിയിൽ നിൽക്കുന്നു

മാറത്തിടംകയ്യാൽ ചേർത്തുപിടിച്ചൊരു
മാറാപ്പു മെല്ലെ നിലത്തുവച്ചതിൽ ചാരേ
നീറിപ്പുകയും വിശപ്പിന്റെ നാളങ്ങൾ
ആറിത്തണുക്കാതവശനായ് വീണവൻ

കീറപ്പഴന്തുണിക്കുള്ളിലെ പേക്കോലം
യാചിച്ചതരവയറന്നത്തിനായ് മാത്രം
ആശയും മോഹവും ഭംഗവുമില്ലാതെ
ആറടി മണ്ണുമവകാശമില്ലാത്തോൻ

മഴമഞ്ഞ മാനത്തെ അഴലോടെ നോക്കുന്ന
വേഴാമ്പലിൽ ശോകരാഗം പോലെ
പാഴ്മുളം തണ്ടിൽ കുടുങ്ങിയൊരീണത്തിൽ
പാഴ്ശ്രുതി പോലെയാജീവൻ തുടിക്കുന്നു.

# ബാക്കി...



**രാജീവ് മാമ്പുള്ളി**
9400418318

യാത്രകളിൽ,
പണിയിടങ്ങളിൽ,
വീട്ടിനകത്തും
നമുക്കൊപ്പമുണ്ട്
കഴുകൻ
കണ്ണുകൾ.

തെരുവിലെ
ഇരുണ്ട
ഇടവഴികളിൽ,
പോരാട്ടങ്ങളിൽ,
നിശാസത്രങ്ങളിൽ,
കാമുകിയെ
ചുംബിച്ച
കത്താത്ത
വിളക്കുകാലിന്നടിയിൽ,
വലകെട്ടിരിയിപ്പാണ്
സ്വകാര്യത
വിനിമയം ചെയ്യുന്ന
ഒരെട്ടുകാലിക്കണ്ണ്.

സംസാരിക്കുന്നതിന്,
സഞ്ചരിക്കുന്നതിന്,
ചിന്തിക്കുന്നതിന്,
കൂട്ടുചേരലുകളുടെ
തനിമ ചോരാതെ
കാക്കുന്നതിന്,
സ്വത്വ രക്ഷയ്ക്ക്
നികുതിയൊടുക്കി
സുരക്ഷിതരാണെന്നു
സ്വയം വിശ്വസിച്ച്,
ആശ്വസിച്ച്
അറിഞ്ഞു മറഞ്ഞു
ജീവിപ്പവർ നാം.

വെറുതേ,
എന്തിനീ
വയ്യാവേലികൾ!

തുറന്ന
ലോകത്തിനകത്തൊരു
അടഞ്ഞലോകത്തിൻ
അഞ്ചരയിഞ്ചു
ചത്വരത്തിനുള്ളിൽ
ഒതുങ്ങി,
ഒടുങ്ങുവതല്ലേ, സുഖം.
അസ്വസ്ഥതകളെ,
അളിഞ്ഞ വാഴ്‌വിനെ
കണ്ടു കണ്ടില്ലെന്നു
നടിച്ച്,
മായാലോകത്തിലഭിരമിച്ച്
മറഞ്ഞു വാഴ്‌വതല്ലോ,
സുഖം!

നമ്മളെത്ര ആധുനികർ,
സുഖഭോഗാന്വേഷികൾ,
അന്ധമാം
വികസന ഭോഷ്കിന്
മൂന്നാമടിവയ്ക്കാൻ
ശിരസ്സു കുനിപ്പവർ
ഒരു വേള,
ഓർക്കണ്ടേ,
ഒടുവിൽ
ഒരാറടിയെങ്കിലും
ബാക്കി വേണ്ടേ?

---

ൽ. ഒരു കുട്ടി ക്ലാസ്സിൽ ഇരുന്ന് റഗുലറായി പഠിക്കുന്നതിനേക്കാൾ പല വഴികളിലൂടേയും, വിശിഷ്യാ ഓൺലൈൻ സമ്പ്രദായത്തിലൂടേയും ടി.വി. പ്രോഗ്രാമുകളിലൂടേയും മറ്റും കൂടുതൽ വിദ്യ സമ്പാദിക്കാവുന്നതാണെന്ന് വികസിത രാഷ്ട്രങ്ങൾ തെളിയിച്ചിരിക്കുന്നു. ആയതിനാൽ ഇത്തരം കോഴ്സുകൾ നടത്താൻ യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ ഇന്ത്യയിലെ എല്ലാ സർവ്വകലാശാലകൾക്കും നിർദ്ദേശം നൽകിയിരിക്കുകയാണ്. അതിന്റെ ഭാഗമായാണ് SWAYAM (Study Web of Active Learning for Young Aspiring Minds), MOOC (Massive Open Online Course), MOODLE (Modular Object Oriented Dynamic Learning Environment) E Padasala, Swatch Vidyalaya തുടങ്ങിയവ രംഗ പ്രവേശനം നടത്തിയിരിക്കുന്നത്. പുരാണ കഥാപാത്രമായ ഏകലവ്യൻ ദ്രോണാചാര്യരുടെ ശിഷ്യഗണങ്ങളെ (റഗുലറായി പഠിച്ചവരെ) പിന്തള്ളിയ കഥ വെറും കഥ അല്ല, ഗുണപാഠ കഥ ആണ് അത്. ഏകലവ്യന്റെ പെരുവിരൽ മുറിച്ച് തരാൻ ആവശ്യപ്പെടുന്ന ദ്രോണാചാര്യരുടെ കാലം കഴിഞ്ഞു. ഇന്ന് ആർക്കാണോ പഠന മികവ് എന്നത് മാത്രമാണ് ലോകത്തെമ്പാടുമുള്ള പരിഷ്കൃത ജനത നോക്കുന്നത്. ഏഷ്യയിലെ ഏറ്റവും വലിയ ഓപ്പൺ സർവ്വകലാശാലയായ IGNOU - വിലെ സിലബസ്സിനോളം വരില്ല നമ്മുടെ സർവ്വകലാശാലകളിലെ പലതിലേയും സിലബസ്സ് എന്ന് അറിയാഞ്ഞിട്ടല്ല പലരും മലർന്നുകിടന്ന് തുപ്പുന്നത്. അറിവും കഴിവും ഉള്ളവർ മുമ്പിൽ നിൽക്കട്ടെ. ഇന്ന് അത് ആർക്കും ആകാവുന്നതാണ്. കയ്യൂക്കും വരട്ടുവാദവും ഒന്നും അവിടെ വേണ്ട. അത്തരം കാര്യങ്ങൾ ഈ ലോകത്ത് എന്നും നിലനിൽക്കുകയില്ല.

അന്തർദേശീയ തലത്തിൽ നാലുവർഷ ഡിഗ്രി കോഴ്സുകൾക്ക് മതിപ്പും അംഗീകാരവും ഉള്ളതിനാൽ നമ്മുടെ മൂന്ന് വർഷ ഡിഗ്രി കോഴ്സുകൾ 4 വർഷം ആക്കാൻ അണിയറയിൽ ചർച്ചകൾ തുടങ്ങിക്കഴിഞ്ഞു. (നമ്മുടെ നാട്ടിൽ ഒരു കാര്യം നടപ്പിലാക്കണമെങ്കിൽ ചുരുങ്ങിയത് 15 വർഷമെങ്കിലും എടുക്കും എന്നത് വേറെ കാര്യം). ഇപ്പോൾത്തന്നെ നമ്മുടെ പല പ്രഫഷണൽ ഡിഗ്രികളും 4 വർഷം ആണെന്ന് മനസ്സിലാകുമല്ലോ ! +2 കഴിഞ്ഞ് നേരിട്ട് 4 വർഷം പഠിച്ച് B. Ed ഡിഗ്രി കൊടുക്കാനും ആലോചനയിലുണ്ട്. ചില വാഴ്സിറ്റികളിൽ ഇപ്പോൾത്തന്നെ അത്തരം Integrated കോഴ്സുകൾ നടത്തുന്നുണ്ട്.

NB: 1948ലെ രാധാകൃഷ്ണൻ കമ്മീഷന്റെ (യൂണിവേഴ്സിറ്റി എഡുക്കേഷൻ കമ്മീഷൻ) നിർദ്ദേശം അനുസരിച്ചാണ് 10+2+3 പാറ്റേൺ വിദ്യാഭ്യാസരീതി പൊതുവെ ഇന്ത്യയിൽ കൊണ്ടുവന്നത്. അതിന്റെ മുൻകാലങ്ങളിൽ സ്കൂൾ വിദ്യാഭ്യാസം 11 വർഷവും ഡിഗ്രി ക്ലാസ്സുകൾ 2 വർഷവും ആയിരുന്നു. മിടുമിടുക്കന്മാർക്ക് ഇന്റർമീഡിയറ്റ് കഴിഞ്ഞാൽ 3 വർഷ ഓണേഴ്സ് ഡിഗ്രിക്ക് ചേരാമായിരുന്നു. അന്നത്തെ കാലത്ത് ഓണേഴ്സിനെ PG ഡിഗ്രിയായാണ് പല വാഴ്സിറ്റികളും കണക്കാക്കിയിരുന്നത്.

# ദൂത് ടു വരുൺ ഫോർ മഴ



ജനാർദ്ദനൻ വണ്ടാഴി
8089060168

മലയാളദേശത്തു നിന്ന് ഒരു ദൂതൻ വരുൺ കോട്ടേജിലേക്ക് മുഖ്യൻെറ ദൂതുമായി കടന്നു ചെന്നു.

“എന്തെ ഇങ്ങട്ട് എഴുന്നെള്ളാനുള്ള കാരണം ?” വരുൺ.

“മലയാളദേശത്തേക്കു വരവേണ്ടിയ മൺസൂൺ ക്വാട്ട വഴി തിരിച്ചുവിട്ടതായി അറിഞ്ഞു.” ദൂതൻ തെര്യപ്പെടുത്തി.

“ഇപ്രാവശ്യം ക്വാട്ടയിൽ കാര്യമായ വെട്ടിക്കുറവുണ്ട്. കഴിഞ്ഞ സീസണിൽ അൽപം ദാനധർമ്മം കൂടുതൽ കാണിച്ച കുറ്റത്തിന് പ്രാക്കുകൾ മെസ്സേജ് ആയും വീഡിയോ ആയും നമ്മുടെ മൊബേലിലേക്ക് പ്രവഹിച്ചിട്ടുണ്ട്. അതൊക്കെ കണ്ടുതീർക്കാൻ സമയമെടുക്കും. അതിനാൽ ഇപ്രാവശ്യം ബജറ്റിൽ കുറവുവരുത്തിയിട്ടുണ്ട്. മലയാളി മക്കൾ ആഴ്ചയിലൊരിക്കൽ കുളിക്കട്ടെ. വൈകീട്ടടിക്കുന്ന കളർ വെള്ളത്തിലെ ഷോഡേടെ റേഷൻ കുറക്കട്ടെ. അപ്പോത്തന്നെ വെള്ളപ്രശ്നം തീർക്കാവുന്നതേയുള്ളു.”

അങ്ങനെ വാശിപിടിക്കരുത് വരുൺ. നമ്മൾക്ക് ദിവസത്തിൽ രണ്ടുവട്ടം കുളിതേവാരം നിർബ്ബന്ധം. ഷോഡേടെ എണ്ണം കുറയ്ക്കാൻ സർക്കാർ സമ്മതിക്കില്ല. റേഷൻ വാങ്ങിയില്ലെങ്കിലും ഷോഡ വാങ്ങിക്കാൻ നിർബ്ബന്ധിക്കുന്നു. അതിനും ന്യായമുണ്ട്. സർക്കാർ കൂലി ഷോഡവഴിയാണ് കൊടുക്കപ്പെടുന്നത്. അതോണ്ട് ഷോഡ നിർത്തലാക്കാനുള്ള പരിപാടി ചിന്തിക്കരുത്. നമ്മ സർക്കാർ പണപ്പെട്ടി തൊട്ടു കളിവേണ്ട. മുഖ്യൻ ക്ഷമിക്കില്ല. മഴ ഇല്ലാത്തോണ്ട് മുഖ്യൻ രാജി വയ്ക്കണമെന്ന മുദ്രാവാക്യം മുഴക്കുന്നുണ്ട്.

വരുൺ ചിന്തയിലേക്കു കടന്നു. വലിയ കണക്കുകൂട്ടലുകൾ നടത്തി. ഒരു കാറ്റ് ചുഴലി ബാധിച്ച് ബംഗാളകടൽ വഴി ആന്ധ്ര, ഒഡീഷ, ബംഗാളം വഴി പേരു പോട്ട് ടൂർ പോയിരിക്കുന്നു. കരിമേഘത്തെ നല്ലൊരു ശതമാനത്തെയും കൂട്ടിക്കൊണ്ടു പോയിട്ടുണ്ട്. അവരിനി ടൂർ കഴിഞ്ഞ് മടങ്ങി വരവുണ്ടാകില്ല. മറ്റൊരു കാറ്റ് അറബിക്കടൽ വഴി ഗോവ, മുംബെ, ഗുജറാത്ത്...

ടൂർ പ്രോഗ്രാം ഫിക്സ് ചെയ്ത് പോയി. പേരിടീലിനുള്ള സമയം കിട്ടാത്തതുകൊണ്ട് കിട്ടിയ വണ്ടിക്കാണ് പോയത്. കൂടെ ജാഥയായി കരിമേഘങ്ങൾ പോയിട്ടുണ്ട്. അസ്സൽ മുദ്രാവാക്യങ്ങളുണ്ട്. അവരും തിരിച്ചു വരവിനു ശീട്ടാക്കിയിട്ടില്ല. ചിന്തകൾ കുഴഞ്ഞു മറിയുന്നു. വരുൺ മുഴുത്ത ടെൻഷനിൽ. “കാര്യങ്ങൾ കഷ്ടാണല്ലോ ദൂത്.”

ദൂത് വായ പൊളിക്കുന്നു. ദൂത് പൊളിഞ്ഞോ എന്നു ശങ്കിക്കുന്നു.

“എന്നാലും വരുൺ ഒരു വഴിയും കാണുന്നില്ലേ ?”

“ഗുരുവായൂർന്ന് ഒരു തിരുമേന്യേ ഏർപ്പാടാക്കിയിട്ടുണ്ട്. അദ്ദേഹം ദേശന്തോറും നടന്ന് പുണ്യാഹം തെളിക്കും. അതോണ്ടൊക്കെ ഇപ്രാശ്യം തൃപ്തിയാവേണ്ടി വരും. നീക്കിയിരിപ്പ് അത്രേ കാണുന്നുള്ളു.”

ദൂത് അവസാനവട്ട കെഞ്ചലും കാലുപിടുത്തവും നടത്തി.

“പാർക്കലാം” എന്ന ആശ്വാസവാക്കിൽ വരുൺ ദൂതനെ കുളിർപ്പിച്ചു. നല്ല തണുപ്പൻ ഷോഡേഴിച്ച് ഒരു സ്മാൾ ദൂതിനെക്കൊണ്ട് പിടിപ്പിച്ച് തിരിച്ചുള്ള വണ്ടിയിൽ കയറ്റിവിട്ടു.

* * * * *

വരുൺ കട്ട ആലോചന. നടന്ന്, കിടന്ന്. വീണ്ടും വാട്സപ്പിലെ പ്രാക്കുകൾ, വീഡിയോകൾ കാണാൻ തുടങ്ങി. സംഗതി കണ്ടിരിക്കാൻ ഉഷാർ.

മന്ത്രിയെ ഉടനെ വരുത്തി. കുറേ പ്രാക്കുകൾ കേൾപ്പിച്ചു. വീഡിയോകൾ കാണിച്ചു. മന്ത്രിക്കും ആകെ ടെൻഷൻ. എന്തുവക പ്രാക്കുകളാണിത്? തല പൊട്ടിത്തെറിച്ചേക്കാം.

“രാജൻ, ഇത്തവണ മലയാള നാട്ടിലേക്ക് കരിമേഘങ്ങൾ കുറച്ചതെന്ത് ? ആ വകുപ്പിലും കിട്ടിയേക്കാം പ്രാക്കുകൾ .”

“എന്താണ് മന്ത്രി നാം ചെയ്യേണ്ടത് ? ഒരുവട്ടം കൂടി ക്ഷമിക്കാല്ലേ...”

“ആവാം.”

“എന്നാ കരിമേഘങ്ങൾ ഉടനെ പുറപ്പെടാൻ തയ്യാറാകട്ടെ. കമ്മിനികത്തിക്കോട്ടെ. ഗുരുവായൂർ തിരുമനസ്സിനെ പിൻവലിക്കുക.”

“ശരി.”

മന്ത്രി ഉടനെ കാൽക്കുലേറ്ററിൽ കുത്തി കണക്കാക്കി മൊത്തം കരിമേഘങ്ങളെ ഒരുക്കി മലയാള ദേശത്തേക്കു വിട്ടു.

പിറ്റേന്നത്തെ വാട്സപ്പ് മെസ്സേജ് കണ്ടപ്പോൾ വരുൺ ഞെട്ടി. പ്രാക്കോടു പ്രാക്ക്. കൂടെ തുഗ്ലക്കൻ ഭരണരീതിയെ കുറിച്ച് ഒരു പേജ് എസ്സേയും.

വരിക്കാരായി സഹകരിക്കുക

ഏക തത്ത്വ മാസിക
വാർഷിക വരിസംഖ്യ – 170 രൂപ
രണ്ടുവർഷത്തേയ്ക്ക് – 340 രൂപ
മൂന്നുവർഷത്തേയ്ക്ക് – 500 രൂപ

പണമയക്കേണ്ട വിലാസം

ഏക തത്ത്വ
എ 9, ന്യൂ സിവിൽ നഗർ,
പാലക്കാട് – 678001

■ കവിത

# മൗനം




**ബിതാ ദാസ്**
**8075638695**


മൗനത്തിന്റെ ചില്ലുവാതിലിന്
ഇരുപുറവും കാവൽനിൽക്കുന്ന
രണ്ട് പോരാളികളാണ്
നമ്മളിപ്പോൾ.

ആഴമളക്കാനാവാത്ത
കണ്ണുകളിൽ
രോഷവും, വെറുപ്പും
മേഞ്ഞു നടക്കുന്നു.

ഒന്ന് ചാറിപ്പോകേണ്ടിടത്ത്
കറുത്ത മുഖം കാണിക്കുകയും
പ്രളയഭൂമിയിൽ
തിമിർത്തു പെയ്യുകയും
ചെയ്യുന്നു.

വസന്തത്തിന്റെ
മനോഹാരിതയിലേക്ക്
ഒരിക്കലും കണ്ണയക്കാതെ
ചീഞ്ഞുനാറുന്ന വന്യതകളിലേക്ക്
മാത്രം
തല നീട്ടുന്നു.


ഒരിക്കലും
സ്വയം തുറന്ന് കാണിക്കാതെ
പരസ്പരം തുറക്കാൻ
അവസരം നൽകാതെ
മൗനത്തിന്റെ ചില്ലുവാതിലിന്
ഇരുപുറവും
മൂർച്ചയേറിയ ആയുധങ്ങളുമായി
നാമിപ്പോഴും...


**രചനകളും കത്തുകളും അയക്കേണ്ട വിലാസം**

ഏക തത്ത്വ
പോസ്റ്റ് ബോക്സ് നമ്പർ - 70
പാലക്കാട് - 678001


■ കഥ

# രാക്ഷസൻ




**ടി. കെ. ഉണ്ണികൃഷ്ണൻ**
**9447972209, 0491 2578098**


**അ**വനെ ഒരു ഡോക്ടറാക്കണമെന്നോ എഞ്ചിനീയരാക്കണമെന്നോ ഞാൻ ആഗ്രഹിച്ചിട്ടില്ല. സത്യത്തിലൂടെ നടക്കുന്നവനും കുട്ടികൾക്ക് അക്ഷരം പഠിപ്പിക്കുന്നവനുമാകണമെന്നേ ഞാൻ ആഗ്രഹിച്ചുള്ളൂ. ഒരു മാഷായി റിട്ടയേർഡ് ആയ എനിക്ക് അത്യാഗ്രഹങ്ങളൊന്നും ഉണ്ടായിരുന്നില്ല. ചുറ്റുപാടുള്ളവരെ സ്നേഹിക്കണം. അവർക്ക് വേണ്ടി കഴിയുന്നത് ചെയ്യണം. അതുമാത്രമായിരുന്നു ജീവിത ഉദ്ദേശം.

10ാം തരത്തിൽ എല്ലാവിഷയത്തിലും അവൻ തോറ്റപ്പോൾ ദേഷ്യപ്പെടാനൊന്നും നിന്നില്ല. പുതിയ വഴിയിലേക്ക് തിരിച്ചുവിടാൻ ശ്രമിച്ചു. കൃഷി ചെയ്യാൻ ഭൂമിയുണ്ട്. മനുഷ്യന്റെ ഏറ്റവും നല്ല തൊഴിൽ കൃഷിയാണെന്ന് ഞാൻ വിശ്വസിച്ചിരുന്നു. പക്ഷേ എന്റെ ശ്രമങ്ങൾ പരാജയപ്പെടുകയാണ് ഉണ്ടായത്. അവൻ വീട്ടിൽ നിൽക്കാതെയായി. എപ്പോഴെങ്കിലും കയറിവരും, ഭക്ഷണം കഴിക്കും, കൂട്ടുകാരോടൊപ്പം പുറത്തുപോകും.

പലരിൽ നിന്നും ഞാൻ അറിഞ്ഞു, ഹർത്താലുകളിലും ജാഥകളിലും ബക്കറ്റ് പിരിവിലും അവൻ സ്ഥാനം ഉണ്ടാകുന്നുവെന്ന്. അതു കേട്ട എനിക്ക് അഭിമാനമല്ല വേദനയാണ് ഉണ്ടായത്. അത് അസത്യങ്ങളിലേക്കുള്ള കാൽവെയ്പ്പാണെന്ന് എനിക്ക് അറിയാമായിരുന്നു. ആയിടയ്ക്കാണ് എന്റെ കാലുകളിൽ വാതം കാരണം ബലക്കുറവ് വന്നത്, വീൽ ച്ചെയറിലായത്. കിട്ടുന്ന പെൻഷൻ കൊണ്ട് ഞാനും ഭാര്യയും മാസങ്ങളും കൊല്ലങ്ങളും നീക്കുമ്പോൾ വീട്ടിൽ വരുന്ന പലരിൽ നിന്നറിഞ്ഞു അവൻ നേതാവായിരിക്കുന്നുവെന്ന്.

വരാന്തയിൽ നിന്ന് തുറക്കുന്ന ഒരു മുറി എന്റേതായി മാത്രം ഉണ്ടായിരുന്നു. എത്രയോ കൊല്ലങ്ങളുടെ ഒഴുക്കിൽ ഞാൻ ശേഖരിച്ച പുസ്തകങ്ങൾ ആ മുറിയിലുള്ള അലമാരികളിൽ നിറഞ്ഞിരിപ്പുണ്ടായിരുന്നു. ഒരുദിവസം അവനും കൂട്ടുകാരും വന്ന് ആ പുസ്തകങ്ങളെല്ലാമെടുത്ത് പുറത്തിട്ടു. പറയുന്നതുകേട്ടു ‘സ്ഥലം മുടക്കി, തൂക്കി വിൽക്കണമിതെല്ലാം.’ ആ മുറി അവന്റെ ഓഫീസായി മാറി. ആൾക്കാർ വന്നും പോയും ഇരിക്കും. പലർക്കും പല കാര്യങ്ങളും അവനെ കൊണ്ട് നടത്താനുണ്ടത്രേ. മുതിർന്ന നേതാക്കളുമായി മണിക്കൂറുകളോളം മൊബൈലിൽ സംസാരിക്കുന്നത് കേൾക്കാം. വിദ്യാഭ്യാസം വഴിയിൽ കളഞ്ഞവൻ, പുസ്തകങ്ങൾ വലിച്ചെറിഞ്ഞവൻ, അച്ഛനമ്മയെ ഗൗനിക്കാത്തവൻ, രാഷ്ട്രീയ കൊലകൾക്ക് ഒപ്പം നിൽക്കുന്നവൻ, പലകുറി അറസ്റ്റ് ചെയ്യപ്പെട്ടവൻ നാട്ടുകാർക്ക് വേണ്ടി പ്രസംഗിക്കുമത്രേ. ജനം കൈയ്യടിച്ച് സിന്ദാബാദ് വിളിക്കുമത്രേ. എന്തു തെറ്റുചെയ്താലും രക്ഷപ്പെടുത്താൻ മുകളിൽ ആളുണ്ട്. പണം വാരിയെറിയാൻ മുതലാളിമാരുണ്ട്.

അന്ന് ഒരു ശനിയാഴ്ചയായിരുന്നു. മുറി നിറയെ അവന്റെ സിൽബന്ധികളുണ്ടായിരുന്നു. വരാന്തയിൽ വീൽച്ചെയറിൽ ഇരുന്ന് എനി

# നന്ദയുടെ യാത്ര

പ്രേമ ആർ
9645696668, 9645585260

**കഥ**യ്ക്ക് ഒരു ആമുഖം

ഞാൻ നന്ദ; നന്ദ ഹരിദാസ്. ഞാൻ ആരാണെന്നറിയേണ്ടേ, നിങ്ങളിൽ ഒരാൾ അല്ലെങ്കിൽ എന്നിൽ എന്റെ ചുറ്റിൽ നിങ്ങൾ ഒരുപാട് പേർ, എന്റെ ചിന്തകളിലൂടെ അനുഭവങ്ങളിലൂടെ ! അങ്ങനെ എന്റെ ജന്മനാട്ടിൽ എന്റെ ജോലിയുടെ ആദ്യ ദിവസം, ഒരുപാട് നടന്ന നാട്ടുവഴി ഇപ്പോൾ തിരക്കുള്ള റോഡായി മാറിക്കഴിഞ്ഞു. ആദ്യമായിട്ടൊന്നുമല്ല. പേടി എന്റെ സന്തതസഹചാരിയാണ്. ആ പേടിയോടെ സ്പീഡിൽ നടന്നു. ബസ് പോകുമോ, ഏത് ബസ്സിൽ കയറണം, സ്വന്തം നാടാണ് എന്നിട്ടാണിങ്ങനെ, വാനിറ്റി ബാഗിൽ നിന്ന് പഴയ നോക്കിയ ഫോൺ എടുത്ത് അനിയൻ കുട്ടനെ വിളിച്ചു. അവൻ കോൾ എടുത്തില്ല. നല്ല മഴ. ഇടവപ്പാതിയാണ്. മഴയെ ശപിച്ചുകൊണ്ട് ടൗൺ തിരക്കിലൂടെ ഞാനും ഒരാളായി. കുടയുടെ കീഴിലാണെങ്കിലും ശരീരത്തിന്റെ പകുതിഭാഗം നനഞ്ഞുകുതിർന്നു. എങ്ങനെയോ ഒരു പ്രൈവറ്റ് ബസ്സിൽ തിക്കിത്തിരക്കി കയറിപ്പറ്റി. സ്കൂൾ കുട്ടികളുടെ സംഘടന പോലെയുണ്ട് ബസ്സിനകത്ത്. പലതരം യൂണിഫോമുകൾ. ആരുടെയോ നനഞ്ഞ കുട ഒരിക്കൽകൂടി എന്റെ സാരി നനച്ചു. കണ്ടക്ടറുടെ ചീത്തവിളികളിലൂടെ കുട്ടികളുടെ സ്കൂൾ ബാഗുകൾ സീറ്റിലെ യാത്രക്കാരുടെ മടിയിലെത്തി. രണ്ട് സ്റ്റോപ്പ് കഴിഞ്ഞതേയുള്ളു ബസ് പെട്ടെന്ന് ബ്രേക്കിട്ടു. ബസിനുമുന്നിൽ ഒരു സംഘം ആളുകൾ കുറച്ച് സ്കൂൾ കുട്ടികളും "എവിടെടാ കണ്ടക്ടർ ?" കൂട്ടത്തിൽ അലമ്പനും എന്നാൽ വളരെ മാന്യമായി വസ്ത്രം ധരിച്ച ചെറുപ്പക്കാരന്റെ ചോദ്യം. അല്ലെങ്കിലും വളരെ മാന്യമായി വസ്ത്രം ധരിച്ചവരേയും പുഞ്ചിരിയോടുകൂടി സമീപിക്കുന്നവരെയുമാണ് പേടിക്കേണ്ടത് എന്ന് തോന്നുന്നു.

"എന്താടാ നിനക്ക് സ്കൂൾ കുട്ടികളെ കാണുമ്പോൾ ഒരു ചൊറിച്ചിൽ ? അവരെ നിന്റെ ബസ്സിനകത്ത് കയറ്റാൻ പറ്റില്ലേ ?" പിന്നെ കേട്ടത് അസഭ്യവർഷമായിരുന്നു. ബസ്സിലെ കമന്റുകളിൽ നിന്ന് കണ്ടക്ടറുടെ മറുപടി കേട്ടില്ല. "പക്ഷേ ഇങ്ങനെ ആയാൽ നാളെ മുതൽ ഈ ബസ്സ് ഈ റൂട്ടിൽ കൂടി ഓടില്ല." താക്കീതിന്റെ സ്വരം. എങ്ങനെയോ ബസ് മുന്നോട്ട് എടുത്തു ഡ്രൈവർ. പെട്ടെന്ന് ഇനി ഇതിന്റെ പേരിൽ ഒരു മിന്നൽ ഹർത്താൽ, ബസ്സിനുനേരെ കല്ലേറ് ഇതൊക്കെ ഉണ്ടാവുമോ ദൈവമേ ? ഈ ബസ്സിനകത്ത് കയറാൻ തോന്നിയ നിമിഷത്തെ ശപിച്ചു ഞാൻ. എന്റെ ജോലിയുടെ ആദ്യ ദിവസം വേഗം ചെന്ന് ജോയിൻ ചെയ്യാം എന്ന് വിചാരിച്ച് ആദ്യം കണ്ട ബസ്സിൽ ഓടിക്കയറിയ ഞാൻ - "അല്ലെങ്കിലും ഈ കണ്ടക്ടർക്ക് ഇങ്ങനെ വേണം. ഇയാൾക്ക് എപ്പോഴും കുട്ടികളോട് ദേഷ്യമാ." ആരുടേയോ ശബ്ദം എന്നെ ചിന്തകളിൽ നിന്ന് ഉണർത്തി. ആ ശബ്ദത്തിനുടമയെ എന്റെ കണ്ണുകൾ കണ്ടുപിടിച്ചു. എന്റെ അടുത്തുനിന്ന ഇരുനിറമുള്ള മെലിഞ്ഞ് കാണാൻ തരക്കേടില്ലാത്ത ഓമനത്തമുള്ള മുഖവും അതിലേറെ പക്വതയും തോന്നിക്കുന്ന പതിനേഴ്, പതിനെട്ട് വയസ്സുള്ള ചുരിദാറണിഞ്ഞ പെൺകുട്ടി. "എന്താ മോളെ എന്തു പറ്റി ?" ഞാൻ ചോദിച്ചു. ആ ചോദ്യം പ്രതീക്ഷിച്ചതുപോലെയായിരുന്നു അവളുടെ പെട്ടെന്നുള്ള മറുപടി. "അല്ല ചേച്ചി, ഇയാൾക്ക് എ

ക്ക് അവരുടെ സംസാരം കേൾക്കാം. "അവന്റെ പാർട്ടി മാറ്റം നമുക്ക് തലവേദനയാണ്. നാളെ അവന്റെ അന്ത്യമാവണം." എന്നുപറഞ്ഞ് അവൻ നാളെ ചെയ്യേണ്ട കാര്യങ്ങൾ സിൽബന്ധികളെ പറഞ്ഞുമനസ്സിലാക്കുകയാണ്. അപ്പോൾ നാളെ ഒരു കൊല ഉറപ്പ്. എന്റെ ശരീരം വിറക്കുകയാണ്. ഒരു രാക്ഷസന്റെ അച്ഛനാണ് ഇന്ന് ഞാൻ. ഒന്നും ചെയ്യാൻ പറ്റാത്ത അവസ്ഥ.

പിറ്റേദിവസം ഭാര്യയുടെ നിലവിളി കേട്ടാണ് ഉണർന്നത്. അതു കേട്ട് അയൽവാസികളും എത്തിയിരിക്കുന്നു. വീൽച്ചെയറിൽ വരാന്തയിലെത്തിയ എന്നെ കെട്ടിപ്പിടിച്ച് ഭാര്യയുടെ ഉറക്കെ നിലവിളി. "അവനെ ആരോ വെട്ടി കൊന്നിരിക്കുന്നു." ജനം തടിച്ചുകൂടി. നാട്ടിൽ ഹർത്താലായി. ശവം പോസ്റ്റ്മോർട്ടത്തിന് വിട്ടു. പോലീസ് നിറഞ്ഞു. അവരുടെ ജീപ്പുകൾ നഗരം കറങ്ങി. മുകളിൽ നിന്ന് പോലീസിന് ഉത്തരവുണ്ടത്രെ കൊലയാളിയെ ഉടനെ പിടിക്കണം.

വൈകുന്നേരം കുറേ പോലീസുകാരോടൊപ്പം അവരുടെ വലിയൊരു ഓഫീസർ വീട്ടിലെത്തി. എന്റെ അടുത്ത് വന്ന് അദ്ദേഹം പറഞ്ഞു. "രണ്ടുപേരേ അറസ്റ്റ് ചെയ്തു. ഇനിയും പിടിക്കാൻ പലരുമുണ്ട്. ഞാൻ ഉറപ്പുതരുന്നു. എല്ലാവരേയും ഉടൻ പിടിക്കും." അതുകേട്ട് ഞാൻ പറഞ്ഞു - "നിങ്ങൾ പിടിച്ചവരെ വിട്ടേയ്ക്ക്. ഇത് എതിർപാർട്ടിക്കാരെ കുടുക്കാനുള്ള അവസരമാകേണ്ട. കൊന്നയാളെ ഞാനറിയും."

"ആരാ ?" പലരുടേയും ചോദ്യമൊന്നിച്ചായിരുന്നു.

"ഞാനാണ് ഉറക്കിക്കിടക്കുന്ന അവനെ വെട്ടിക്കൊന്നത്. പല കൊലകൾക്കും ആസൂത്രണം ചെയ്യുന്ന അവനെ ഞാനിതുചെയ്തില്ലെങ്കിൽ എത്രയോ കൊലകൾ അവനിനിയും നടത്തും. ജനത്തിന്റെ നന്മയ്ക്കുവേണ്ടിയല്ല, പാർട്ടിനേതാക്കളുടെ നിലനിൽപ്പിനുവേണ്ടി. ഗാന്ധിയനായ എന്നെപ്പോലുള്ള പലർക്കും വാൾ എടുക്കേണ്ട സമയമെത്തിയിരിക്കുന്നു.

●

പ്പോഴും സ്റ്റുഡൻസിനെ കണ്ടുകൂടാ. ഈ ബസ്സിൽ കയറ്റാറില്ല. എപ്പോഴെങ്കിലും ഇയാൾക്കിങ്ങനെയൊരു പ്രശ്നം വരണമെന്ന് ഞങ്ങൾ ആഗ്രഹിച്ചതാ.''

''മോൾ എവിടുന്നാ ? എവിടെയാ പഠിക്കുന്നത് ?'' യൂണിഫോം ഇല്ലാത്തതുകൊണ്ട് ഏത് കോളേജ് ആണെന്ന് ചോദിക്കേണ്ടിവന്നു.

''ഞാൻ വടക്കഞ്ചേരിയിൽ നിന്നാണ് വരുന്നത്. വിക്ടോറിയ കോളേജിലാ പഠിക്കുന്നത്.''

പിന്നെ അവൾ പറഞ്ഞതൊന്നും ഞാൻ കേട്ടില്ല. ഈശ്വരാ എന്റെ കോളേജ്, ഞാൻ ഒരു നിമിഷം പഴയ നന്ദയായി. നന്ദൂ എന്ന് നീട്ടി വിളിയുമായി മാലിനി ടീച്ചർ, ടീച്ചറുടെ പ്രിയ സ്റ്റുഡന്റ് എന്ന അഹങ്കാരത്തോടെയുള്ള ദിവസങ്ങൾ, പഴയ മൂവാണ്ടൻ മാവിൻ ചോട്ടിലെ പ്രണയം, സഫലമാവാത്ത പ്രണയവും. നന്ദ കിഷോർ എന്ന കൂട്ടുകാരുടെ കളിയാക്കലും കിഷോർ എവിടെയാണ്, ബി.എ. മലയാളത്തിന് ഹിസ്റ്ററിക്കാരന്റെ കൂട്ട്. എന്റെ മനസ്സിന്റെ നൊമ്പരം കണ്ണുകളിലൂടെ പെയ്തിറങ്ങി.

''നന്ദ സ്റ്റോപ്പ് എത്തി.''

ആ ശബ്ദം എന്നെ ഇന്നലെകളിൽ നിന്ന് ആ നിമിഷത്തിലേക്ക് കൊണ്ടുവന്നു. അയൽപ്പക്കത്തെ ചേട്ടൻ അദ്ദേഹം ദിവസവും ഈ ബസ്സിലാണ് ജോലിക്ക് പോവുന്നത് എന്ന് തോന്നുന്നു. അയാൾക്കറിയാം, ഈ പട്ടണത്തിലെ ജോലിയുടെ ആദ്യദിവസമാണ്. പുതിയ സ്കൂളിലേക്ക് സ്ഥലമാറ്റമാണ്, ശരിയാണ് സമയം ഓടുകയാണ്, നേരത്തേ എത്തണം. പുതിയ അന്തരീക്ഷം, പുതിയ കുട്ടികൾ. സ്കൂളിലെ പ്യൂണിന് നേരത്തേ എത്തണം. ഞാനും ജനങ്ങളിൽ ഒരാളായി - ഓരോ ദിവസവും പതിവുപോലെ വലിയ മാറ്റങ്ങളൊന്നുമില്ലാതെ പരിചിതമുഖങ്ങൾ. ചിലപ്പോൾ ഓരോ ബസ്സുകൾ സ്ഥിരം ബസ്സ് അല്ലെങ്കിൽ ജോലിയുടെ തിരക്കുപോലെ പലതരം ബസ്സുകൾ കയറിയിറങ്ങി ഞാൻ.

''ചേച്ചി, എന്നെ ഓർമ്മയുണ്ടോ?'' പതിവുയാത്രക്കിടയിൽ ഒരു ദിവസം ഒരു പെൺകുട്ടി എന്നോട് ചോദിച്ചു. ''ഇല്ല'' വളരെ നോർമ്മലായി ഞാൻ മറുപടി കൊടുത്തു. അതിനിടയിൽ കണ്ടക്ടർ എന്നോട് പറഞ്ഞു - ''ചേച്ചി ഒന്ന് മാറിനിൽക്കൂ, സ്കൂൾ കുട്ടികൾ ഒന്ന് അകത്തേയ്ക്ക് കയറി നിൽക്കട്ടെ.'' ഒരു നിമിഷം ഷോക്കേറ്റ പോലെ നിന്നുപോയി. പെട്ടെന്ന് ആ ദിവസം എന്റെ ഓർമ്മയിലെത്തി. എന്റെ ജോലിയുടെ ആദ്യദിവസം... അതേ കണ്ടക്ടർ, ആ ബസ്സ്, ആ പെൺകുട്ടിയും. ഞാൻ ആ പെൺകുട്ടിയുടെ മുഖത്തേക്ക് നോക്കി. എന്റെ മനസ്സിലെ ചോദ്യത്തിന് അവൾ ഉത്തരം തന്നു. ''ചേച്ചി ഞാൻ സൗപർണ്ണിക. ചേച്ചിയെ ഞാൻ പരിചയപ്പെട്ടിരുന്നു. പിന്നെ ഈ കണ്ടക്ടർ ഇപ്പോൾ വളരെ നല്ല മനുഷ്യസ്നേഹിയാണ്. എന്തുകൊണ്ടാണെന്നറിയാമോ ?'' വളരെ പതിഞ്ഞ ശബ്ദത്തിൽ നല്ല വ്യക്തതയോടെ ഉറച്ച വാക്കുകളിൽ അവൾ ആ സംഭവം എന്നോട് പറഞ്ഞു:-

''അയാളുടെ ഭാര്യയും നാല് വയസ്സുള്ള മകളും സ്കൂട്ടറിൽ യാത്ര ചെയ്യുമ്പോൾ ഒരു ബസ്സുമായി കൂട്ടിയിടിച്ചു. ഗ്രാമപ്രദേശത്തെ റോഡായിരുന്നു അത്. എന്നാലും അതിലെ വന്ന ആളുകൾ പലരും ഈ കാഴ്ച ഫോണിൽ റെക്കോർഡ് ചെയ്ത് വാട്സാപ്പിൽ ഷെയർ ചെയ്യുവാനുള്ള തിരക്കിലായിരുന്നു. പക്ഷേ അതുവഴി നടന്നുപോയ ഹൈസ്കൂൾ സ്റ്റുഡൻസ് അവരെ എടുത്ത് ഹോസ്പിറ്റലിൽ കൊണ്ടുപോയി. രക്തത്തിന് ആളുകളേയും സംഘടിപ്പിച്ച് കൊടുത്ത് അവരുടെ ബന്ധുക്കൾ വരുന്നതുവരെ ഹോസ്പിറ്റലിൽ നിന്നിട്ടാണ് പോയത്. ഇയാളോട് ഡോക്ടർ പറഞ്ഞത്രെ - ഒരു നിമിഷം വൈകിയിരുന്നെങ്കിൽ, രക്തം സമയത്തിന് കിട്ടാതിരുന്നതാണെങ്കിൽ നിങ്ങളുടെ ഭാര്യയും മകളും ഇന്ന് ഈ ഭൂമിയിൽ ഉണ്ടാവുമായിരുന്നില്ല എന്ന്.'' ഇതുകേട്ട് ഞാൻ പുഞ്ചിരിച്ചു. എന്താണെന്നോ ? എത്ര സമ്പത്ത് ഉണ്ടായാലും, എത്ര വിദ്യാഭ്യാസമുണ്ടായാലും സ്വന്തം ശരീരമോ അവർക്ക് പ്രിയപ്പെട്ടവരെ നഷ്ടപ്പെടണം ഒരുനിമിഷം ഒരു നല്ല മനുഷ്യനാവാൻ.

●

■ കത്തുകൾ

# അഭിപ്രായങ്ങളും പ്രതികരണങ്ങളും

പ്രിയപ്പെട്ട മുരളി,

സത്യം സുഗന്ധപൂരിതമെങ്കിലും അതിന്റെ സ്വാദ് കയ്പാണ്. 'മുരളീരവത്തിന്' ആസ്വാദ്യതയേറും പക്ഷെ ചിലർക്ക് അത് കഷായമാണ്. 'തേനെപാലെ...' എന്നൊക്കെ പറഞ്ഞ് വോട്ടുനേടി അധികാര സ്ഥാനത്തെത്തുന്ന ചില എം. എൽ. എ.മാരും, എം. പി.മാരും കോടികളുടെ തിളക്കം കണ്ട് കാലുമാറുന്ന കാഴ്ച ഇന്നും ഇന്നലെയും തുടങ്ങിയതല്ല. എന്നാൽ ഇക്കാലത്ത് ഒരു ഉളുപ്പുമില്ലാതെ ഇത്തരം ഊച്ചാളികൾ സമൂഹത്തിൽ ഇറങ്ങിനടക്കുന്നതാണ് അത്ഭുതം. അത്തരം 'വർഗ്ഗങ്ങൾ' ഏറിവരികയാണ് താനും. 'പാലം കടക്കുവോളം നാരായണ... പാലം കടന്നാൽ കൂരായണ !' വോട്ടർമാരെ കഴുതകളാക്കുന്ന ഇത്തരം ശിഖണ്ഡികളെ നിലയ്ക്ക് നിർത്താനുള്ള നിയമങ്ങൾ വന്നേ തീരൂ ! പക്ഷെ, പൂച്ചയ്ക്ക് ആര് മണി കെട്ടും അല്ലേ !

വിശ്വാസവും സത്യവും എക്കാലത്തും രണ്ടു ധ്രുവങ്ങളിലാണ്. ടെലസ്കോപ്പ് കണ്ടുപിടിച്ച ഹാൻസ് ലിപ്പർഷെയ് എന്ന ശാസ്ത്രജ്ഞൻ അത് സമുദ്രനിരീക്ഷണത്തിനുപയോഗിച്ചപ്പോൾ ഗലീലിയോ ആകാശത്തിലേയ്ക്ക് തിരിച്ചുവെച്ച് ഗ്രഹങ്ങളെ നിരീക്ഷിച്ചു. അത്ഭുതം. എല്ലാ വിശ്വാസങ്ങളും തകിടം മറിഞ്ഞു. ഭൂമിയും ചന്ദ്രനും ഉപഗ്രഹങ്ങളുമെല്ലാം സൂര്യനെ കേന്ദ്രീകരിച്ച് ഒരു സംഘനൃത്തം ചെയ്യുന്നു ! പറയാതിരിയ്ക്കാൻ കഴിഞ്ഞില്ല ഗലീലിയോവിന് ! പറഞ്ഞു... ഫലമോ ? അന്നത്തെ പോപ്പ് ഗലീലിയോവിനോട് മാപ്പെഴുതി വാങ്ങി അദ്ദേഹത്തെ ഏകാന്ത തടവിന് ശിക്ഷിച്ചു. കോടാനുകോടി വിശ്വാസികളുടെ കടയ്ക്കലാണ് ഗലീലിയോ കത്തിവെച്ചത് ! അപ്പൊഴും അദ്ദേഹം പിറുപിറുത്തത്രെ... എന്നാലും ഭൂമി സൂര്യനെ ചുറ്റിക്കൊണ്ടേയിരിയ്ക്കും !

ജൂൺ ലക്കം ഏക തത്ത്വയിലെ അഭിപ്രായങ്ങളും പ്രതികരണങ്ങളും എന്ന പംക്തിയിൽ എന്റെ ഒരു കത്തുണ്ടായിരുന്നു. പുരാണങ്ങളിലെ ചില വസ്തുതകളെ ഉദ്ധരിച്ചുകൊണ്ട്. കൗരവസഭയിലെ പാഞ്ചാലിയുടെ വസ്ത്രാക്ഷേപം, അഹല്യാ ശാപം, സീതാപരിത്യാഗം, ഗാന്ധാരിയുടെ സ്വയം അന്ധത വരിയ്ക്കൽ...! സത്യം പറഞ്ഞാൽ ഇതൊക്കെ യുക്തിപൂർവ്വങ്ങളായ സംശയങ്ങളാണ്. ഞാൻ പണ്ടേ പറയുന്നത് പോലെ ചോദ്യങ്ങളോടാണ് എനിയ്ക്ക് താത്പര്യം... എത്രയോ പേർക്ക് ഇത്തരം സംശയങ്ങളുണ്ടുതാനും !

പുരാണകർത്താക്കളെല്ലാം പുരുഷന്മാരാണല്ലോ ! അതുകൊണ്ടുതന്നെ സ്ത്രീത്വത്തിൽ അവർ കാണിയ്ക്കുന്ന യജമാനത്വം പൂർണ്ണമായി അംഗീകരിയ്ക്കാൻ കഴിയാറില്ല. ഭർത്താവ് മരിച്ചാൽ ഭാര്യ 'ചിതയിൽ' ചാടിമരിയ്ക്കണം. ഭാര്യ മരിച്ചാലോ...? പണ്ടുകാലം മുതൽക്ക് തന്നെ പുരുഷാധിപത്യം നിലനിന്നിരുന്നു എന്നതിന്ന് നമുക്ക് എത്രയോ തെളിവുകൾ ഉദ്ധരിയ്ക്കാൻ കഴിയും, പുരാണങ്ങളിൽ നിന്നുപോലും. (ആഗസ്റ്റ് 11 ഞായറാഴ്ചത്തെ മാതൃഭൂമി വാരാന്തപ്പതിപ്പിൽ കെ. എസ്. രാധാകൃഷ്ണന്റെ 'വസ്ത്രാക്ഷേപവും ധർമ്മത്തിന്റെ സഞ്ചാരങ്ങളും' എന്ന ലേഖനം പറ്റുമെങ്കിൽ വായനക്കാർ ശ്രദ്ധിയ്ക്കുക)

പ്രമോദ് മഞ്ചേരിയുടെ 'സ്ത്രീനാമ പരിണാമം ഒരു ചിന്തനം' എന്ന ലേഖനത്തെ അടിസ്ഥാനപ്പെടുത്തിയാണ് ഞാനാ കത്തെഴുതിയത്. ആദരണീയനായ മേനോൻ സാർ ആഗസ്റ്റ് ലക്കം ഏക തത്ത്വയിൽ എന്റെ പേരെടുത്തുപറയാതെ ഇങ്ങനെ കുറിയ്ക്കുകയുണ്ടായി. 'ഇത്തരം വക്രീകൃത അഭിപ്രായം ഏക തത്ത്വയിൽ കൂടി പ്രകാശിതമാക്കിയതിനാൽ എന്ത് പ്രയോജനം ? ഭൗതികമേഖലയിൽ സ്ത്രീകളുടെ സമത്വത്തിന്ന് വക്കാലത്തിനാൽ ആത്മീയ മേഖലയിൽ ഉണ്ടാക്കാവുന്ന ക്ഷതിക്ക് പരിഹാരമുണ്ടോ ?' എന്ന് ചോദിക്കുന്നു.

സാർ, ആത്മീയ മേഖല അത്രമാത്രം ദുർബ്ബലമാണെന്ന് ഞാൻ കരുതുന്നില്ല. മേനോൻ സാർ വളരെ ദീർഘമായി തന്നെ എന്റെ കത്തിന്റെ ഉള്ളടക്കത്തെക്കുറിച്ച് നിരൂപണബുദ്ധ്യാ ഉപന്യസിച്ചിട്ടുണ്ട്. അവയൊക്കെ വിനയത്തോടെ ഞാൻ സ്വാഗതം ചെയ്യുന്നു. എങ്കിലും ഗലീലിയോ പറഞ്ഞത് പോലെ എക്കാലത്തും സ്ത്രീ പുരുഷന്റെ അടിമയായിരുന്നെന്ന് പിറുപിറുക്കാതെ എനിയ്ക്ക് നിവൃത്തിയില്ല സാർ. വായനക്കാരുടെ പക്ഷമെന്താണെന്നെനിയ്ക്കറിയില്ല. റേഷൻ കാർഡിൽ പോലും ഇപ്പോഴാണ് 'കുടുംബനാഥ' വന്നിട്ടുള്ളത്. ഇതുവരെ നാഥനായിരുന്നുവല്ലോ !

ഏക തത്ത്വയിലെ കവിതകളെല്ലാം ആസ്വാദ്യകരം - പ്രത്യേകിച്ചും പുതിയ എഴുത്തുകാരുടെ. സ്ഥിരമായി എഴുതുന്ന കുടുംബാംഗങ്ങളെക്കുറിച്ച് പ്രശംസിയ്ക്കുന്നത് അനൗചിത്യം !

സ്നേഹത്തോടെ

മുക്കം ഭാസി

9846138693

---

സ്നേഹം നിറഞ്ഞ മുരളീധരൻ സാർ,

'ഏക തത്ത്വ'യിൽ ഏറെ ആകർഷിച്ച ചില കാര്യങ്ങൾ സൂചിപ്പിക്കുവാനുള്ള സ്വാതന്ത്ര്യം എടുക്കുകയാണ്. മുഖമൊഴികൾക്ക് ഒരു മറുമൊഴിയാകട്ടെ... എഴുത്തിന്റെ വഴികളിലും എഴുത്തുകാരുടെ ഉള്ളിലിരുപ്പിലും കൈവച്ചുതുടങ്ങി 'യോഗ'യിലൂടെ വികസിച്ച് ആശുപത്രി വരാന്തകൾ പലത് കയറിയിറങ്ങി. ചിന്തിയ്ക്കുവാനുള്ള ഒരു താക്കീതുമായി 'പഠനപ്രക്രിയ'യുടെ നേർവഴികൾ പരിശോധിച്ച്, 'മഴ' നനഞ്ഞ്, പ്രളയത്തെ ഭയന്ന്, വനവത്ക്കരണവും പരിസ്ഥിതിസംരക്ഷണവും എല്ലാം യഥോചിതം നടപ്പാക്കി, ഒരിയ്ക്കൽ കൂടി യോഗ ചെയ്ത് അതിന്റെ പ്രത്യാഘാതം പരിഹരിയ്ക്കുവാൻ വേണ്ടി ഒരിക്കൽകൂടി 'ആശുപത്രി' സന്ദർശിച്ച്, വായനക്കാരുടെ മനസ്സാക്ഷിയിലൂടെ ചോദ്യശരങ്ങൾ എറിഞ്ഞുവിട്ട് എല്ലാറ്റിനുമൊടുവിൽ നന്മയ്ക്കുമാത്രം വിജയം കണ്ടെത്തുന്ന ഒരു മിസ്റ്റിക്കിനെയാണ് ജൂലൈ ലക്കം ഏക തത്ത്വയിൽ കാണാൻ കഴിഞ്ഞത്. അഭിനന്ദനങ്ങൾ. എന്നാൽ വിഷയബാഹുല്യം അവതരണ ഭംഗിയെ ബാധിച്ചുവോയെന്ന് സന്ദേഹിക്കുന്നു. പരിഹാരമായി സബ്ടൈറ്റിലുകൾ ആകാമായിരുന്നുവോ എന്നൊരു ചിന്തയും.

'ഏക തത്ത്വ'യിലെ രചനകളെല്ലാം തന്നെ ഒന്നിനൊന്ന് മെച്ചമായിട്ടുണ്ട്. എങ്കിലും ശ്രീ. വി. എ. മേനോന്റെ 'ചിന്തിയ്ക്കാൻ പഠിയ്ക്കൂ, പഠിപ്പിക്കൂ' എന്ന ലേഖനം വളരെ ശ്രദ്ധേയമായി. ചിന്തയുടെ തരം തിരിയ്ക്കലുകൾ നന്നായി. ഇവയോടൊപ്പം താത്ത്വിക ചിന്തയും ആത്മീയ ചിന്തയ്ക്കും ഇടം കൊടുത്തിരുന്നു വെങ്കിൽ ഏറെ നന്നായിരുന്നേനെയെന്ന് തോന്നി. നമ്മുടെ മസ്തിഷ്ക പ്രവർത്തനമായ യുക്തിചിന്തയുടെ ശേഷി വർദ്ധിപ്പിക്കുവാൻ വേണ്ട പരിശീലനങ്ങളുടെ പരാമർശവും അവശ്യം ആവശ്യം തന്നെ. നന്നായി. പലതരം ധ്യാനരീതികളും ഏകാഗ്രത വർദ്ധിപ്പിയ്ക്കുവാനുള്ള പരിശീലന സമ്പ്രദായങ്ങളും ഒപ്പം ചേർത്തുവെയ്ക്കപ്പെടേണ്ടതായിരുന്നുവോ ? തലച്ചോറിലെ Pre-frontal Cortex എന്ന യുക്തിചിന്തയുടെ കേന്ദ്രത്തെ ഉത്തേജിപ്പിക്കുവാനുള്ള ധ്യാനരീതികൾ അറിയാമെങ്കിൽ, അത് വരും തലമുറയ്ക്ക് വലിയൊരു മുതൽക്കൂട്ടാകാം.

ബോധത്തിന്റെ വിവിധ തലങ്ങളായ 'അബോധ', 'പ്രോഗ് ബോധ', 'ബോധ' തലങ്ങളെ വിശകലനം ചെയ്യുന്ന ഫ്രൊയീഡിയൻ തത്ത്വങ്ങളും മേൽപ്പറഞ്ഞ ആശയങ്ങളോട് കൂട്ടിവയ്ക്കാവുന്നതല്ലേ ? 'യുക്തിചിന്ത' (Logical Thinking) പഠനപ്രക്രിയയ്ക്കും തുടർന്ന് ഭാവിലോകത്തിന്റെ ശ്രേയസ്സിനും എത്രമാത്രം അനിവാര്യമാണെന്നുള്ള തിരിച്ചറിവ് ഇളം തലമുറയ്ക്ക് ഉണ്ടാക്കിക്കൊടുക്കുവാൻ വെളിച്ചം പരത്തുന്ന ശ്രീ. മേനോന്റെ ശ്രമം ഒത്തിരി അഭിനന്ദനം അർഹിയ്ക്കുന്നു. വിഷയത്തിൽ തുടർലേഖനങ്ങളും പ്രതീക്ഷിക്കുന്നു. സ്നേഹപൂർവ്വം...

അലക്സാണ്ടർ മുട്ടത്തുപാടം

9447868255

മുരളീധരന്,

ഏക തത്ത്വ മുടങ്ങാതെ വായിക്കുന്നു. ജൂലൈയ് ലക്കം എനിയ്ക്ക് ഫോൺ വിളിച്ച് പറയാൻ തക്കവണ്ണം ഒന്നും കണ്ടില്ല. ആഗസ്റ്റ് അങ്ങിനെയല്ല. മുഖചിത്രം ഫോട്ടോ നന്നായി. വരണ്ടഭൂമിയിൽ കുറച്ച് പച്ചപ്പുബാക്കി നിൽക്കുന്നു. എന്നോ വരണ്ട ഭൂമി ഇനി പച്ചപ്പിലേയ്ക്ക് വീണ്ടും വരട്ടെ എന്നോ ഉദ്ദേശിക്കാം. എന്റെ ഉദ്ദേശം ചിത്രകാരന്റെ മനസ്സ് – കവർചിത്രത്തിന്റെ എഴുത്ത് – "മണ്ണിൽ നിന്നും മണ്ണിലേക്ക്" വാചകം ചേർന്നതല്ല.

രണ്ടാമത്തെ പേജിൽ പ്രതിനിധികളെ ആവശ്യമുണ്ട് എന്നും – ദുശ്ശീലങ്ങൾ പാടെ ഇല്ലാത്തവരും എന്ന് എഴുതിയത് വായിച്ചപ്പോഴും അങ്ങിനെ ശരിയല്ല. 'ഏക തത്ത്വ' മാസിക വിൽപ്പനയ്ക്കായി കടയിൽ കൊടുത്ത് കമ്മീഷൻ കഴിച്ച് ബാക്കി തുക ഓഫീസിലേക്ക് അയച്ചുതരാൻ നല്ല കളരി അഭ്യാസം തന്നെ വേണം. കളരിപഠനം കഴിഞ്ഞവർക്ക് (അല്ലെങ്കിൽ കളരി പഠനം പകുതി വഴിയിൽ നിർത്തിയവരായിരിക്കും ഉചിതം) ഞാൻ തന്നോട് പറഞ്ഞ കാര്യത്തിലേക്ക് ഇതുവഴി കടക്കാം എന്ന ഉദ്ദേശമുണ്ടെന്ന് മനസ്സിലായി. അത് നല്ലത്.

4, 5, 6 പേജ് മണ്ണിൽ നിന്നും മണ്ണിലേക്ക് – മുരളീധരൻ പറഞ്ഞു. ആര് കേൾക്കാൻ ? എത്ര കാലമായി ഇങ്ങിനെ... കുറേക്കാലം ശബ്ദമുണ്ടാക്കുമ്പോൾ പലതും പ്രതീക്ഷിക്കാം. അത്ര തന്നെ. രാജേന്ദ്രൻ വയലയുടെ ക്ഷണപ്രഭം, പകൽ പോലെ സത്യമാണ്. സാഹിത്യത്തിലെ ഉള്ളുകള്ളികൾ. തുറന്നെഴുത്ത് വളർന്നു വരുന്ന സാഹിത്യകാരന്മാരെക്കുറിച്ചായിരിക്കും. പഴയവർ കുറച്ച് ഭേദമാണ്.

ഏഴംകുളം മോഹൻകുമാർ പറയുന്ന കാര്യം ഏത് നിരൂപകരാണ് ചെയ്യാറ്. നിരൂപണം വായിച്ച് നല്ല വില കൊടുത്ത് പുസ്തകം വാങ്ങിയാൽ പരമബോറ്. രാമായണ കാറ്റേ – ഭാസി മാഷ്, കൈതപ്രം രണ്ടുപേരും എനിയ്ക്ക് വേണ്ടപ്പെട്ടവർ, സുഹൃത്തുക്കൾ. ഭാസി മാഷിന്റെ സംശയം രാമായണ കാറ്റ് എന്ത് കാറ്റാണ് എന്നതാണ്. പണ്ട് ഇല്ലാത്ത ഒരു കാറ്റ്. അതായത് കർക്കിടക മാസം വന്നാൽ ബുക് സ്റ്റാളുകളിൽ അദ്ധ്യാത്മ രാമായണം പലരും എഴുതിയത് വിൽപ്പനയിൽ വരുന്നു, നല്ല വിലക്ക് വിറ്റ് പോകുന്നു. ടി. വി. യിൽ രാവിലെ 6 മണിക്ക് തുടങ്ങും രാമായണത്തെക്കുറിച്ച്. ഇതിനെല്ലാം പുറമേ കർക്കിടകമാസത്തിൽ മാത്രമേ രാമായണപാരായണം മൈക്ക് വെച്ച് അമ്പലങ്ങളായ അമ്പലങ്ങളിൽ തകർക്കാറുള്ളൂ. അങ്ങിനെ അവ കാറ്റിൽ അലയൊലി ചെയ്തുവരുന്നു. അപ്പോൾ രാമായണ കാറ്റായി. പുരിഞ്ചിതാ സ്വാമി...

അനുഭവങ്ങൾ ധാരാളമുള്ള ഈശ്വർകുമാറിന്റെ ചെപ്പുകുടത്തിൽ നിന്ന് ഒരു തുള്ളിജലം ഏക തത്ത്വ ഗ്ലാസ്സിലേക്ക് കിട്ടി. ഒരു തുള്ളി ദാഹം തീർക്കാനായി. നല്ല രചന, മനസ്സിനെ എവിടെയൊക്കെയോ കൊണ്ടെത്തിച്ചു. ധാരാളം ചെറുപ്പക്കാരെ ഉൾക്കൊള്ളിച്ചതിൽ സന്തോഷം. കവിതയിൽ, ലേഖനത്തിൽ, ചെറു കഥകളിൽ – പുതിയ എഴുത്തുകാരെ കൊണ്ടുവരുന്നതിൽ മുരളീധരൻ കാണിക്കുന്ന ധൈര്യം അപാരം. ഇനിയും എഴുതാനുണ്ട് പക്ഷെ പറ്റുന്നില്ല. കൈ വേദനിക്കുന്നു. എഴുത്ത് പാളിപ്പോകുന്നു. നേരിൽ കാണുമ്പോൾ ആകാം. സ്നേഹപൂർവ്വം...

ജയൻ പുതുമന
8330086062

പ്രിയ മുരളി,

ആദ്യമായി കൃത്യ സമയത്ത് മാസിക ലഭ്യമാക്കുന്നതിന് നന്ദി അറിയിക്കുന്നു. വായനക്കാരെ ഇരുത്തി ചിന്തിപ്പിക്കുന്ന മുഖപ്രസംഗവും ശ്രീ. മുരളീധർ കൊല്ലത്ത്, ശ്രീ. രാജേന്ദ്രൻ വയല, ശ്രീ. ഉണ്ണി വിശ്വനാഥ്, ശ്രീപ്രകാശ് ഒറ്റപ്പാലം, ശ്രീ. ഈശ്വർകുമാർ തരവത്ത് തുടങ്ങി നിരവധി പേരുടെ കൃതികളാൽ വൈവിധ്യമാർന്ന രുചിക്കൂട്ടുകളോടെയാണ് ആഗസ്റ്റ് ലക്കം മാസിക ഒരുക്കിയിരിക്കുന്നത്. ഓരോ രചനകളും ഒന്നിനൊന്ന് മെച്ചപ്പെട്ടവ തന്നെയാണ്.

സ്നേഹപൂർവ്വം
മനോഹരി സി. ബി.
പാലക്കാട്, 9400681668

ഏക തത്ത്വ ആഗസ്റ്റ് ലക്കം – മുഖമൊഴി തൊട്ട് അവസാന പേജ് വരെ ഗംഭീരം.

മുഖമൊഴി അതിശക്തം : ക്ഷേത്ര തട്ടിപ്പുകളെക്കുറിച്ച് സൂചിപ്പിച്ചത് ശരിയാണ്. പഴനിയിൽ ഇടനിലക്കാർ നമ്മെ ഊറ്റിപ്പിഴിഞ്ഞ് പണം കൈപ്പറ്റും. ഭക്തി വിൽപ്പനയ്ക്ക് വച്ചിരിക്കുകയാണ്. ഭക്തിനിസ്സാരമല്ല. ഭക്തി വിറ്റ് കോടിപതികളായവർ ധാരാളം. പണം ഏതുമാർഗ്ഗം വന്നെന്ന് ആരും നോക്കില്ല. ധനികനായാൽ പിന്നെ ആദരവ് താനേയെത്തും. നല്ല കുറേ ലേഖനങ്ങൾ ഏക തത്ത്വയയിലെത്തുന്നു. അഭിനന്ദനങ്ങൾ. പ്രിയ സുഹൃത്ത് രാജേന്ദ്രൻ വയലയുടെ ക്ഷണപ്രഭം – ചൂണ്ടിക്കാണിച്ച വിഷയം നൂറുശതമാനം സത്യം. ചില സാഹിത്യകാരന്മാർ പുറമെ കാണുന്നവരല്ല. അഹങ്കാരത്തിന്റെ ആൾരൂപങ്ങളാണ്. പൂച്ചാക്കൽ ഷാഹുൽ സാർ ഒരിക്കൽ ഒരു സംഭവം പറഞ്ഞു. മലയാളത്തിലെ ഒരു നടന് അദ്ദേഹം തന്റെ പുസ്തകം ഒപ്പിട്ടു നൽകി. കുറച്ചുനാൾ കഴിഞ്ഞ് എറണാകുളത്ത് റോഡ്സൈഡിൽ പഴയ പുസ്തകങ്ങൾ വിൽക്കുന്നിടത്ത് താനൊപ്പിട്ടു സമർപ്പിച്ച പുസ്തകം അദ്ദേഹത്തിന് കണ്ടെത്താനായി. വായിക്കാതെ ആക്രി കൂട്ടത്തിൽ നൽകിയ പുസ്തകം തിരഞ്ഞുവച്ചതാണെന്ന് വിൽപ്പനക്കാരൻ അറിയിച്ചു. ഇതൊക്കെ സർവ്വസാധാരണം. ഇന്ന് ഒരു കഥയോ കവിതയോ പാട്ടോ ഒന്നു ശ്രദ്ധിക്കപ്പെട്ടാൽ തലക്കനം കൂടി പിന്നെ രചയിതാവ് ഒരു സങ്കല്പലോകത്തിൽ സഞ്ചരിക്കുവാൻ തുടങ്ങും. ഏഴംകുളത്തിന്റെ വിലയിടിയുന്ന സാഹിത്യം കൈകാര്യം ചെയ്യുന്നതും അതു തന്നെ. സാഹിത്യരംഗത്ത് ഏതെല്ലാം തരത്തിലുള്ള കച്ചവടങ്ങൾ നടക്കുന്നു എന്നറിയാമോ ? അവാർഡ് വിറ്റ് കാശുണ്ടാക്കുന്നവർ ധാരാളം. സ്വയം ആളാകുവാൻ നടക്കുന്നവർ വേഗം വീണുപോകുന്ന ഏർപ്പാടാണ്. പലവിധത്തിലുള്ള കച്ചവടങ്ങൾ നടക്കുന്നുണ്ട് അവാർഡുപ്രലോഭനത്തിൽ. മുഹമ്മദ് കനിയുടെ നമുക്ക് പ്രവർത്തിക്കാം ശ്രദ്ധേയം. മനുഷ്യൻ മനസ്സിലാക്കേണ്ട കാര്യമാണ്. ഉ

## ■ കത്തുകൾ

ണ്ണി വിശ്വനാഥിന്റെ രാഷ്ട്രീയം നല്ലൊരു കവിതയാണ്. പറയേണ്ട കാര്യങ്ങൾ തുറന്നുപറഞ്ഞതിനാൽ തന്നെ കവിതയുടെ മാറ്റ് കൂടുന്നു.

ആശംസകൾ.

ടി. വി. ഹരികുമാർ

കണിച്ചുകുളങ്ങര, 9446118387

പ്രിയപ്പെട്ട മുരളി സാർ

ഏറെ ആകർഷണീയമായ പുതുമയുള്ള മുഖചിത്രത്തോടുകൂടിയ ഏക തത്ത്വയുടെ ആഗസ്റ്റ് ലക്കം കിട്ടി. ഏടുകൾ ഓരോന്നായി മറിക്കുമ്പോൾ തന്നെ സാറിന്റെ 'എനിക്ക് പറയാനുള്ളതിൽ' മണ്ണിൽ നിന്നും മണ്ണിലേക്കുള്ള യാത്രയിൽ വളരെ സത്യസന്ധമായി ധൈര്യപൂർവ്വം ഞങ്ങൾക്കും കൂടി പറയാനുള്ളത് നിങ്ങൾ തന്നെ പറഞ്ഞുകഴിഞ്ഞു. ലേഖനങ്ങൾക്കും കവിതകൾക്കും ഇത്രയേറെ പ്രാധാന്യം നൽകുന്ന മാസിക വേറെ ഉണ്ടെന്ന് തോന്നുന്നില്ല. കഥയും കവിതയും ലേഖനങ്ങളും നല്ല നിലവാരം പുലർത്തുന്നവയാണ്. ഡോ. സി. രാമകൃഷ്ണന്റെ ആരോഗ്യ പംക്തി വളരെയേറെ വിജ്ഞാനപ്രദമുള്ളതായിരുന്നു. ആദർശിന്റെ 'മാമാങ്കം ഒന്നോർക്കാം' എന്ന ലേഖനം വേറിട്ട ഒരു നല്ല അനുഭവമായി. കവിതകളിൽ ഉണ്ണിയുടെ 'രാഷ്ട്രീയം', നന്ദിനിയുടെ 'തിരിച്ചറിവ്', മായാ ബാലകൃഷ്ണന്റെ 'ഈറൻമുകിൽ', വിനോദിന്റെ 'മാഞ്ഞു പോകുന്നത്' എന്ന കവിതകൾ മികച്ചതായി തോന്നി. എന്തുകൊണ്ടും വേറിട്ട രചനകൾ കൊണ്ട് സമ്പന്നമാണ് ഈ മാസിക. നക്ഷത്ര പൊടിപ്പുകൾക്കിടയിലെ പൂനിലാവ് പോലെ എന്നും കുളിർമ്മയോടെ പ്രകാശിച്ചുകൊണ്ടിരിക്കട്ടെ - ഏക തത്ത്വം. ആശംസകളോടെ

ഹരി കെ. പുരക്കൽ,

ആനക്കര, 9995698825

**മറുപടി**

ടെൻഷൻ മൂലവും അശ്രദ്ധ മൂലവും കംപ്യൂട്ടറിലെ ഫോണ്ടിന്റെ ചില പ്രശ്നങ്ങളാലും പിന്നെ എഴുത്തുകാരുടെ കൈയ്യക്ഷരം വ്യക്തമാകാതെയുമെല്ലാം അക്ഷരത്തെറ്റുകൾ വന്നുഭവിക്കുന്നുണ്ട്. ചൂണ്ടിക്കാണിച്ചാൽ ഓൺലൈൻ പതിപ്പിൽ തിരുത്താവുന്നതാണ്. തെറ്റുപറ്റിപ്പോകുന്നതിൽ ഖേദിക്കുന്നു.

എഡിറ്റർ

## ■ കഥ




**സുഗുണ സന്തോഷ്**

**9843320445**


# ഊരുജീവിതങ്ങൾ

**പ്ര**കൃതി രുദ്ര താണ്ഡവമാടിയ എടവപ്പാതിയിലെ ഒരു മഴയുടെ ഒടുവിൽ, കൈയ്യിൽ പിറന്ന് ഏതാനും മണിക്കൂറുകൾ മാത്രമായ കുഞ്ഞുമായി ശബ്ദം നിലച്ചപോലെ ഒന്നും മിണ്ടാനാവാതെ അവൾ ആ കുടിലിനു മുന്നിൽ ഇരിക്കുന്നുണ്ട്, രേസനേയും കാത്ത്...

രേസന് എന്തുപറ്റിയെന്നല്ലെ? അതറിയാൻ കുറച്ച് മുൻപോട്ടു പോകാം. അഞ്ചക്കക്കോമ്പ എന്ന അട്ടപ്പാടിയിലെ മലപ്രദേശത്ത് അനാഥയായിരുന്ന അവളെ അറിയാത്തവർ ആരുമില്ല. അവളുടെ പേര് നാഞ്ചി.

പത്തു വർഷം മലദൈവങ്ങളായ തമ്പാട്ടിമാരെ കുമ്പിട്ടിട്ടാണ് അവൾക്കൊരു കുഞ്ഞുണ്ടാവാൻ പോവുന്നത്. നാഞ്ചി നിറഗർഭിണിയാണ്. അമ്മയും, അപ്പനും ഒരു ഉരുൾപൊട്ടലിന്റെ രക്തസാക്ഷികളാണ്. പിന്നെ ശേഷിച്ചത് ഒരു അനിയൻ, അവൻ ഏഴാം വയസ്സിൽ ഉറങ്ങിക്കിടക്കുമ്പോൾ പുലിക്ക് ഇരയായി.

കുടിലിന് കുറച്ചകലെ പാട്ടിയമ്മയും നാഞ്ചിയും കൂടെ ആടും മേയ്ക്കാൻ പോയപ്പോൾ സ്വന്തം അനിയന്റെ ഇത്തിരി മാംസാവശിഷ്ടമാണ് മിച്ചമായി കണ്ടുകിട്ടിയത്. ദുരിതങ്ങൾ നിറഞ്ഞ ജീവിതത്തിൽ നിന്നും രേസൻ അവളെ തന്റെ ജീവിതതിലേക്ക് കൂട്ടിയിട്ട് പത്തുവർഷമായി.

അച്ഛനമ്മമാർക്ക് ശേഷം എല്ലാമായിരുന്ന പാട്ടിയമ്മ നല്ല മഴയുള്ള ഒരു നാൾ ആടുമേയ്ക്കാൻ പോയപ്പോൾ മലവെള്ളത്തിൽ പെട്ടുപോയി.

അന്ന് പതിനഞ്ചു വയസ്സാണ് അവൾക്ക്, ചെറുപ്രായത്തിൽ തന്നെ ഏറെ കഷ്ടപ്പാടുകൾ പേറി ആരുമില്ലാതെ ഒറ്റക്ക് നിന്ന അവളെ കണ്ട് സഹതാപം തോന്നിയ രേസൻ എന്ന ചെറുപ്പക്കാരൻ മലമൂപ്പന്റെ മുന്നിൽ വച്ച് മംഗലം കെട്ടി. കൂടെ കൂട്ടി. കുട്ടികളില്ലെന്നതൊഴിച്ചാൽ കഴിഞ്ഞ പത്തു വർഷത്തെ ജീവിതത്തിന് കാട്ടുതേനിന്റെ മധുരമായിരുന്നു ഇരുവർക്കും. ഇന്നിതാ ആ സ്വപ്നവും കൈവന്നിരിക്കുന്നു.

വിത്തുകാളയും നിലമുഴുന്ന കാളകളും കാളവണ്ടിയും ഉണ്ട് അവന്. പിന്നെ, ചാണകവും പാലും ആടും ഒക്കെ താഴെയുള്ള എലച്ചിവഴി എന്ന ഊരിലെ ചന്തയിൽ കൊണ്ടുപോയി വിൽക്കുന്നതാണ് രേസന്റെ ഉപജീവന മാർഗ്ഗം.

* * * * *

അന്ന് രാവിലെ ചന്തക്ക് പുറപ്പെട്ടപ്പോൾ നാഞ്ചിപ്പെണ്ണ് നാണത്തോടെ പറഞ്ഞു

"മച്ചാ വരുമ്പൊ എനക്ക് ഒരു മസാലതോസ വാങ്കീട്ട് വരോ?"

രേസൻ പറഞ്ഞു "ചന്തമുടിഞ്ച് വരപ്പൊ വാങ്കറേ."

"പിന്നെ, ഊരില് നേഴ്സമ്മയെ കണ്ട് ഇനി എപ്പൊ വരുംന്ന് കേക്കണം. എനിക്ക് പ്രസവവലി വന്ത എന്ന സയ്യെണുംന്ന് കേട്ടിട്ട് വറണം."

അത് കേട്ടപ്പൊ രേസന് വല്ലാത്ത സന്തോഷം തോന്നി.

"പെരിയ മള വരും തോന്നുണ് വാനത്തിലെ മോടം പോട്ടിര്

ക്ക്.”

“നീ പാത്തു പോയിട്ട് വാ മച്ചാ.” അവൾ സ്നേഹത്തോടെ അവനോട് പറഞ്ഞു. അവളെ ചേർത്ത് നിർത്തി നിറവയറിൽ ഒന്ന് ചുംബിച്ചിട്ട് രേസൻ പറഞ്ഞു.

“നാൻ പോയതും വേഗം വരും , നീ പത്രമ്മാ ഇര് നാഞ്ചി.”

“പിന്നെ.. മച്ചാ, കൊഴന്തക്ക് നാനൊരു പേര് നെനച്ചിർക്ക് സൊല്ല ട്ടുമാ..?” നാഞ്ചി ചോദിച്ചു.

“മം സീക്കിറം സൊല്ല്.” രേസന് ധൃതിയായി. നാഞ്ചി ചിരിച്ചു. എന്നിട്ട് പറഞ്ഞു : “സൊല്ലമാട്ടേ മച്ചാ. “നീ തോസ വാങ്കി വാ അപ്പൊ സൊല്ലറെ”

രേസൻ വിട്ടില്ല “നീ നെനച്ച പേര് സൊല്ലട്ടുമാ?”

“മം.. സൊല്ല്...” നാഞ്ചിക്ക് അതിശയമായി.

“തേന്... തേന് താനെ, നാഞ്ചീ.” രേസൻ ഒരു കള്ളച്ചിരിയോടെ ചോ ദിച്ചു.

“അതില്ലെ” നാഞ്ചി പറഞ്ഞു. ഉങ്കമ്മാ പേര് കുപാത്ത സരിയല്ലെ?” രേസൻ ചോദിച്ചു.

“അയ്യോ അതുവുമില്ലെ മച്ചാ. ഉന്നാലെ കണ്ടേ പിടിക്ക മുടിയാത്”

രേസൻ പുറത്തേക്കിറങ്ങി അവളും കണവനെ യാത്രയാക്കാൻ കൂടിൽ നൂണ് പുറത്തേക്കിറങ്ങി.

കോഴിമുട്ടയും, സൂൽപുല്ലും, (കാട്ടിൽ നിന്നും ശേഖരിക്കുന്ന, ചൂലായി ഉപയോഗിക്കുന്ന ഒരു തരം പുല്ല് ) ചാണകപ്പൊടി ചാക്കുകളും, കാട്ടുതേനും, ഇത്തിരി മലക്കറികളും എല്ലാം വണ്ടിയിൽ ഭദ്രമാക്കി ക്കെട്ടിയുറപ്പുവരുത്തി.

പിന്നെ തലയിൽ ഒരു മുഷിഞ്ഞ തോർത്ത് ചുറ്റിക്കെട്ടി, കാളകളുടെ പുറത്ത് സ്നേഹത്തോടെ ഒന്ന് തട്ടി എന്നിട്ട് വണ്ടിയിൽ കയറി. നിറവയറുമായി നോക്കി നിന്ന അവളെ നോക്കി പരിഭവത്തോടെ പറഞ്ഞു.

“പോ പേസമാട്ടെ പുള്ളെ”

പിന്നെ ഓ...ഹോ.. എന്നൊരു ശബ്ദമുണ്ടാക്കി കാളവണ്ടിയുടെ ഇരുവശവും ചാട്ടവാറുകൊണ്ടടിച്ചു. ശബ്ദം കേട്ട കാളകൾ യാത്രതുടങ്ങി. വണ്ടി തിരിഞ്ഞ് പോവാൻ നേരം രേസൻ നാഞ്ചിയോട് പറഞ്ഞു,

“എനക്കിന്ന് ചന്തക്ക് പോവാൻ തോന്നലെ പുള്ളെ, നേരമെ വരാം. നീ ഒടമ്പ് പത്റമാ പാത്തുക്കൊ.”

നാഞ്ചി വയറ്റിൽ കൈവച്ച് രേസനെ നോക്കി ചിരിച്ചു. വണ്ടി പതിയെ അകലാൻ തുടങ്ങിയപ്പൊ നാഞ്ചി പിന്നിൽ നിന്ന് ഉറക്കെ വിളിച്ചു, എന്നിട്ട് പറഞ്ഞു “മച്ചാ... ഒന്ന് സൊല്ല മറന്തിട്ടെ..., ഇപ്പവോ അപ്പവോന്ന്ക്ക്, നീ എതുക്കും ഒരു പായ് വാങ്കീട്ട് വാ പിറസവത്ത്ക്ക് വേണും.”

രേസൻ അവളെ നോക്കി നാവുകടിച്ചു എന്നിട്ട് പറഞ്ഞു: “പായ് വാങ്കിവരാ നീയാ പേര് ചൊല്ല്.”

നാഞ്ചി നാണിച്ച് കാൽ നഖം കൊണ്ട് അർദ്ധവൃത്തം എഴുതി എന്നിട്ട് പറഞ്ഞു “മച്ചാ ഇപ്പൊ പേര് യാർക്കും ചൊല്ലാതെ”

രേസൻ ഒന്ന് മൂണ്ടു..

“മം.. പേരെന്ന പറയ്?”

“പയ്യനാണെങ്കിലും പൊണ്ണാണെങ്കിലും, വെണ്ണ...”

അവൾ തിളങ്ങിയ കണ്ണുകളോടെ പറഞ്ഞു “കൊളുകൊളുന്ന് വെണ്ണമാതിരി ഉന്നെപ്പോലെ ഒരു കുട്ടി.”

നാഞ്ചി ആ പേര് പറഞ്ഞ് നാണിച്ച് തിരിഞ്ഞ് നോക്കാതെ കുടിലിനകത്തേക്ക് വേഗത്തിൽ നടന്നു.

“ഏയ് നാഞ്ചി മെതുവാ നടടീ... പുള്ളെ...പേര് നല്ലാര്ക്ക്ടീ...”

രേസൻ സന്തോഷം കൊണ്ട് ഉറക്കെ വിളിച്ച് പറഞ്ഞു. മലയിറങ്ങി ഊരിലെത്തുമ്പോഴേക്കും ആഴ്ചച്ചന്തയുടെ ബഹളവും, കൂവലും, വിളിയും കേൾക്കാമായിരുന്നു. രേസനും വിൽപ്പന തുടങ്ങി. വില പേശാൻ വന്നവരോട് രേസൻ തർക്കിച്ച് നിന്നു.

“സൂല് പുല്ല് എവളോപ്പാ?” ഒരു വൃദ്ധ ചോദിച്ചു

“ഒത്ത രൂപ... മ്മാ.” രേസൻ പറഞ്ഞു.

“അന്യായ വിലെ തമ്പി ഇത്?” വൃദ്ധ പറഞ്ഞു.

“പിന്നെ... പുലിവരുന്ന കാട്ടിൽ പോയി പുല്ല്പറിച്ച് വന്ത് വിക്കറതിൽ ലാഭം വേണും മ്മാ. ഏൻ പൊൺജാതി നാഞ്ചി വായും വയറുമാ ഇർക്കാ. സെലവ്ക്ക് നിറയെ പണം വേണും.” രേസൻ തെല്ലഹങ്കാരത്തോടെയും അഭിമാനത്തോടെയും പറഞ്ഞു.

“ഓ അതയോ നല്ലപടിയാ പൊറക്കട്ടും തമ്പി.” ആ വൃദ്ധ രേസനെ അനുഗ്രഹിച്ചു. മാനം കറുത്തിരുണ്ടു വലിയൊരു മഴക്കോളുമായി നിൽപ്പുണ്ട്. ചന്ത തീർന്ന് തിരിച്ചുപോകാൻ രേസന് തിടുക്കമായി. മഴക്ക് മുന്നെ കുടിലിലെത്താൻ മനസ് മന്ത്രിച്ചു.

നല്ല ലാഭം കിട്ടിയ സന്തോഷത്തിൽ രേസൻ മസാല ദോശയും, പായും, നാഞ്ചിക്കിഷ്ടമുള്ള മുന്തിരിയും ഒക്കെ വാങ്ങി. ചായകുടിച്ച് നിൽക്കുമ്പോഴാണ് നേഴ്സമ്മ അതിലെ വന്നത് നാഞ്ചി പറഞ്ഞ കാര്യം രേസൻ അന്വേഷിച്ചു.

“നാളെ അഞ്ചക്കക്കോമ്പയിലെ അംഗനവാടിയിൽ രോഗികളെ കാണാൻ വരുന്നുണ്ട് നീ നാഞ്ചിയെ കൂട്ടി അവിടെ വാ.” നേഴ്സമ്മ പറഞ്ഞു.

കവലയിലെ അത്താണിക്കടുത്തുള്ള മാട്ട് തൊട്ടിയിൽ കാളകളെ വെള്ളം കുടിപ്പിച്ച് തിരിച്ച് യാത്ര തുടർന്നു. പോകുമ്പോൾ നാഞ്ചിക്ക് നിറയെ മുത്തുള്ള ഒരു കാൽക്കൊലുസുകൂടെ വാങ്ങിച്ചു. രണ്ട് മാസം മുമ്പ് വിറക് ശേഖരിക്കാൻ പോയപ്പോൾ അവളുടെ കൊലുസ് കളഞ്ഞുപോയിരുന്നു. ആ കൊലുസുകൾ നീളത്തിൽ പിടിച്ച് കാതോട് ചേർത്ത് കിലുക്കി നോക്കി.

“ഇത് അവളുക്ക് അഴകായിരിക്കും.” രേസൻ തനിയെ പറഞ്ഞു. ചന്ത വിട്ട് വണ്ടി അകലാൻ തുടങ്ങി. തുള്ളിക്കൊരു കുടം എന്നതുപോലെ മഴത്തുള്ളികൾ ശക്തമായി അവന്റെ മേൽ പതിച്ചു. രേസൻ കാളകളെയും കൊണ്ട് വേഗം മുന്നോട്ട് നീങ്ങി.

എത്രയും വേഗം കുടിലിലെത്തണം. അതായിരുന്നു അവന്റെ ചിന്ത. പുഴകടക്കണം മഴ പെരുത്താൽ മലവെള്ളം ഇറങ്ങും. രേസന് അൽപ്പം പേടിതോന്നി.

കാളകൾ രേസനേയും

കൊണ്ട് മുന്നോട്ട് തന്നെ നീങ്ങി, പുഴയിലേക്കിറങ്ങി നടക്കാൻ തുടങ്ങി. മഴ കനത്തു പെയ്യുന്നുണ്ടെങ്കിലും വേറെ പ്രശ്നങ്ങൾ ഒന്നും ഇല്ല. രേസൻ ഓർത്തു. ഏകദേശം പുഴയുടെ പാതിയോടടുക്കാറായി.

ചന്തനാളാണെങ്കിലും മുന്നിലും പിന്നിലും ഒന്നും ആരുമില്ല. മഴക്കോള് കാരണം എല്ലാവരും യാത്ര മാറ്റിവച്ച് എലച്ചിവഴിയിൽ തന്നെ നിന്നു കാണും രേസൻ മനസ്സിൽ വിചാരിച്ചു.

ആഞ്ഞടിക്കുന്ന കാറ്റിലും മഴയിലും, കൊടുങ്കാറ്റിന് നടുക്ക് അകപ്പെട്ടപോലെ തോന്നി അവന്. പെട്ടെന്ന് ഭൂമി പിളരുന്നു പോലെ ഒരൊച്ച. ഏതു കാടിന്റെയും തുടിപ്പറിയുന്ന ഇരട്ടച്ചങ്കനായ രേസൻ നല്ല പോലെ ഭയന്നു. എല്ലാം കൈവിട്ടു പോകുന്ന പോലെ...

എന്തോ മനസ്സിൽ നിനച്ച് ആ കൊലുസുകൾ എടുത്ത് അവൻ കയ്യിൽ ഇറുകെ ചുറ്റിപ്പിടിച്ചു. എന്തു ചെയ്യണമെന്ന് ആലോചിക്കുമ്പോഴേക്കും മലവെള്ളം ചീറിപ്പാഞ്ഞു വരുന്നു. കനത്ത മഴ, ഉരുൾ പൊട്ടലിന്റെ ഭയപ്പെടുത്തുന്ന ദൃശ്യങ്ങൾ. ഒന്നും ചെയ്യാനാവാതെ രേസൻ നിന്ന് വിറച്ചു.

അങ്ങ് ദൂരെ നിന്ന് എല്ലാം കാണുന്നുണ്ടെങ്കിലും അയാൾ എന്തെങ്കിലും ചിന്തിക്കും മുൻപ് എല്ലാം വിഴുങ്ങി പ്രകൃതി ആർത്തിരമ്പിക്കടന്നു പോയി.

ആ ഗ്രാമം ഉരുൾപൊട്ടലിന്റെ ആഘാതത്തിൽ നിന്നും ബോധം വീണ്ടെടുക്കുമ്പോഴേക്കും എന്തൊക്കെയോ നാശനഷ്ടങ്ങൾ വിതച്ച് പ്രകൃതി കോപമടക്കാനാവാതെ നിൽക്കുന്നു.

* * * * *

അഞ്ചക്കക്കോമ്പ എന്ന ഗ്രാമം മുഴുവൻ കാണാതായവർക്ക് വേണ്ടി തിരച്ചിലായി. ഇതിനിടയിൽ രേസനെ കാണാതെ പേടിച്ച് നടുങ്ങിയ നാഞ്ചിക്ക് പ്രസവവേദന തുടങ്ങി. വാർദ്ധക്യം ബാധിച്ച പേച്ചിയമ്മ എന്ന വയറ്റാട്ടിയെ രണ്ട് മൂന്നു പേർ ചേർന്ന് മഴയത്ത് ചുമന്നുകൊണ്ടുവന്നു.

മറ്റു സ്ത്രീകളുടെ സഹായത്താൽ പേച്ചിയമ്മ നാഞ്ചിയെ ശുശ്രൂഷിക്കാൻ തുടങ്ങി. ഇടക്കിടെ രേസനെ അന്വേഷിച്ചു കൊണ്ടിരുന്ന അവളെ ആശ്വസിപ്പിക്കാനാവാതെ കൂടിനിന്നവരുടെ കണ്ണുകൾ നിറഞ്ഞു.

താഴെ പെയ്യുന്ന മഴയിലും മലയടിവാരത്തിൽ രേസന് വേണ്ടിയുള്ള തിരച്ചിൽ പുരോഗമിക്കുകയാണ്. ആരോ ഒരാൾ ഓടിവന്നു പറഞ്ഞു:

“അങ്കെ, ദൂരത്തിലെ രേസനോടെ കാളെ പൊണമാ (ശവം) കിടക്ക്ത്”

രേസനു വേണ്ടി തിരഞ്ഞിരുന്നവരുടെ മുഖമെല്ലാം വാടി. അവർ മുഖത്തോടു മുഖം നോക്കി. തിരച്ചിൽ പുരോഗമിച്ചു. സക്കരെ (ചക്കര)എന്ന യുവാവ് ദൂരെ നിന്നും ഉറക്കെ നിലവിളിച്ചു.

“അയ്യോ... എല്ലാരും ഓടി വാങ്ക രേസണ്ണാ പോയിട്ടാർ...”

എല്ലാവരും ശബ്ദം കേട്ട ഭാഗത്തേക്ക് ഓടി. സക്കരെ തലയിൽ കൈ വച്ച് വീണ്ടും ഉറക്കെ കരഞ്ഞു.

“അയ്യോ... കടവുളെ... നാങ്ക എന്ന തപ്പു സഞ്ചോ...?(ചെയ്തു)”

മഴയുടെ ശക്തി വീണ്ടും കൂടി.

മഴയിൽ തണുത്തു വിറച്ച ചുണ്ടുകൾ ഒക്കെയും വിതുമ്പുന്ന കാഴ്ചയാണ് പിന്നെ കണ്ടത്.

അടുത്തടുത്തു നിന്നിരുന്ന രണ്ട് മരങ്ങൾക്കിടയിൽ രേസൻ കുടുങ്ങി കിടക്കുന്നു. ദേഹം തണുത്ത് വിറുങ്ങലിച്ചിട്ടുണ്ട്.

ഇറുകെ ചുറ്റിപ്പിടിച്ചകൊലുസുണ്ടായിരുന്നു അപ്പോഴും ആ കൈയ്യിൽ.

* * * * *

രേസനെ കണ്ടുകിട്ടിയ വിവരവുമായി മേലെ അഞ്ചക്കക്കോമ്പയിലേക്ക് ഒരാൾ പോയി. ആയാൾ അവിടെ എത്തുമ്പോഴേക്കും നാഞ്ചി ഒരാൺകുഞ്ഞിന് ജന്മം നൽകിയിരുന്നു. സ്ത്രീകൾ ഒന്നടങ്കം പറഞ്ഞു.

“അപ്പടിയെ അപ്പൻ രേസനെ ഉരിച്ച് വച്ച മുഖം. പാവം എന്ന ആനാനോ തെരിയലയെ.”

രേസന്റെ വിവരമറിഞ്ഞ സ്ത്രീകൾ തമ്മിൽ തമ്മിൽ സംസാരിക്കുന്നത് നാഞ്ചിയുടെ കാതുകളിലുമെത്തി. തണുത്ത് വിറങ്ങലിച്ച തന്റെ മച്ചാന്റെ ദേഹം കണ്ടെടുത്തതറിഞ്ഞ് അവൾ ചാടിയെഴുന്നേറ്റു.

“എനക്ക് മച്ചാനെ പാക്കണും എന്നെ വിട്” അവൾ അലറി വിളിച്ചു. എല്ലാവരും കൂടെ അവളെ ശക്തമായി പിടിച്ച് കിടത്തി. അവളെ നിയന്ത്രിക്കാൻ അവർ നന്നെ പാടു പെട്ടു. വയറ്റാട്ടി പേച്ചിയമ്മ പറഞ്ഞു.

“പോകക്കൂടാത് മ്മാ. പച്ച ഒടമ്പുക്കാരിയില്ലെ? ഉനക്ക് ഒത്തുക്കാത് (ചേരില്ല). രേസന്ക്ക് ഒന്നുമാകാത് തൈര്യമാ ഇര്, നമ്മ തമ്പാട്ടിയിരുക്ക് കവലപ്പടാമെ സാമിയെ വേണ്ടിക്കൊ. ഉൻ പയ്യൻ അതിഷ്ടക്കാരൻ (ഭാഗ്യവാൻ) രേസൻ വരുവാൻ.”

നാഞ്ചി വീണ്ടും മയക്കത്തിലേക്ക് മടങ്ങി.

* * * * *

മലയടിവാരത്തിൽ, രേസന്റെ ദേഹം കണ്ടെടുത്ത് എല്ലാവരും എന്തുചെയ്യണമെന്നറിയാതെ സ്തംഭിച്ച് നിൽക്കുമ്പോൾ, അതിലൊരു വൃദ്ധൻ പറഞ്ഞു. “ഉയിരിരുക്ക്.”

എല്ലാവരും അയാളെ തുറിച്ച് നോക്കി. അവരുടെ ഗ്രാമത്തിലെ നാട്ടുവൈദ്യം ചെയ്യുന്ന ഒരു വൃദ്ധനായിരുന്നു അത്. പിന്നീടുള്ള നിമിഷങ്ങൾക്ക് വേഗത കൂടുതലായിരുന്നു.


ഏറെ പ്രതീക്ഷയോടെ എല്ലാവരും ചേർന്ന് രേസനെ പൊക്കിയെടുത്തു. അപ്പോഴേക്കും കുറച്ചു പേർ എവിടെ നിന്നോ പച്ച മുളകൾ വെട്ടിക്കൊണ്ടുവന്നു. രേസനെ അതിൽ വെച്ച് വരിഞ്ഞ് കെട്ടി ചുമന്ന് നടക്കാൻ തുടങ്ങി. മാറി മാറി ചുമന്ന് വീണ്ടും താഴെ എലച്ചിവഴിയിലെത്തണം.

പ്രതീക്ഷയുടെ ഒരു നൂൽ തുമ്പുമായി നാശം വിതച്ച പുഴയുടെ മാറിലൂടെ അവർ വേഗത്തിൽ നടന്നകന്നു. ലക്ഷ്യം ഒരു ജീവന്റെ തുടിപ്പാണ്. അപ്പോഴും പ്രവചനാതീതമായ മഴ നിർത്താതെ പെയ്യുന്നുണ്ടായിരുന്നു. ഉഗ്രരൂപം വെടിഞ്ഞ് ശാന്തസ്വരൂപിണിയായി...

●

## അനാവശ്യ ശസ്ത്രക്രിയകൾ ഒഴിവാക്കി ഹോമിയോ മരുന്നിലൂടെ

# സുഖപ്പെടുത്താവുന്ന രോഗങ്ങൾ



ഡോ. സി. രാമകൃഷ്ണൻ
9447358663

**ചി**ല രോഗങ്ങൾക്ക് മരുന്ന് കൊടുത്ത് ഭേദപ്പെടുത്തുന്നതിനുപകരം, അനാവശ്യ ശസ്ത്രക്രിയകൾ പ്രയോഗിക്കുന്ന രീതി പെരുകിക്കൊണ്ടിരിക്കുന്ന കാലഘട്ടമാണിപ്പോൾ. ഒരുകാലത്ത് അത്യാവശ്യ ഘട്ടങ്ങളിലേ ശസ്ത്രക്രിയകൾ പ്രായോഗികമാക്കിയിരുന്നുള്ളു. എന്നാൽ ഇന്ന് മരുന്നുകളുടെ പ്രയോഗം കൊണ്ട് രോഗങ്ങൾക്ക് ശമനം വരുത്തുവാനുള്ള ക്ഷമ കാണിക്കാതെ ശസ്ത്രക്രിയയിലേക്കാണ് പ്രവേശിക്കുന്നത്. ഇതിന്റെ ദോഷഫലം അനുഭവിക്കുന്നത് ഇതിന്ന് അടിമപ്പെട്ട രോഗികളാണ്. പ്രത്യേകിച്ച് ഭീമമായ ചികിത്സാചിലവ് അനുഭവിക്കേണ്ടിവരുന്നു ഇവർക്ക്. മനുഷ്യശരീരത്തിലെ ഓരോ അവയവങ്ങൾക്കും, ആരോഗ്യസംരക്ഷണത്തിന്നുള്ള പ്രധാന പങ്ക് നിർവ്വഹിക്കേണ്ടതുണ്ട്. പ്രസ്തുത അവയവങ്ങളെ പ്രവർത്തനരഹിതമാക്കുന്ന പ്രവണത ശരീരത്തിന്റെ പ്രതിരോധശക്തിയെ ദോഷകരമായ അവസ്ഥയിലേക്കായിരിക്കും നയിക്കുക. അതുകൊണ്ട് പ്രസ്തുത അവയവങ്ങളെ കാത്തു സൂക്ഷിക്കേണ്ട ബാദ്ധ്യത നമുക്കുണ്ട്. ശസ്ത്രക്രിയകൾ ഒഴിവാക്കാവുന്ന അസുഖങ്ങൾ :

1) കുട്ടികളിൽ കാണുന്ന ടോൺസിലൈറ്റിസ്, ഇതിനോടനുബന്ധിച്ചുള്ള അഡനോയ്ട്, ഈ അസുഖങ്ങൾ ഫലപ്രദമായ മരുന്നിലൂടെ മാറ്റുവാൻ സാധിക്കുന്നതുമൂലം അനാവശ്യ ശസ്ത്രക്രിയകൾ ഒഴിവാക്കുവാൻ സാധിക്കും.

2) പിത്താശയം, വൃക്കകൾ, ബ്ലാഡർ ഇവയിൽ ഉണ്ടാകാവുന്ന ചെറുതരം കല്ലുകൾക്ക് ഹോമിയോ മരുന്നുകൾ ഫലപ്രദമാണ്. മാത്രമല്ല കല്ലുകൾക്കുള്ള പ്രതിരോധ മരുന്നുകൾ ഹോമിയോപതിയിൽ ലഭ്യമാണ്.

3) സ്തനങ്ങളിൽ കാണുന്ന മുഴകൾ, കല്ലപ്പ് എന്നിവയ്ക്ക് സമയോചിത ഹോമിയോ മരുന്നുകൾ ഉപയോഗിക്കുന്നതുമൂലം ശസ്ത്രക്രിയ ഒഴിവാക്കുവാൻ സാധിക്കും.

4. പെൺകുട്ടികളിൽ കാണുന്ന അണ്ഡാശയ തടിപ്പുകൾ (PCOD)ക്ക് ശസ്ത്രക്രിയ കൂടാതെ തന്നെ മരുന്നുകളുടെ പ്രയോഗം മൂലം മാറ്റുവാൻ സാധിക്കുന്നതാണ്.

5. ഗർഭപാത്രമുഴകൾക്കും ഫലപ്രദമായ ഹോമിയോ മരുന്നുകൾ ലഭ്യമാണ്. മുഴകൾ അമിതമായ വളർച്ചകൾക്ക് ഇടം വരുത്താതെ നോക്കേണ്ടതുണ്ട്.

6. തൊണ്ട മുഴകൾ (Goitre) ആരംഭത്തിൽ തന്നെ ഹോമിയോ മരുന്നുകളുടെ പ്രയോഗം മൂലം ശസ്ത്രക്രിയയിൽ നിന്ന് മോചനം നേടാം, കൂടാതെ തൈറോയ്ഡ് പ്രശ്നങ്ങൾക്കും ഫലപ്രദമായ ഹോമിയോ ചികിത്സകൾ നേടാവുന്നതാണ്. 29-6-2019ലെ ജന്മഭൂമി പത്രത്തിൽ 'ഉപ്പിൽ കൊടിയ വിഷമെന്ന് പരിശോധനാ റിപ്പോർട്ട്' എന്ന ശീർഷകത്തിൽ അയോഡിൻ ചേർന്ന ഉപ്പിൽ കൊടിയ വിഷം അടങ്ങിയിട്ടുണ്ടെന്ന് പരിശോധനാ റിപ്പോർട്ട്. അർബുദം, തൈറോയ്ഡ് രോഗങ്ങൾ, രക്തസമ്മർദ്ദം, വൃക്ക രോഗങ്ങൾ എന്നിവക്ക് കാരണമാകുന്നു. വിഷാംശം പ്രസ്തുത ഉപ്പിൽ അടങ്ങീട്ടുണ്ടെന്ന് സൂചിപ്പിക്കുന്നു. ഒരുകാലത്ത് കല്ലുപ്പ് (അയോഡിൻ ചേർക്കാത്തത്) ഉപയോഗിച്ചിരുന്നു. തൈറോയ്ഡ് പ്രശ്നം അധികവും ഇല്ലാതിരുന്ന കാലഘട്ടമായിരുന്നു. എന്നാൽ അയോഡിൻ ചേർത്ത പൊടിയുപ്പുകൾ ഉപയോഗിക്കുന്ന ഇപ്പോൾ ധാരാളം തൈറോയ്ഡ് പ്രശ്നങ്ങൾ ഉള്ളതായി കണ്ടുവരുന്നു. ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത് അയോഡിൻ ചേർത്ത ഉപ്പിന്റെ ഉപയോഗം ദോഷകരമായി ഭവിക്കുന്നു എന്ന് സംശയിക്കേണ്ടിയിരിക്കുന്ന വസ്തുതയാണ്.

7. കുട്ടികളിൽ കാണുന്ന മൂക്കിലെ ദശകൾ (Polyps) സമയോചിത ഹോമിയോ മരുന്നുകൾ മൂലം പരിഹാരം കാണുവാൻ സാധിക്കും.

8. കാൽമുട്ടുവേദന ഇപ്പോൾ ധാരാളം കണ്ടുവരുന്നു. ഇതിന്ന് ശരിയായ ചികിത്സകൾ എടുക്കാതെ, എളുപ്പമാർഗ്ഗമായ വേദനസംഹാരികൾ ഉപയോഗിച്ച് താൽക്കാലിക ശമനം നേടുന്നു. ക്രമേണ, ഇത് എല്ലുതേയ്മാനം എന്ന അവസ്ഥയിലേക്ക് പ്രവേശിച്ച് ഇപ്പോഴത്തെ പുതിയ സംവിധാനമായ മുട്ടുമാറ്റിവെക്കൽ എന്ന ചികിത്സാരീതി പ്രായോഗികമാക്കുന്ന അവസ്ഥയിലേക്ക് എത്തിച്ചേരുന്നു. ആരംഭത്തിൽ തന്നെ ഫലപ്രദമായ ചികിത്സ എടുക്കുകയാണെങ്കിൽ, മുട്ടുമാറ്റിവെക്കലിൽ നിന്ന് മോചനം നേടുവാൻ സാധിക്കും. ഫലപ്രദമായ ഹോമിയോ ചികിത്സ ഇതിന്ന് ലഭ്യമാണ്.

9. മലാശയം, ഗുദം (Rectum, Anus) ഇവകളിൽ ഇപ്പോൾ കണ്ടുവരുന്ന മൂലക്കുരു (Piles), ഭഗന്ദരം (Fistula), പിളർപ്പ് (Fissure) എന്നീ രോഗങ്ങൾ ശസ്ത്രക്രിയ കൊണ്ട് താത്ക്കാലിക ശമനം മാത്രമേ ലഭിക്കുകയുള്ളു. ശസ്ത്രക്രിയക്കുശേഷം വീണ്ടും പ്രസ്തുത രോഗങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. അതുകൊണ്ട് ഇതിന്ന് ശാശ്വത പരിഹാരം, ഫലപ്രദമായ മരുന്നുകൾ കഴിക്കുക മൂലം കാണുവാൻ സാധിക്കും. ഹോമിയോ ചികിത്സ വളരെ ഫലവത്താണ്.

10. കാലിലെ രക്തക്കുഴലുകൾക്ക് (Varicose Vein) നീർക്കെട്ടും തുടർന്നുള്ള വ്രണങ്ങളും ധാരാളമായി കണ്ടുവരുന്നു. ഇത് പുരുഷന്മാരേക്കാൾ സ്ത്രീകൾക്ക് പ്രസവാനന്തരമാണ് അധികവും കണ്ടുവരുന്നത്. ഏറെ പ്രയാ

സം സൃഷ്ടിക്കുന്ന രോഗമാണ്. വേദനകളാണ് പ്രധാനലക്ഷണം. ആരംഭത്തിൽ തന്നെ ചികിത്സയെടുത്തില്ലെങ്കിൽ വ്രണത്തിലേക്ക് നയിക്കുന്നതായിരിക്കും. കുഴലുകൾ ചുരുണ്ടുകൂടുന്ന അവസ്ഥയിലാണ് കാണപ്പെടുക. വേദന കാരണം അധികനേരം നിൽക്കുവാൻ സാധിക്കാത്ത അവസ്ഥ. ഇതിനുള്ള ശസ്ത്രക്രിയ ശാശ്വത പരിഹാരമല്ല. ഹോമിയോപതിയിൽ ഇതിനുള്ള ഫലപ്രദമായ ചികിത്സയെപ്പറ്റി അറിവില്ലായ്മ കൊണ്ട് ശസ്ത്രക്രിയയ്ക്ക് വിധേയമാകുന്നു. എന്നാൽ ശസ്ത്രക്രിയയ്ക്കുശേഷം രോഗലക്ഷണങ്ങൾ വീണ്ടും പ്രത്യക്ഷപ്പെടുന്ന സംഭവങ്ങൾ ഉണ്ടാവുകയും തുടർന്നു ഹോമിയോ ചികിത്സയിലൂടെ അസുഖം ഭേദമാക്കുവാനും സാധിച്ചിട്ടുമുണ്ട്.

ശസ്ത്രക്രിയ അത്യാവശ്യഘട്ടങ്ങളിലേ ഉപയോഗിക്കാവൂ. സാധാരണഗതിയിൽ മരുന്നുകൾ പ്രയോഗിച്ച് സുഖക്കേട് ഭേദമാക്കുന്നതിന് മുതിരണം. ●

■ കവിത

# കാലം

**ഹരി കെ. പുരക്കൽ**
9995698825



നരകേറിയ നരാധിപന്മാർ
തമസ്സിലേക്കടുക്കുന്നു
നിറം കറുപ്പെന്നറിഞ്ഞതും
വെളിച്ചത്തിലേക്കൂളിയിട്ടു.


വിട പറയാൻ വെമ്പും
പകലിൻ മാറിൽ ചായും
സന്ധ്യതൻ വർണ്ണവും
കറുപ്പിലേക്കടുക്കുന്നു.

കടിഞ്ഞാണില്ലാത്ത
കാലമാം കുതിരകൾ
കാഹള ധ്വനികളുയർത്തി
നിരനിരകളായ് വരികയായ്.

നിലയില്ലാകയത്തിൽ
ആഴങ്ങളിലെ ഇരുട്ടിൽ
മുങ്ങിതാഴും ലോകമേ...
കരുത്തെന്നറിയുക നീ
കറുപ്പിനെ...

■ കഥ

# മത്സ്യ കന്യക



**വിനോദ് ചെത്തല്ലൂർ**
**9562410046**

മീനുവിന്റെ നഴ്സറി വേനലവധിക്ക് അടക്കുന്ന ദിവസമാണിന്ന്. രാവിലെ അവൾ തന്ന അന്ത്യശാസനം ദാസനോർത്തു.

“അച്ഛാ, ഇന്നു വരുമ്പോൾ തീർച്ചയായും പകൽ സമയത്തു കാണാവുന്ന മത്സ്യകന്യകയെ വാങ്ങി വരണം... മറക്കരുത്, ട്ടോ.”

അവൾ താൻ ഡ്യൂട്ടി കഴിഞ്ഞു വരുന്നതും കാത്ത് മുറ്റത്തിറങ്ങി നിൽക്കുന്നുണ്ടാവും. എന്തു ചെയ്യും? ടീച്ചർ മത്സ്യകന്യകമാരുടെ കഥകൾ പറഞ്ഞു കൊടുത്ത അന്നു തുടങ്ങിയതാണ് അവൾ മത്സ്യ കന്യകയെ വാങ്ങിക്കൊടുക്കണമെന്ന ആവശ്യം.

സഹകരണ ആശുപത്രിയിലെ അറ്റൻഡർ പണി കിട്ടും മുമ്പ് മീനുകളെ വളർത്തി വിൽക്കുന്നതിനായി താൻ മുറ്റത്തു കുഴിച്ചുണ്ടാക്കിയ സാമാന്യം വലിയ സിമെന്റ് ടാങ്കിലാണ് ഇപ്പോൾ മനു തോട്ടിൽ നിന്ന് മീൻ കുഞ്ഞുങ്ങളെ പിടിച്ചു കൊണ്ടു വന്നിടാറുള്ളത്.

നാലാം ക്ലാസ്സുകാരനായ ചേട്ടന് പത്തിരുപതു പരൽ മീനുകൾ സ്വന്തമായതു കൊണ്ട് അവൾക്ക് മത്സ്യകന്യക തന്നെ വേണമെന്ന് വലിയ നിർബന്ധം !

കഴിഞ്ഞയാഴ്ച രണ്ടു മൂന്നു ദിവസം വൈകുന്നേരം താനെത്തുമ്പോൾ വാശി പിടിച്ചു കരഞ്ഞു. ഉറങ്ങുന്നതുവരെ കരച്ചിലായിരുന്നു ഇടയ്ക്കിടെ.

ഒരു ദിവസം രാവിലെ യമുനയാണ് പരിഹാരം എന്ന നിലയിൽ ഒരു നുണ തട്ടി വിട്ടത്.

“മീനുട്ടീ... ഇന്നലെ രാത്രി അച്ഛൻ വൈകിയത് മത്സ്യകന്യകയെ വാങ്ങാൻ പോയതോണ്ടാ.. രാത്രിയിലാണ് മത്സ്യകന്യകമാരുടെ നടപ്പ്...ത്രേ.. !”

“രാവിലെ മോളുണരും മുമ്പ് അതുപോയി. ഞാൻ കുറെ തടുക്കാൻ നോക്കി. എന്നിട്ടും നിന്നില്ല സാധനം. എന്തായാലും മോൾക്കതിനെ കാണാൻ ഭാഗ്യം ണ്ടായീല. കഷ്ടം !”

അതോടെ വാശി കൂടി അവൾക്ക്.. ഇനി പകൽ കാണുന്ന മത്സ്യ കന്യകയെ വേണമെന്ന് പെരും വാശി ! നേരം ഇരുട്ടാനാവുന്നു. എന്തു പറയും എന്നാലോചിച്ചു ഗേറ്റ് തുറന്നതും മനു ഓടി വന്നു പറഞ്ഞു

“അച്ഛാ... നമ്മുടെ വീട്ടിൽ പകൽ സമയത്തു കാണുന്ന മത്സ്യ കന്യക വന്നിട്ടുണ്ട്...”

ആശ്വാസവും അതിലുപരി ആകാംക്ഷയുമായി അവന്റെ പിന്നാലെ ധൃതിപ്പെട്ടു ചെല്ലുമ്പോഴതാ മുറ്റത്തെ സിമന്റ് ടാങ്കിലെ വെള്ളത്തിൽ പരൽ മീൻ കുഞ്ഞുങ്ങളോടൊപ്പം ഒരു മത്സ്യകന്യക കിടന്നു കൈ കാലുകളിട്ടടിക്കുന്നു... !ചിരിച്ചു തിമർക്കുന്നു...!! പേരുപോലും എത്ര സാമ്യം... ‘മീനൂട്ടി’!!! ●

■ കവിത

# കരച്ചിൽ

**ഉണ്ണിക്കൃഷ്ണൻ ചാഴിയാട്**
9497267274

സ്നേഹത്തിന്റെ അടരുകൾ
കൊഴിഞ്ഞു വീണു കൊണ്ടിരുന്നു.
ശിശിരമായിരുന്നു.
കുടിച്ച് കുടിച്ച്
വറ്റിപ്പോയ പുഴ
ചുരുണ്ടു കൂടിക്കിടന്നപ്പോൾ
തളർന്ന മരത്തിലെ പക്ഷികൾ
മൗനമിരുന്നു.
വേനലായിരുന്നു.
വർഷത്തിൽ
ദുഃഖത്തിന്റെ മഞ്ഞ്
കറുത്തു പരപ്പാർന്ന നെഞ്ചിൽ
തട്ടി നിന്നപ്പോൾ
ആദ്യമായി മല കരഞ്ഞു പോയി.

■ കവിത

# ആരുപറഞ്ഞാലും


വിനയചന്ദ്രൻ പുലാപ്പറ്റ
9495189399


കണ്ണീർജപമാല കഴുത്തിലണിഞ്ഞൊരു
കർക്കിടകം എൻജീവിതം.
പുണ്യമല്ലെന്നാരു പറകിലും
പുഞ്ചിരി മാത്രമവർക്കു നൽകാൻ

തോരാമഴയത്തെൻ ഈറൻ
മിഴികളിലൂറും കണ്ണീരിന്നാരറിവാൻ
ചാറിയകലുന്ന കാർമേഘം പോൽ
കാലമവയെല്ലാം കാത്തു വെയ്പ്പൂ

ചിങ്ങവെയിലൊളിചിന്തയിൽ മേവുമ്പോൾ
സുന്ദര സ്വപ്നങ്ങൾ കാൺമൂ ഞാൻ
മങ്ങിയെന്നാരു പറകിലും
പൊൻപ്രഭയാണിവയ്ക്കെന്നുമെന്നും

വിണ്ണിലെ താരങ്ങൾ കൺചിമ്മിയകലുമ്പോൾ
മണ്ണിലെ മുക്കുറ്റി പൂവാകും ഞാൻ
ചിന്നിയ ചിന്തകൾക്കുള്ളിലെ നോവുകൾ
പൊൻമണിദീപമായ് കാത്തുവെയ്പൂ.
കഷ്ടമായ് പോയെന്ന് ആരു പറകിലും
ഇഷ്ടമോടെന്നും ഞാൻ ചേർത്തണപ്പൂ.'

■ കവിത

# അമ്മ ഇന്നലേയും ഇന്നും


അബ്ദുറബ്ബ് പറളി
9400227780


കണ്ണീരിൽ കുതിർന്നൊരു ദിനരാത്രങ്ങളിൽ
അമ്മിഞ്ഞ തന്നവർ വളർത്തിയെന്നെ.
കണ്ണീര് തോരുവാൻ ക്ലേശമകറ്റുവാൻ
വയറ് നിറഞ്ഞൊരു നേരമില്ല.
നാലഞ്ച് മക്കളെ ഒന്നിച്ച് പോറ്റുവാൻ
വയറ് മുറുക്കിയിരുന്നു പിന്നെ
നീറ്റല് മാറ്റുവാൻ പാതിവയറിൻ മേൽ
വെള്ളം നിറച്ചത് മാറ്റിവെച്ചു.
എന്നിട്ടും മക്കൾതൻ ദുഃഖമകറ്റുവാൻ
ഒരു നൂറ് ഉമ്മയെൻ കവിളിൽ തന്നു.

ഇന്ന് കിടാങ്ങൾക്ക് പട്ടിണിയെന്നത്
കേട്ട് പതിഞ്ഞൊരു വാക്കുമാത്രം.
അമ്മിഞ്ഞ വറ്റിയ അമ്മതൻ കൈകളിൽ
ബേബീഫുഡിൻ കുഴമ്പ് തന്നെ.
എന്നിട്ടും തന്റെയീ ഭംഗി കുറയുവാൻ
കാരണം മക്കൾ തൻ എണ്ണമത്രെ.
ശേഷിച്ച കാലമിൽ ചൂണ്ടി പറഞ്ഞിടാൻ
ഒന്നോ രണ്ടോ അതും വിത്തുപോലെ.
എന്നിട്ടും അമ്മതൻലിപ്സ്റ്റിക്ക് മായാതിരിക്കുവാൻ
ഒരു നൂറ് നുള്ളതെൻ കവിളിൽ തന്നു.

■ ലേഖനം




മായ ബാലകൃഷ്ണൻ
9497157065


# കലയും സംസ്കാരവും ഒരുമിക്കുന്ന ഓണം

**ഓ**ണം ! ഒരുൾവിളിപോലെ, ഏതൊരു മലയാളിയേയും തന്റെ പിറന്ന നാട്ടിലേക്ക് മനസ്സുകൊണ്ടെങ്കിലും തിരികെ എത്തിക്കും. കാർഷികസമൃദ്ധിയിൽ നിറഞ്ഞാടിയൊരു നാട്. അവിടെ കൃഷി നമ്മുടെ സംസ്കാരമായിരുന്നു. മഴയിൽ കുളിച്ചുനിൽക്കുന്ന വയലും പച്ചക്കാടുകളും നാടിന്റെ മുഖമുദ്രകൾ ആയിരുന്നു.

അവിടെ ചിലമ്പിയെത്തുന്ന കാറ്റിൽ പുല്ലും ചേറും നിറഞ്ഞ, പാടവരമ്പിലൂടെ കുടയുംചൂടി പുന്നെല്ലിന്റെ ഇക്കിളിത്തലോടലുംകൊണ്ട്, തൂക്കുപാത്രത്തിൽ ചോറും ചായയുമെല്ലാമായി കടന്നുചെല്ലുമ്പോൾ, വരമ്പിലിരിക്കുന്ന കറ്റക്കൂട്ടവും അതിനു മേലത്തെ അരിവാളും അന്നത്തെ കൗമാരങ്ങളെ ഒന്ന് ചൊടിപ്പിച്ചിരുന്നില്ലേ ? IR 8 ന്റെയോ ജ്യോതിയുടെയോ രണ്ടോ മൂന്നോ ചുവടു കടചേർത്തു കൊയ്തെടുത്തു കാണിക്കുമ്പോൾ, മുട്ടോളം ചെളിയിൽ നിന്ന് സ്ത്രീകൾ ഞാറുപറിക്കുന്നത് കാണുമ്പോൾ, അവർക്കൊപ്പംചെന്ന് ഒരുപിടി പിഴുതെടുത്ത് കൊടുക്കുമ്പോൾ, നമ്മളങ്ങു വാനോളം വളർന്നില്ലേ എന്ന് അഭിമാനിച്ചിരുന്ന ഒരു തലമുറയും ഉണ്ടായിരുന്നല്ലോ.

*കൊയ്ത്തുകഴിഞ്ഞു പത്തായംനിറയും*
*തമ്പ്രാന്റെ മനസ്സും നിറയും.*
*അടിയാനും അടിയാത്തിക്കും വയറും നിറയും.*

അവർ ആടും പാടും! ആഘോഷിക്കും. അങ്ങനെ ഒരുമയുടെ താളമായ് ഓണം വരും. മുക്കുറ്റി ചിരിക്കും, തുമ്പയും ചിരിക്കും. ഞാനും നീയും ചിരിക്കും, നിറവിന്റെ തുള്ളിത്തുളുമ്പലായി എല്ലാവരും ചിരിക്കും. നന്ത്യാർവട്ടവും ഗന്ധരാജനും മുറ്റത്ത് അണിനിരക്കും. അതിനിടെ ചിങ്ങമഴ ചിരിച്ചും കരഞ്ഞും വരും.

ഓണത്തുമ്പികൾ വട്ടമിട്ടു പറക്കും. ചേമ്പിലയിൽ പൂക്കളിറുത്തു കുട്ടികൾ മത്സരിക്കും. മൂലം തുടങ്ങി ഉത്രാടവും തിരുവോണവും എത്തുമ്പോൾ മത്തനും ഇലച്ചെടികളും പൂക്കളത്തിൽ സ്ഥാനം പിടിക്കും.

റേഡിയോ മാംഗോ ഇല്ല, മഴവിൽ മനോരമ ഇല്ല, റെയ്ൻബോ ഇല്ല, ക്ലബ് എഫ് എമ്മും ഇല്ല, ചാനൽ മഴയില്ല. ആകാശവാണി മാത്രം ! എങ്ങും പൂവേ പൊലി പൂവേ... പൊലി പൂവേ...പൊലി പൂവേ വായ്ത്താരികൾ.

മണ്ണിന്റെ മക്കളായി പ്രകൃതിയുടെ താളത്തിനൊത്തു ചുവടുവച്ചു അന്നവർ പാടി. മാവേലി നാടു വാണീടും കാലം മാനുഷരെല്ലാരുമൊന്നുപോലെ...

നമുക്കും ഏറ്റുപാടാം, മണ്ണിനെ മറക്കാതെ, മലയാളത്തെ മറക്കാതെ...

●

# ഓണസ്മരണ

ജയൻ പുതുമന
8330086062

എന്റെ ബാല്യകാലത്ത് കോഴിക്കോട് നല്ലൂർ ദേശത്തിൽ ഓണാഗമനത്തെ ആദ്യം വിളംബരം ചെയ്തിരുന്ന ഒരു മുത്തശ്ശിയുണ്ടായിരുന്നു. വളരെ പണ്ട് അറുപത് വർഷങ്ങൾക്കുമുമ്പ് ആരോരുമില്ലാത്ത മുത്തശ്ശിയെ 'പാറുത്തള്ള' എന്നാണ് വിളിക്കാറ്.

ചിങ്ങമാസം ഒന്നാം തിയതി വണ്ണാത്തിപ്പക്ഷി പോലെ പാറുത്തള്ളയും എത്തും. എല്ലാ വലിയ ഇല്ലങ്ങളിലും, അതുപോലെ പ്രമാണിമാരെന്നു തോന്നുന്ന ഭവനങ്ങളിലും.

ചുളിവുവീണ മുഖത്തിന്റെ താഴെ ഒരു കറുത്ത മറുകും വലിയ തുള വീണ് ആടിക്കളിക്കുന്ന കാതുകളും, എപ്പോഴും മുറുക്കാൻ തിന്നു കൊണ്ടിരിക്കുന്ന പാറുത്തള്ള. ഒറ്റ മുണ്ടിന്റെ കോന്തലയിൽ നിറയെ വെറ്റിലയും, പുകയിലയും ചുണ്ണാമ്പും അടക്കയുമായിരിക്കും.

"ഓണോം കൊണ്ട് പാറുത്തള്ള വരണ്ണ്ട്." വീട്ടമ്മമാർ പറയും. വരയൽ വരമ്പിന്റെയും കുളത്തിന്റെയും തോടിന്റെയും ഓരം ചേർന്നുനിൽക്കുന്ന കൈതോലക്കൂട്ടത്തിൽ നിന്നു നല്ല കൈതോല മാത്രം പാറുത്തള്ള മുറിച്ചെടുക്കും. വെയിലത്തിട്ട് വാട്ടി എടുക്കും. അതുകൊണ്ട് ചെറുതും വലുതുമായ ധാരാളം പൂക്കുടകളുണ്ടാക്കും. ചിങ്ങമാസത്തിലെ അത്തം നാളിന്റെ തലേന്ന് ആ പൂക്കുട്ടകളുമായി പാറുത്തള്ളയുടെ വരവുണ്ട്. രണ്ട് തോളിലും കഴുത്തിലും കൈകളിലുമായി നൂറ് പൂക്കുട്ടകൾ. ഓരോ വീട്ടിലും പാറുത്തള്ള എത്തും. ചെറിയ കുട്ടികൾക്ക് ചെറുതും, വലിയ കുട്ടികൾക്ക് വലുതും കുട്ടകൾ കൊടുക്കും.

ഓട്ടമുക്കാല് ഓപ്പോൾമാരിൽ ആരെങ്കിലും ഒരാൾ കൊടുക്കും. കൂട്ടത്തിൽ വറുത്ത ഉപ്പേരി, പഴം നുറുക്ക്, രാവിലത്തെ പലഹാരം എന്തെങ്കിലും അവയെല്ലാം വാങ്ങി ചുമലിലുള്ള രണ്ടാം മുണ്ടിൽ കെട്ടിപ്പൊതിയും. യാത്ര പറഞ്ഞ് പോകും. ഞങ്ങൾ കുട്ടികൾ പൂ പറിക്കാനായി നല്ലൂരമ്പലപ്പറമ്പിലേക്ക് പോകും. അന്ന് അമ്പലപ്പറമ്പിൽ ധാരാളം കാശിത്തുമ്പയും മുക്കുറ്റിപ്പൂവും ഉണ്ടായിരുന്നു.

ഇന്ന് ഓണം തന്നെ ഇല്ലാതായി വരുന്നു. 'പാറുത്തള്ള' പോലുള്ളവർ വൃദ്ധസദനത്തിൽ തളച്ചിട്ടിരിക്കുന്നു. ഓണക്കാലവും, ഓണക്കാലത്തുമാത്രം വരുന്ന കിളികളും ഓണപ്പൂക്കളും എല്ലാം വാങ്ങാവുന്ന പരുവത്തിലായി. ഓണം ഒരു ഉത്സവമല്ലാതായി. പഴയ ആ സംസ്കാരം ഇന്ന് എത്രയോ ദൂരത്താണ്. എങ്കിലും ഞങ്ങളെപ്പോലുള്ളവരുടെ മനസ്സിൽ ഇന്നും നിറഞ്ഞുനിൽക്കുകയാണ് ആ പഴയ ഓണനിലാവ്.



# പൊതുവിജ്ഞാനം



നൗഷാദ് ഖാൻ
9846454199

1. ഒ. വി. വിജയന്റെ പൂർത്തീകരിക്കാത്ത നോവൽ ?
ഉ. പത്മാസനം

2. വൈറ്റമിൻ B-12 ൽ അടങ്ങിയിരിക്കുന്ന ലോഹം ?
ഉ. കോബാൾട്ട്

3. ആദ്യത്തെ ശിശു സൗഹൃദ പഞ്ചായത്ത് ?
ഉ. വെങ്ങാന്നൂർ (തിരുവനന്തപുരം)

4. മലയോര ഹൈവേയുടെ നീളം ?
ഉ. 960 കി.മീ.

5. ദേശീയ വാഴപ്പഴ ഗവേഷണ കേന്ദ്രം
ഉ. തിരുച്ചിരപ്പള്ളി

6. ഇന്ത്യൻ പ്രധാനമന്ത്രിയുടെ ഔദ്യോഗികവസതി ?
ഉ. തീൻമൂർത്തി ഭവൻ

7. മാലിന്യ ശേഖരണം വിഷയമായി അടുത്തകാലത്ത് പുറത്തിറക്കിയ മൊബൈൽ ആപ് ?
ഉ. സ്വഛ് നഗർ

8. ലോക ആന ദിനം ?
ഉ. ആഗസ്റ്റ് 10

9. ഡൽഹിയുടെ ആദ്യ വനിത മുഖ്യമന്ത്രി ആരായിരുന്നു ?
ഉ. സുഷമ സ്വരാജ്

10. ഏത് ഇന്ത്യൻ നടനെയാണ് 'എക്സലൻസ് ഇൻ സിനിമ' എന്ന പട്ടം നൽകി ആസ്ട്രേലിയ ആദരിച്ചത് ?
ഉ. ഷാരൂഖ് ഖാൻ

ഏവർക്കും
ഏക തത്ത്വയുടെ
ഓണാശംസകൾ



Printed, Published Edited & Owned by E.T. Muralidharan, Printed at S.K Offset Manali, Palakkad
Published From A-9 New Civil Nagar, Behind Civil Station, Palakkad. Pin: 678 001

# തെക്കീട്ടിൽ കഥകൾ

സുരേഷ് തെക്കീട്ടിൽ
9446330957



## സത്യാവസ്ഥകൾ

**മ**ടിച്ചാണ് ഞാൻ ചോദിച്ചത് “നീ തെറ്റിദ്ധരിക്കരുത് അവിടെ നിന്നൊക്കെ നിനക്ക് പുരസ്കാരം എന്ന് പറയുമ്പൊ...”

“പറയുമ്പൊ ?”

“അല്ല ഒന്നുമുണ്ടായിട്ടല്ല നിനക്ക് അർഹതയില്ല എന്നൊന്നുമല്ല പറയുന്നത്. അല്പം ദൂരസ്ഥലത്ത് നിന്നല്ലേ. നീയാണെങ്കിൽ അത്രയ്ക്ക് പേരുള്ള ആളുമല്ല. എന്തായാലും അവിടെ നിനക്ക് പരിചയമോ ജൂറിയിൽ നിന്നെ അറിയുന്നവരോ ഒന്നുമുണ്ടാകില്ലല്ലോ.”

ചിരിച്ചാണ് അവൻ മറുപടി തന്നത്. “കൊള്ളാം അത് ചിലരുടെയെല്ലാം മനോഭാവങ്ങൾ നിനക്ക് ഒട്ടും അറിയാഞ്ഞിട്ടാ. അവിടെ എനിക്ക് പരിചയമോ ജഡ്ജിങ് കമ്മറ്റിയിലും സംഘാടകരിലും എന്നെ അറിയുന്നവരോ ഇല്ലാത്തത് കൊണ്ടും പിന്നെ അവിടെ നിന്ന് അതായത് അല്പം ദൂരെ നിന്നായത് കൊണ്ടും തന്നെയാ കിട്ടിയത്.”

## ഇരട്ടിപ്പ്

അവനുമായി ചെറിയ അലോഹ്യം ഉണ്ടായിരുന്നു ട്ടൊ. അത് നേരാ. അത് തീർക്കാനാവണം അവൻ സന്ദേശമയച്ചത്.

ഞാൻ നിന്റെ വീട്ടിലേക്ക് വന്നോട്ടെ എന്ന്. വന്നാൽ നീയെങ്ങനെ സ്വീകരിക്കും എന്ന്.

സത്യം. സത്യസന്ധമായാണ് ഞാൻ മറുപടി സന്ദേശം നൽകിയത്.

നീ വന്നാൽ തൊഴുത് സ്വീകരിക്കും. എഴുതി വന്നപ്പോൾ അറിയാതെ ആ ഒടുക്കത്തെ ‘ത’ ഉണ്ടല്ലോ അതങ്ങ് ഇരട്ടിച്ചു പോയി. അതോടെ ആ പകയുമങ്ങ് ഇരട്ടിച്ചു...

## വിട്ടുവീഴ്ചകൾ

“**സൗ**ഹൃദം തന്നെയാണ് ജീവിതത്തിൽ പ്രധാനം.”

“പിന്നല്ലാതെ”

“എല്ലാ സൗഹൃദങ്ങളും ഒന്നും വിട്ടുപോകാതെ നിലനിർത്തി കൊണ്ടുപോകുക എന്നതുതന്നെയാണ് വലിയ കാര്യം.”

“സംശയമെന്ത്”

“അതിന് എന്ത് വിട്ടു വീഴ്ചയും ചെയ്യണം ഞാനങ്ങനെയാണ്.”

“പിന്നെ ഞാനോ... നിനക്കറിയില്ലേ പഞ്ചായത്ത് ജില്ലാ തലങ്ങളില് കവിതാ രചനയയ്ക്ക് ഒന്നാം സ്ഥാനം കിട്ടീതാ എനിക്ക്.”

“അതിപ്പൊ ഇവിടെ പറയുന്നതെന്തിനാ ?”

“കാര്യമുണ്ട്. അതോടുകൂടി സൗഹൃദത്തിലുള്ള ചിലര് എല്ലാവരും അല്ലട്ടൊ ചിലര് മിണ്ടുന്നത് പോട്ടെ ചിരിക്കുന്നത് വരെ നിർത്തി. അതുകൊണ്ട് ഞാൻ സംസ്ഥാനതലത്തിലേക്ക് മത്സരിക്കാൻ പോയില്ലല്ലോ. അത് എന്താന്ന് നീ ആലോചിച്ചിട്ടുണ്ടോ? എന്തിനാ വെറുതെ എനിക്ക് വലുത്...”

## പൂക്കാലം

“**അ**തൊക്കെ ഒരുകാലം. ആ കാലമൊന്നും ഇനി തിരിച്ചുവരില്ല. അക്ഷരങ്ങളുടേയും എഴുത്തിന്റെയുമൊക്കെ ഒരു പൂക്കാലം. പ്രതിഫലം പ്രതീക്ഷിച്ചൊന്നുമല്ല അന്ന് എഴുതുന്നത്. അന്ന് അതായിരുന്നു ത്രില്ല്. എത്രയാ എഴുതിയിരുന്നത്...”

“പിന്നെന്താ എനിക്കിപ്പോഴും നല്ല ഓർമ്മയുണ്ട്. വാഴയില ഇവിടെ കിട്ടും, കരിങ്കണ്ണാ നോക്ക്, ഇവിടെ മൂത്രം ഒഴിക്കരുത്, ഫോറങ്ങൾ, യൂറിയ, ഊണു തയ്യാർ, കഞ്ഞി, കപ്പ... എവിടേ നോക്കിയാലും നിന്റെ എഴുത്ത് തന്നെ...”

## പ്രശസ്തി

“മൂപ്പര് പ്രശസ്തനായി അല്ലേ?”

“അതൊന്നും എനിക്കറിയില്ല. നാട്ടില് അറിയണമെങ്കില് വീട്ടുപേര് പറയണം, കുടുംബത്തിലറിയണമെങ്കില് അച്ഛന്റെ പേരും.”

കവിത

# അഭയാർത്ഥി

സൂര്യ
9447977319

ഉടയോൻ കോപത്തിലാണ്;
ആരോരുമറിയാതെ
വെള്ളത്തിൽമുക്കി
താതനൊപ്പം ചേർത്ത്
ഞാൻ എന്നിലേയ്ക്കെടുത്ത
പിഞ്ചിന്റെ
ചിത്രം പുറത്ത് വിട്ടതാരാണ്???
തന്റെ ഇസം അഭയാർത്ഥി
പ്രവാഹത്തോളം വളർന്നെങ്കിലും,
കുഞ്ഞുപേരുകളിൽ മാനത്ത്
നക്ഷത്രങ്ങൾ എമ്പാടും
വിരിയുന്നുണ്ടെങ്കിലും,
ഐലിൻ കുർദ്ദിമാരുടെ ചിത്രങ്ങൾ
പുറത്ത് വിടുന്നതിൽ
ഉടയോൻ കോപത്തിലാണ്.

കവിത

# ഏക തത്വത്തിന്റ മുരളീരവം



അലക്സാണ്ടർ മുട്ടത്തുപാടം
9447868255

ഏകത്തെ തത്വമാക്കിയ
മുരളീരവം കേൾക്കുകിൽ
മാലോകർ നമ്മൾക്കാകെ
നന്മ വന്ന് നിറഞ്ഞിടും.

ഏകമായ് തീരും ദിവ്യ
സത്യത്തെ നാം പുൽകുകിൽ
വേറൊന്നും വേണ്ടിഹത്തിൽ
ജീവൻമുക്തി വരുവാൻ.

പലതെന്ന തോന്നൽ തന്നെ
മായയാണെന്നറിയണം
പലതിൽ കാണണം സത്യ
ചൈതന്യത്തെ ഏകമായ്.

സ്വരങ്ങൾ പലതെങ്കിലും
നാദബ്രഹ്മം അതൊന്നല്ലേ?

**Published on 15/08/2019, RNI No. KERMAL/2010/35818, REGISTERED, Eka Thathwa Monthly Vol 9, Issue 10, September 2019, Rs.15/-**
Postal Regn No. KL/PGT/032/2017-2019, Licence to Post without Pre-payment No. KL/PMG/NR/WPP/9-6/PKD/2017-2019



**For Typing Designing Printing and Publishing Contact**

9446443321,9387118131

**Eka Thathwa assure you the quality and honesty in printing and publishing**

